M. Reg. No. 2293

കാപ്പക്കൂ 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 || 1130 വൃശ്ചികം 22—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 954 ഡിസംബർ 8 || ലക്കം 16

## അമലോത്ഭവസത്യപ്രഖ്യാപനശതാബ്ദജൂബിലിസ്പെഷൽ



അമലോത്ഭവയായ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

# അമലമനോഹരിയായ മറിയം

(ഫാദർ ജെ. ഹില്ലാരിയോൻ ടി ഒ. സി. ഡി.)

ആയിരത്തി എണ്ണൂററി അൻപത്തിനാലാമാണ്ടു് ഡിസംബർ എട്ടാംതിയതി ഭാഗ്യസ്മരണാർഹനായ ഒൻപതാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് "Ineffabilis Deus" എന്ന ഡിക്രി പ്രസിദ്ധപ്പെടുത്തുകയും പ്രമാദരഹിതമായ തന്റെ അപ്പസ്തോലികാധികാരം ഉപയോഗിച്ചുകൊണ്ടു് നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ "അമലോത്ഭവം" ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കുകയും ചെയ്തു. ആ മംഗളസംഭവത്തിന്റെ സ്മരണയെ ശാശ്വതീകരിക്കുന്നതിനും, വിശ്വറാണിയായ മറിയത്തിന്റെ മാദ്ധ്യസ്ഥംവഴിയായി കൂടുതൽ അനുഗ്രഹങ്ങൾ ലോകത്തിനു ലഭിക്കുന്നതിനും വേണ്ടിയാണല്ലോ ഭാഗ്യമോടെ വാണരുളുന്ന പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് "Fulgens Corona" എന്ന വിശ്വലേഖനം പ്രസിദ്ധപ്പെടുത്തിയതും മരിയൻജൂബിലിവത്സരം പ്രഖ്യാപിച്ചതും. "അമലോത്ഭവ"സത്യ പ്രഖ്യാപനത്തിനുശേഷം നൂറു് സംവത്സരം പൂർത്തിയാകുന്ന ഈ സുദിനത്തിൽ, മരിയൻജൂബിലിവത്സരം സമാപിക്കുന്ന ഈ സുവർണ്ണവേളയിൽ മറിയത്തിന്റെ ആ മഹനീയവരത്തെക്കുറിച്ചു് മരിയമക്കൾ പ്രത്യേകം പരിചിന്തിക്കേണ്ടതാണു്.



## അമലോത്ഭവത്തിന്റെ അർത്ഥം

നരകുലപരിത്രാതാവായ ഈശോമിശിഹായുടെ യോഗ്യതകളെ മുൻകൂട്ടി പരിഗണിച്ചുകൊണ്ടു് സർവ്വശക്തനായ ദൈവം നൽകിയ പ്രത്യേകവരത്താലും ആനുകൂല്യത്താലും, ഭാഗ്യപ്പെട്ട കന്യകാമറിയം അവളുടെ ഉത്ഭവത്തിന്റെ ആദ്യക്ഷണത്തിൽതന്നെ ജന്മപാപത്തിന്റെ യാതൊരു മാലിന്യവുമില്ലാത്തവളായി സംരക്ഷിക്കപ്പെട്ടു. ഇതാണു് മറിയത്തിന്റെ അമലോത്ഭവത്തിന്റെ അർത്ഥം. മനുഷ്യരാശിയുടെ ശിരസ്സായ ആദം ദൈവപ്രമാണലംഘനം വഴിയായി അധഃപതിക്കയും പ്രസാദവരം തനിക്കും തന്റെ അനന്തരഗാമികളായ മനുഷ്യർക്കും നഷ്ടപ്പെടുത്തുകയും ചെയ്തു. അതുകൊണ്ടു് ആദത്തിന്റെ സ്വഭാവം സ്വീകരിക്കുന്ന ഏതൊരു സൃഷ്ടിയും പാപത്തിലത്രേ ഉത്ഭവിക്കുന്നതു്. ഈ സാർവ്വത്രികനിയമത്തിൽനിന്നും ദൈവം തന്റെ മാതാവാകുവാനിരുന്ന മറിയത്തെ ഒഴിവാക്കി. ഏതൊരു ഉത്സർഗ്ഗത്തിനും ഒരപവാദമുണ്ടാകാമല്ലോ. എന്നാൽ നമ്മുടെ നാഥയുടെ അമലോത്ഭവവരംമൂലം മിശിഹായുടെ പരിത്രാണപരിധിയിൽനിന്നും അവിടുന്നു ഒഴിവാക്കപ്പെടുന്നില്ല. കാരണം ഉത്ഭവപാപരഹിതയെങ്കിലും മറിയത്തിനു് ഉത്ഭവപാപബാദ്ധ്യത (debitum peccati originalis) ഉണ്ടായിരുന്നു. മാത്രമല്ല അമലോത്ഭവസത്യപ്രഖ്യാപനത്തിനു് വിഷയമായിരിക്കുന്നതു് മറിയത്തിന്റെ മാതാപിതാക്കന്മാരുടെ ഗർഭോല്പാദനകൃത്യമല്ല (active conception) പ്രത്യുത, പ്രസ്തുതകൃത്യത്തിന്റെ ഫലമായി ദൈവം ശരീരത്തിലേക്കു് ആത്മാവിനെ പ്രവേശിപ്പിച്ചതോടുകൂടി മറിയത്തിന്റെ ഭ്രൂണം ഒരു മനുഷ്യസൃഷ്ടിയായിത്തീർന്ന ഉത്ഭവം (passive conception) ആണു്.

## ഒരാവിഷ്കൃതസത്യം

മറിയത്തിന്റെ അമലമായ ഉത്ഭവം ഒരാവിഷ്കൃതസത്യമാണു്. ആവിഷ്കൃതസത്യങ്ങൾ വിശുദ്ധഗ്രന്ഥത്തിലും പാരമ്പര്യത്തിലുമാണല്ലോ നിക്ഷിപ്തമായിരിക്കുന്നതു്. സൃഷ്ടിയുടെ ഗ്രന്ഥത്തിലെ മൂന്നാം അദ്ധ്യായം 15-ാം വാക്യവും, ലൂക്കായുടെ സുവിശേഷത്തിലെ ഒന്നാം അദ്ധ്യായം 28-ാംവാക്യവുമാണു് ഈ ആവിഷ്കൃതസത്യത്തെ തെളിയിക്കുന്ന പ്രധാന വിശുദ്ധഗ്രന്ഥവാക്യങ്ങൾ. നാഥനായ ദൈവം സർപ്പത്തോടു് പറഞ്ഞു: "നിന്റേയും സ്ത്രീയുടേയും, നിന്റെ സന്താനത്തിന്റേയും അവളുടെ സന്താനത്തിന്റെയും മദ്ധ്യേ ഞാൻ ശത്രുത്വം സ്ഥാപിക്കും, അവൾ നിന്റെ തല തകർക്കും..." ഹീബ്രു ഗ്രന്ഥത്തിൽ "അവൻ നിന്റെ തല തകർക്കും" എന്നാണു് കാണുന്നതു്. പക്ഷെ ഈ വ്യത്യാസം സാരമില്ലാത്തതാണു്. ഇതിൽനിന്നും സഭാപിതാക്കന്മാർ ഐകകണ്ഠ്യേന സമർത്ഥിക്കുന്നതു്, മറിയത്തിന്റേയും തന്റെ മകന്റേയും നിത്യപാപവിമുക്തിയും, പ്രത്യേകിച്ചു നമ്മുടെ നാഥയുടെ അമലോത്ഭവവുമാണു്. പുതിയ നിയമത്തിൽ നാം കാണുന്നു, ഗബ്രിയേൽ ദൈവദൂതൻ മറിയത്തോടു് ഇങ്ങനെ സംസാരിക്കുന്നതായിട്ടു്: "നന്മനിറഞ്ഞവളേ നിനക്കു് സ്വസ്തി! സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളേ ഞങ്ങളുടെ കർത്താവു് നിന്നോടുകൂടെ ഉണ്ടു്." മറിയത്തിനു് തന്റെ ഉത്ഭവത്തിന്റെ ആദ്യക്ഷണം മുതൽ വരപ്രസാദം ഇല്ലായിരുന്നെങ്കിൽ "വരപ്രസാദസമ്പൂർണ്ണേ" എന്നു് അവളെ മാലാഖാവു് അഭിസംബോധനം ചെയ്യുവാൻ സാധിക്കയില്ലായിരുന്നു. മാർട്ടിൻ ലൂഥർ പോലും ഇതു് സമ്മതിക്കുന്നുണ്ടു്.

## പാരമ്പര്യം എന്തുപറയുന്നു?

ഒൻപതാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് അദ്ധ്യവസാനം ചെയ്ത അമലോത്ഭവസത്യം തിരുസഭയുടെ ആരംഭകാലം മുതല്ക്കുതന്നെ വിശ്വസിക്കപ്പെട്ടുപോന്നിരുന്നതാണു്. ഗ്രീക്കു് ലത്തീൻസഭകളിലെ പിതാക്കന്മാർ മറിയത്തെ "അഖിലപരിശുദ്ധ" "ദൈവശാപത്തിൽനിന്നും പരിരക്ഷിക്കപ്പെട്ട ഒരു കന്യപറുദീസാ" "പാപത്തിന്റെ ഏററം നിസ്സാരമാലിന്യംപോലുമില്ലാത്ത കന്യക" "പ്രസാദവരത്തിന്റെ അത്ഭുതവും, മാലാഖാമാരെക്കാൾ ശുദ്ധയും പരിശുദ്ധയും" എന്നിങ്ങനെയാണു് അഭിസംബോധനം ചെയ്യുന്നതു്. വേദസാക്ഷിയായ വി. ജസ്റ്റിൻ, വി ഇരനേവൂസ്, തെർത്തുല്യൻ, വി. അപ്രേം, അൻസിറായിലെ തെയൊഡോട്ടസ്, വി ജോൺ ഡമഷേൻ മുതലായ പിതാക്കന്മാരുടെ വാക്യങ്ങളെല്ലാം വിസ്തരഭയത്താൽ ഉദ്ധരിക്കുന്നില്ല. അതുപോലെതന്നെ വി അഗസ്റ്റിന്റേയും, വി. സിറിലിന്റേയും അർത്ഥസമ്പുഷ്ടമായ വാക്യങ്ങളും മറിയത്തിന്റെ അമലോത്ഭവത്തെക്കുറിച്ചുള്ള വിശ്വാസത്തെ പ്രസ്പഷ്ടം പ്രഖ്യാപനം ചെയ്യുന്നവയാണെന്നു് ചുരുക്കി പറയുവാനേ നിവൃത്തിയുള്ളു. വി. യാക്കോബു രചിച്ചതെന്നു് പറയപ്പെടുന്ന പ്രാർത്ഥനാക്രമത്തിൽ "നമ്മുടെ ഏററം വിശുദ്ധയും, നിർമ്മലയും, ദൈവത്തിന്റെ മാതാവും, സദാകന്യകയുമായിരിക്കുന്ന മറിയ"മെന്നും, മാറോനീത്താക്കാരുടെ കർമ്മക്രമത്തിന്റെ പുസ്തകത്തിൽ "നമ്മുടെ വിശുദ്ധയും പ്രശംസാർഹയും നിർമ്മലയുമായ നാഥ"യെന്നും വി. ബസിലിയോസിന്റെ അലക്സാണ്ഡ്റിയൻ ആരാധനക്രമത്തിൽ "ഏററം വിശുദ്ധയായി ഏററം മഹത്വമുള്ളവളായി നിർമ്മലയായിരിക്കുന്നവളെ"ന്നും കന്യകാമറിയം വിളിക്കപ്പെടുന്നതിൽനിന്നു് ഈ ആവിഷ്കൃതസത്യത്തിലുള്ള വിശ്വാസം എത്ര പുരാതനവും സാർവ്വത്രികവുമാണെന്നു നമുക്കു ഗ്രഹിക്കാവുന്നതാണു്.

## യാക്കോബായക്കാർ, മഹമ്മദീയർ, പ്രോട്ടസ്റ്റൻറുകാർ

അകത്തോലിക്കരും അക്രൈസ്തവർതന്നെയും നമ്മുടെ അമ്മയുടെ ഈ മഹോന്നതവരത്തെ വാഴ്ത്തിപുകഴ്ത്തുന്നുണ്ടു്. യാക്കോബായ സഹോദരങ്ങളുടെ കാനോൻ പ്രാർത്ഥന ഗ്രന്ഥത്തിൽ "ഉന്നതനായ ദൈവത്തിന്റെ രഥം" എന്നും, "കളങ്കമില്ലാത്ത മുത്തു" എന്നും, "ദ്വിതീയ സ്വർഗ്ഗം" എന്നും നമ്മുടെ നാഥയെക്കുറിച്ചു പ്രസ്താവിച്ചുകാണുന്നുണ്ടു്. മഹമ്മദീയരുടെ വേദഗ്രന്ഥമായ കൊറാനിൽ മറിയത്തെക്കുറിച്ചു് പ്രസ്താവിച്ചിരിക്കുന്ന പലതിനോടും നമുക്കു യോജിക്കാവുന്നതാണു്. അതിൽ ഒരിടത്തു് "ദൈവദൂതന്മാർ അവളോടു പറഞ്ഞു: "എല്ലാം മാലിന്യത്തിൽനിന്നും ദൈവം നിന്നെ ഒഴിവാക്കിയിരിക്കുന്നു" എന്നു കാണുന്നുണ്ടു്. കൊറാനിലെ വേറൊരുഭാഗത്തു് സാത്താന്റെ കണികളിൽനിന്നൊക്കെ ദൈവം അവളെ സംരക്ഷിച്ചുവെന്നും എഴുതപ്പെട്ടിരിക്കുന്നു. ഇതുപോലെതന്നെ മരിയഭക്തരല്ലെന്നു സാധാരണ കരുതപ്പെടുന്ന പ്രോട്ടസ്റ്റൻറുകാർപോലും വിമലാംബികയുടെ അനിതരമനുഷ്യസാധാരണമായ ഈ മാലിന്യരാഹിത്യത്തെ ഉൽഗാനം ചെയ്യുന്നുണ്ടു്. വേഡ്സ്‌വർത്തു് പറയുന്നു:

"Mother, whose virgin
bosom was uncrost
With the least shade of
thought to sin allied;
Woman, above all women
glorified,
Our tainted nature's
solitary boast."

ഗെഥെ, ഷെല്ലി, സഥി മുതലായ ആംഗ്ലേയകവികളുടെ പദ്യശകലങ്ങളിലും മറിയത്തിന്റെ വിമലോത്ഭവത്തിലുള്ള ബോദ്ധ്യം നിഴലിച്ചുകാണുന്നുണ്ടു്.

## പഠനവികസനം

രണ്ടു പ്രധാനഘട്ടങ്ങളിലായിട്ടാണു് അമലോത്ഭവസത്യത്തിന്റെ വികസനം നാം ദർശിക്കുന്നതു്. ശാന്തവും വാദപ്രതിവാദരഹിതവുമായ ആദ്യഘട്ടം 1140-വരെ നീണ്ടുനില്ക്കുന്നു. 1140-ൽ പ്രസ്തുത സത്യത്തെക്കുറിച്ചുള്ള വാദപ്രതിവാദം ആരംഭിച്ചു. അതുമുതൽ ഈ സത്യം സമ്യക്കായ പഠനത്തിനു വിഷയമാകയും വികസിക്കുകയും ചെയ്തു. വേദശാസ്ത്രപടുവായ വി. തോമസ് അക്വിനാസ് അമലോത്ഭവത്തിനു് എതിരായി വാദിച്ചു. എന്നാൽ സൂക്ഷ്മബുദ്ധിയായ ഡൺസ്കോട്ടസ് ശക്തിയുക്തം ഈ അമലോത്ഭവസത്യത്തെ ആദരിച്ചു. ഒടുവിൽ 1854 ഡിസംബർ 8-ാംനു ഇതു് ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെടുകയാണുണ്ടായതു്.

## ഉപസംഹാരം

അമലോത്ഭവവരം ദൈവമാതാവായ മറിയത്തിനു് ഏററം അനുയോജ്യമാണെന്നു് അനായാസം നമുക്കു് മനസ്സിലാക്കാം. ആർക്കുവേണ്ടി മറിയം പാപമാലിന്യത്തിൽനിന്നു് സംരക്ഷിക്കപ്പെട്ടുവോ ആ ദിവ്യവചനത്തിന്റെ അനന്തമായ മഹത്വത്തിനും ബഹുമാനത്തിനും മറിയത്തിന്റെ മഹോന്നതമായ ദൈവമാതൃത്വത്തിനും ഏററം യോജിച്ചതാണു് ഈ ദിവ്യദാനം. തന്മൂലം "Potuit, Decuit, Ergo fecit" "(ദൈവത്തിനു്) ഇതു് സാദ്ധ്യമായിരുന്നു, ഉചിതമായിരുന്നു, അതുകൊണ്ടു് (അവിടുന്നു്) അതു പ്രവർത്തിച്ചു" എന്നുള്ള ഡൺസ്കോട്ടസിന്റെ ന്യായവാദം ഏററം സാർത്ഥകമാണെന്നു് പറയണമെന്നില്ലല്ലോ. ഈ വരം മറിയത്തിനു മാത്രമേ ലഭിച്ചിട്ടുള്ളു, അതും അതിന്റെ പൂർണ്ണതയിൽതന്നെ ലഭിച്ചിട്ടുമുണ്ടു്. "ഞാൻ അമലോത്ഭവമാകുന്നു" എന്നു് ലൂർദ്ദിൽവച്ചു് പറഞ്ഞപ്പോൾ ഉപയോഗിച്ച "ഉത്ഭവം" (ഉത്ഭവയല്ല) എന്ന വാക്കുകൊണ്ടു് നമ്മുടെ നാഥ ഈ വസ്തുത പ്രസ്പഷ്ടമാക്കുകയാണുണ്ടായതു്. ഈ വിമലമനോഹരിയുടെ മഹാവരത്തിൽ അഭിമാനിച്ചതുകൊണ്ടുമാത്രം നാം തൃപ്തരാകാതെ, ഈ മഹാറാണിയെ അനുകരിച്ചു പാപരഹിതരായി ജീവിക്കുന്നതിനു്, പ്രത്യേകിച്ചു് ആധുനികലോകത്തിലെ ഏററം വലിയ തിന്മയായ അശുദ്ധപാപാവസരങ്ങളെ പരിവർജ്ജിച്ചു് ജീവിക്കുന്നതിനു് നമുക്കു പ്രതിജ്ഞ ചെയ്യാം.

---

ആദ്ധ്യാത്മികവിഥി 36

# മറുപടിക്കത്ത്

ദൈവത്തിന്റെ വത്സലമക്കളേ,

ഭണ്ഡവിമോചനത്തെക്കുറിച്ചുള്ള ബാക്കി ഭാഗം ഉദ്ധരിക്കുന്നതിനുമുൻപു ഒരു സംഗതി അറിയിച്ചുകൊള്ളട്ടെ. മറുപടി നിവൃത്തിയുള്ളിടത്തോളം പത്രദ്വാരതരാമെന്നും അതിനാൽ നേരിട്ടു മറുപടി വേണമെന്നാഗ്രഹിക്കുന്നവർ മാത്രം സ്വന്തം മേൽവിലാസം ധരിപ്പിച്ചാൽ മതിയെന്നും നിങ്ങളെ മുൻപു അറിയിച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ചു പലരും ആളറിയിക്കാതെയാണു് എഴുതുന്നതു്. എന്നാൽ അതിൽനിന്നു ഒരു വൈഷമ്യം ഉണ്ടാകുന്നുണ്ടു്.

മാനസികമായി വളരെ വ്യഥയനുഭവിക്കുന്ന ചിലയാളുകൾ ഒരാശ്വാസത്തിനായി ഉടൻ മറുപടി സത്യദീപത്തിൽ പ്രസിദ്ധം ചെയ്യണമെന്നപേക്ഷിച്ചുകൊണ്ടു പേരുവയ്ക്കാതെ എഴുതാറുണ്ടു്. അവർക്കുള്ള വൈഷമ്യം അപൂർവ്വം ചിലർക്കുമാത്രം ഉണ്ടാകുന്നതായിരിക്കും. അതേക്കുറിച്ചു പരസ്യമായി എന്തെങ്കിലും എഴുതിയാൽ വായനക്കാരിൽ അധികം പേർക്കും ഉപകാരമുണ്ടാകയില്ലെന്നു മാത്രമല്ല ചിലർക്കു് അതുപദ്രവമാകുവാൻ പോലും ഇടയുണ്ടു്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ നേരിട്ടു ആ വ്യക്തിക്കു മാത്രമേ എഴുതുവാൻ നിവൃത്തിയുള്ളു. പ്രസ്തുത സാഹചര്യങ്ങൾ ഏതെല്ലാമാണെന്നു ക്ലിപ്തമായി മുൻകൂട്ടിപ്പറയാൻ നിവൃത്തിയില്ല.

അതിനാൽ ഇനി എഴുതയക്കുന്നവരെല്ലാം സ്വന്തമേൽവിലാസം കൂടി വ്യക്തമായി എഴുതിയിട്ടുള്ള ഓരോ പോസ്റ്റ് കവറുകൂടി അയക്കുന്നതു നന്നായിരിക്കും. രഹസ്യമറുപടി ആവശ്യപ്പെടുന്ന പക്ഷം അതയച്ചുതരുകയോ കുറഞ്ഞപക്ഷം നിങ്ങളുടെ എഴുത്തു കിട്ടിയെന്നുള്ള വിവരം അറിയിക്കുകയോ ചെയ്യുന്നതിനു് അതുപകരിക്കും. നിങ്ങളുടെ പേരു യാതൊരുതരത്തിലും പുറത്തുപോകാതെ പരമരഹസ്യമായി സൂക്ഷിച്ചുകൊള്ളാം.

കഴിഞ്ഞയാഴ്ച, വേഗം മറുപടി പ്രസിദ്ധീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു ഒരെഴുത്തുകിട്ടി. പരസ്യമറുപടി കൊടുക്കുന്നതു് വിഹിതമാണോ എന്നു വളരെ സംശയമുണ്ടായിരുന്നെങ്കിലും മേൽവിലാസത്തിന്റെ അഭാവത്താൽ മറു നിവൃത്തിയില്ലായിരുന്നതിനാൽ പത്രാധിപരുടെ യുക്തംപോലെ ചെയ്തുകൊള്ളട്ടെ എന്നുദ്ദേശിച്ചുകൊണ്ടു നല്ലവണ്ണം വായിച്ചു നോക്കിയിട്ടേ പരസ്യം ചെയ്യാവൂ എന്നുള്ള അപേക്ഷയോടുകൂടി മറുപടി എഴുതി അദ്ദേഹത്തിനയച്ചുകൊടുത്തു. അദ്ദേഹം അതു പരസ്യം ചെയ്യാതെ എന്റെപേക്കു് തിരികെ അയച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണമാണു് ഞാനീ കത്തെഴുതുന്നതുതന്നെ.

മേൽവിലാസം ലഭിക്കുമ്പോൾ അയച്ചുകൊടുക്കുന്നതിനായി ആ മറുപടി ഞാൻ സൂക്ഷിച്ചു വച്ചിട്ടുണ്ടു്.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.



# റോമിലെ മരിയൻജൂബിലി സംബന്ധിച്ച പ്രധാനാഘോഷങ്ങൾ

(റോമാലേഖകൻ)

## അഖിലലോകമരിയലോജിക്കൽ കോൺഗ്രസ്സ്

മരിയജൂബിലി സംബന്ധിച്ച് റോമിൽ നടന്ന ഒരു പ്രധാനപരിപാടിയാണ് ഒക്ടോബർ 24-ാം തീയതി സമാരംഭിച്ച 31-ാം തീയതിവരെ നടത്തപ്പെട്ട മരിയലോജിക്കൽ കോൺഗ്രസ്സ്. മരിയവത്സരം പ്രമാണിച്ച് ലോകത്തിന്റെ നാനാഭാഗങ്ങളിലും വമ്പിച്ചതോതിൽ നടത്തപ്പെടുന്ന മരിയൻ കോൺഗ്രസ്സുകളിൽനിന്നും മരിയൻ കൊൺവെൻഷനുകളിൽനിന്നും വിഭിന്നമായ ഒരു സമ്മേളനമാണ് മരിയലോജിക്കൽ കോൺഗ്രസ്സ് എന്നു ആദ്യമായി മനസ്സിലാക്കണം. മാതാവിന്റെ ഉന്നതസ്ഥാനത്തെക്കുറിച്ചും, ദൈവജനനിക്കു ദൈവത്തോടും മനുഷ്യവർഗ്ഗത്തോടുമുള്ള പ്രത്യേക ബന്ധത്തെക്കുറിച്ചും കത്തോലിക്കാലോകത്തിൽ ഒന്നാംകിടയിലുള്ള ശാസ്ത്രജ്ഞന്മാർ ഒന്നുചേർന്നു അഗാധമായ തത്വപഠനം നിർവ്വഹിക്കുകയായിരുന്നു മരിയലോജിക്കൽ കോൺഗ്രസ്സിന്റെ പ്രവർത്തനം. ഇത്രയേറെ പ്രസിദ്ധ പണ്ഡിതന്മാർ ഒരുമിച്ചുകൂടി ഇത്ര ഗൗരവമായ ഒരു ചർച്ച നടക്കുന്നതു ആധുനികശതാബ്ദത്തിന്റെ ചരിത്രത്തിൽ ഇതാദ്യമായിട്ടാണ്. അഖിലലോകപ്രശസ്തരായ ദൈവശാസ്ത്രജ്ഞന്മാരായിരുന്നു ഓരോ സമ്മേളനപരിപാടികളും നിയന്ത്രിച്ചുകൊണ്ടിരുന്നതു. ലോകത്തിലുള്ള എല്ലാ കത്തോലിക്കാ യൂണിവേഴ്സിററികളിൽനിന്നും പ്രതിനിധികൾ കോൺഗ്രസ്സിൽ സജീവമായ പങ്കുവഹിച്ചു. പ്രൊപ്പഗാന്താ യൂണിവേഴ്സിററിയിലെ ദൈവശാസ്ത്രവിഭാഗത്തിന്റെ ഡീനായ മോൺ. പരന്റെ, അഞ്ചേലിക്കായിലെ ഡീനായ ഗരിഗുലഗ്രാഞ്ചു, ലുവേയ്നിലെ പ്രൊഫസറായ മോൺ. ഷെർവോ മുതലായ സുസമ്മത ശാസ്ത്രകോവിദന്മാരാണ് ചർച്ചകളെ നയിച്ചുകൊണ്ടിരുന്നതു.

കൂടാതെ, തത്വശാസ്ത്രത്തിൽ ലോകപ്രസിദ്ധ വിദഗ്ദ്ധന്മാരായ പ്രൊഫസർ കൊർണേലിയോ ഫാബ്രോ, ബോയെ മുതലായവരും, ഇററലിയിലും മററു രാജ്യങ്ങളിലുമുള്ള കട്ടേറാ അഭിഭാഷകരും മന്ത്രിമാരും മററും പഠനക്ലാസ്സുകളിൽ സന്നിഹിതരായി പ്രസംഗിക്കുകയും ആദ്ധ്യക്ഷം വഹിക്കുകയുംചെയ്തു. എല്ലാ യൂണിവേഴ്സിററി പ്രൊഫസറന്മാരും വിദ്യാർത്ഥികളും പ്രസ്തുത പണ്ഡിതസദസ്സുകളിൽ സന്നിഹിതരായി മരിയശാസ്ത്രതത്വങ്ങൾ ഗ്രഹിക്കുന്നതിനു അത്യുത്സാഹം പ്രകടിപ്പിച്ചു. യൂറോപ്പിൽ കത്തോലിക്കാ യൂണിവേഴ്സിററികളിൽ ദൈവശാസ്ത്രപഠനം നടത്തുന്നതു വൈദികവിദ്യാർത്ഥികൾ മാത്രമല്ല അൽമായരിൽ പലരും പ്രസ്തുത ക്ലാസ്സുകളിൽ പഠിച്ചു ഉന്നതബിരുദങ്ങൾ നേടുന്നുണ്ടു. തന്മൂലം അവിടെ വക്കീലന്മാരുടേയും കോളേജുപ്രൊഫസറന്മാരുടേയും പേരുകളോടുചേർന്നു ഡി. ഡി., ഡി സി. എൽ. മുതലായ വൈദികശാസ്ത്രബിരുദങ്ങളുടെ അക്ഷരങ്ങൾ കാണാം. ദൈവശാസ്ത്രത്തിലും, നിയമശാസ്ത്രത്തിലും, തത്വശാസ്ത്രത്തിലും അഭ്യസ്തവിദ്യരായ അൽമായക്കും വിദ്യാർത്ഥികൾക്കും ശാസ്ത്രപരമായ പ്രസ്തുത സമ്മേളനങ്ങളിൽ അതിവശ്യസ്ഥാനതിയുണ്ടാകാനുള്ള കാരണമിതാണ്. മരിയശാസ്ത്രത്തെപ്പററി കോൺഗ്രസ്സിൽ നടത്തപ്പെട്ട ചർച്ചകളുടെ വിവരങ്ങളും അവയുടെ നിഗമനങ്ങളും രണ്ടു വാല്യങ്ങളായി ഉടനെ പ്രസിദ്ധപ്പെടുത്തുന്നതാണെന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

## മറിയത്തിന്റെ ചൈത്രയാത്ര

### മരിയമജോരെയിൽനിന്നു സെൻറ് പീറേറഴ്സിലേക്കു

“Salus Populi Romani” —റോമൻ ജനതയുടെ രക്ഷ— എന്നറിയപ്പെടുന്ന പരിശുദ്ധ കന്യകമറിയത്തിന്റെ അതിപുരാതനമായ ഒരത്ഭുതസ്വരൂപം മരിയമജോരെ ബസ്ലിക്കായിൽ സൂക്ഷിക്കപ്പെടുന്നുണ്ടു. ഏകദേശം രണ്ടടിവീതിയും മൂന്നടി നീളവുമുള്ള ഒരു മരപ്പലകമേൽ ചായത്തിൽ വരച്ചിട്ടുള്ളതാണ് തിരുസ്വരൂപം. സുവിശേഷകനായ വിശുദ്ധ ലൂക്കാതന്നെയാണു ഈ ചിത്രം വരച്ചിട്ടുള്ളതെന്നു പ്രബലമായ പാരമ്പര്യം ഘോഷിക്കുന്നു. അതിപുരാതനകാലംമുതൽ ഈ തിരുസ്വരൂപം റോമൻജനത മുഴുവനും വളരെ ഭക്തിപൂർവ്വം വണങ്ങിപ്പോരുന്ന ഒന്നാണ്. നിരവധി വിപത്തുകളിൽനിന്നും നഗരവാസികൾ അത്ഭുതകരമായി ഈ തിരുസ്വരൂപംവഴി രക്ഷിക്കപ്പെട്ടതായ ചരിത്രങ്ങളുണ്ടു.

ഒരു വിഖ്യാത ചരിത്രകാരനായ കർദ്ദിനാൾ ബെസ്സാരെ ബറോണിയോ എ. ഡി. 590-ൽ നടന്ന ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ടു. റോമാനഗരത്തിൽ അന്നു ഭീകരമായ ഒരു വസന്ത സംക്രമിച്ചിരുന്ന കാലമാണ്. രണ്ടാം പെലാജിയൂസ് മാർപ്പാപ്പാ ഈ സാംക്രമികരോഗത്തിനടിപ്പെട്ടു മൃതിയടഞ്ഞു. മഹാനായ ഗ്രിഗോറിയോസ് മാർപ്പാപ്പായാണ് തിരുമേനിയുടെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടതു്. ഭീകരമായ രോഗസംക്രമണത്താൽ ഭയവിഹ്വലരും നിരാശാഭരിതരുമായ റോമൻ ജനതയെ വിശുദ്ധനായ മാർപ്പാപ്പാ അനുതാപത്തിലേക്കും പ്രായശ്ചിത്തമനോഭാവത്തിലേക്കും പൈതൃകമായി ആഹ്വാനം ചെയ്യുകയും, മരിയമജോരെ ദേവാലയത്തിൽനിന്നും സെൻറ് പീറേറഴ്സിലേക്കു പരിശുദ്ധ കന്യകമറിയത്തിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള ഒരു പരിഹാരപ്രദക്ഷിണം നടത്തുന്നതിനു നിശ്ചയിക്കുകയുംചെയ്തു. പരിശുദ്ധ മാർപ്പാപ്പാതന്നെയാണ് തിരുസ്വരൂപം വഹിച്ചിരുന്നതു്.

എണ്ണമില്ലാത്തവണ്ണം തടിച്ചുകൂടിയിരുന്ന ആ ജനാവലിയുടെ മനമുരുകിയ പ്രാർത്ഥനാമദ്ധ്യേ പ്രദക്ഷിണം മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നു.

മേരീമേജർ ദേവാലയത്തിനും സെൻറ് പീറേറഴ്സ് ദേവാലയത്തിനും ഇടക്കു് ടൈബർ നദിക്കപ്പുറത്തായി പണികഴിപ്പിച്ചിട്ടുള്ള ഒരു ബ്രഹ്മാണ്ഡസ്മാരകസൗധമാണ് ആഡ്രിയാന്റെ ശവകുടീരം. പരിഹാരപ്രദക്ഷിണം ആഡ്രിയാൻ സൗധത്തിനു നേരെ വന്നപ്പോൾ ജനങ്ങളെല്ലാം അത്യത്ഭുതകരമായ ഒരു കാഴ്ച കണ്ടു. സൗധത്തിന്റെ ഉച്ചിയിൽ ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെട്ടു. ആ ദൂതൻ കൈയിലിരുന്ന വാൾ ഉറയിൽ ഇടുന്നതായിട്ടാണ് അവർ ദർശിച്ചതു്. ദൈവകോപം ശമിച്ചിരിക്കുന്നുവെന്നും മാതാവിന്റെ മാദ്ധ്യസ്ഥതാൽ ദൈവശിക്ഷ അവസാനിച്ചിരിക്കുന്നുവെന്നും ഉള്ളതിന്റെ അടയാളമായി ഈ ദർശനത്തെ അവർ കരുതുകയും അവരുടെ രക്ഷാസങ്കേതമായ മറിയത്തിനു നന്ദിപ്രദർശിപ്പിക്കുകയുംചെയ്തു. അത്ഭുതകരമായി സാംക്രമികരോഗം ശമിച്ചു. ഈ സംഭവത്തിന്റെ സ്മാരകമായി ദൈവദൂതൻ പ്രത്യക്ഷപ്പെട്ട സ്ഥാനത്തു പിച്ചളകൊണ്ടു് ഒരാൾവലുപ്പത്തിൽ മാലാഖായുടെ ഒരു പ്രതിമയുണ്ടാക്കി സ്ഥാപിക്കുകയും ആ സൗധത്തിന്റെ പേരുമാററി “മാലാഖായുടെ കോട്ട” എന്നു നാമകരണം ചെയ്യുകയുംചെയ്തു. അതിനടുത്തുള്ള തെരുവീഥിയുടെ പേരു് “മാലാഖായുടെ തെരുവു്” എന്നാണ്.

മദ്ധ്യശതകങ്ങളിൽ ആണ്ടുതോറും പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനു തലേദിവസം മാതാവിന്റെ ഈ തിരുസ്വരൂപം എഴുന്നള്ളിച്ചു പ്രസിദ്ധമായ ഒരു പ്രദക്ഷിണം നടത്തിവന്നിരുന്നു. ലാററൻ ബസ്ലിക്കായിൽ സൂക്ഷിക്കപ്പെടുന്ന നമ്മുടെ കർത്താവിന്റെ വിഖ്യാതമായ ഒരു തിരുസ്വരൂപം വഹിച്ചുകൊണ്ടു് ആഡംബരപൂർവ്വമായ ഒരു പ്രദക്ഷിണം പുറപ്പെടും. അതേസമയത്തുതന്നെ മരിയമജോരെ ദേവാലയത്തിൽനിന്നും പരിശുദ്ധ മറിയത്തിന്റെ അത്ഭുതസ്വരൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണവും എതിരെ പുറപ്പെടുകയായി. മാർഗ്ഗമദ്ധ്യേ രണ്ടു പ്രദക്ഷിണങ്ങളും ഒന്നിച്ചുചേർന്നു മടങ്ങിപ്പോരും. സ്വർഗ്ഗത്തിൽ മറിയത്തെ ത്രിലോകരാണിയായി മുടിചൂടിച്ച മഹാസംഭവത്തെ അനുസ്മരിപ്പിക്കുന്നതിനുവേണ്ടി സമാരംഭിച്ച നടത്തിപ്പോന്ന ഭക്താചരണമായിരുന്നു പ്രസ്തുത പ്രദക്ഷിണം.



“മാലാഖായുടെ കോട്ട”യും മാലാഖാ പ്രത്യക്ഷപ്പെട്ട സ്ഥലത്തു സ്ഥാപിച്ചിരിക്കുന്ന പ്രതിമയും

മരിയലോജിക്കൽ കോൺഗ്രസ്സിന്റെ സമാപനദിവസവും പരിശുദ്ധ കന്യകമറിയത്തിന്റെ കിരീടധാരണച്ചടങ്ങുകളുടെ തലേദിവസവുമായ ഒക്ടോബർ 31-ാം തീയതിയാണ് ഈ ജൂബിലിവർഷം പ്രമാണിച്ചു് തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം നടത്തപ്പെട്ടതു്.

ലോകത്തിന്റെ നാനാഭാഗത്തുനിന്നു വന്നുകൂടിയിരുന്ന 480 മരിയൻ തീർത്ഥങ്ങളുടെ (Marian Sanctuary) പ്രതിനിധികളും 280 ഇററാലിയൻ മരിയസഖ്യങ്ങളുടെ പ്രതിനിധികളും ചേർന്നുള്ളതായിരുന്നു വമ്പിച്ച ഈ ഘോഷയാത്ര. കൂടാതെ ലക്ഷക്കണക്കിനു ജനങ്ങൾ അതിൽ പങ്കുകൊള്ളുകയുണ്ടായി. ലോകത്തിന്റെ നാനാഭാഗത്തുനിന്നുവന്ന പ്രതിനിധികൾ കൊണ്ടുവന്നിരുന്ന മാതാവിന്റെ പടം വരച്ചിട്ടുള്ള വലിയ കൊടികൾ കലാപരങ്ങളും മനോഹരങ്ങളുമായിരുന്നു. ഇരുമ്പുകർട്ടനകത്തു കഴിഞ്ഞുകൂടുന്ന രാജ്യക്കാർ തങ്ങളുടെ നാടൻമട്ടനുസരിച്ചുള്ള വേഷഭൂഷാദികൾ ധരിച്ചുകൊണ്ടാണ് ഘോഷയാത്രയിൽ പങ്കുകൊണ്ടതു്. ഈ രാജ്യക്കാരുടെ ഗ്രൂപ്പിൽ മുൻനിരയിൽ നിന്നിരുന്നതു് റഷ്യാക്കാരാണ്. യഥാർത്ഥമായ പൗരസ്ത്യരീതിയിലുള്ള വസ്ത്രങ്ങൾ ധരിച്ച റഷ്യൻ മെത്രാന്മാരും വൈദികരും അൽമായരുമടങ്ങിയ ആ സംഘം ജനക്കൂട്ടത്തിന്റെ ഹൃദയത്തിൽ വലിയ വികാരങ്ങൾക്കിടയാക്കിയെന്നതിൽ ആശ്ചര്യമില്ല. റഷ്യൻ ഗ്രൂപ്പിന്റെ മുമ്പിൽ വലിയ ഒരു മരക്കുരിശാണ് ഒരാൾ വഹിച്ചിരുന്നതു്. ഉദ്ദേശം രണ്ടുമൈൽ ദൂരമുണ്ടു് മേരീമേജറിൽനിന്നു വി. പത്രോസിന്റെ ദേവാലയത്തിലേക്കു്. കമ്മ്യൂ: മർദ്ദനമനുഭവിക്കുന്ന റഷ്യ, കൊറിയ, ചൈന, വിയററ്നാം, പൊളോണിയ, ഹങ്കറി, ചെക്കോസ്ലാവാക്യ മുതലായ രാജ്യക്കാരുടെ പ്രതിനിധിസംഘങ്ങൾ ഘോഷയാത്രയായി കടന്നുപോയപ്പോൾ ഇരുവശത്തും തിങ്ങിക്കൂടിയിരുന്ന ജനക്കൂട്ടം അനുകമ്പാസൂചകമായി ഹസ്തതാഡനം ചെയ്തിരുന്നു.

മേരിമേജറിൽനിന്നു 3 30 നു പുറപ്പെട്ട പ്രദക്ഷിണത്തിന്റെ മുൻനിര വി. പത്രോസിന്റെ ദേവാലയത്തിൽ 5-15 നു ചെന്നെത്തി. എന്നാൽ ഏററവും പുറകിലായി സംവഹിക്കപ്പെട്ടിരുന്ന “ദിവ്യമാതൃസ്വരൂപം” വന്നെത്തിയതു് 6-40 നാണ്. വരിയായിട്ടുനിന്ന പ്രദക്ഷിണത്തിൽ സംബന്ധിച്ചവരുടെ എണ്ണം ഇതിൽനിന്നു് ഊഹിക്കാമല്ലോ. നാലുവരിയായിട്ടാണു ജനങ്ങൾ നടന്നിരുന്നതു്. ഇടക്കിടക്കു് ബാൻറുമേളങ്ങൾ ഗാനങ്ങൾ ഇവയുണ്ടായിരുന്നെങ്കിലും പ്രാർത്ഥനക്കു്—പ്രത്യേകിച്ചു കൊന്തനമസ്കാരത്തിനു്—കൂടുതൽ പ്രാധാന്യം കൊടുത്തിരുന്നു.

## ദൈവമാതാവായ മേരീറാണിയുടെ കിരീടധാരണം

നവംബർ 1-ാംതീയതി 11 മണിക്കു് പ. പിതാവു് കാസ്റ്റൽ ഗണ്ടോൾഫോയിൽനിന്നു വത്തിക്കാനിലെത്തി സ്വിസ്സ്പട്ടാളത്താലും പ്രഭുസൈന്യങ്ങളാലും കർദ്ദിനാളന്മാരാലും പരിസേവിതനായ പ. പിതാവു് പ്രദക്ഷിണമായി ബസിലിക്കായിലേക്കു പ്രവേശിച്ചു. പതിവുപോലെ “സെദിയ ജെസ്റ്റത്തോറിയാ”യിലിരുത്തി തിരുമേനിയെ എടുത്തുകൊണ്ടാണു പോയിരുന്നതു് തന്മൂലം ജനക്കൂട്ടത്തിനു തിരുമേനിയെ കാണാൻ സൗകര്യമുണ്ടു്.

ബസിലിക്കായിൽ പ്രവേശിച്ച പ. പിതാവു് മാതാവിന്റെ സ്വരൂപത്തിനു മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിച്ചു കർദ്ദിനാൾസംഘത്തിന്റെ മുറപ്രകാരമുള്ള ആരാധനപ്രകടനത്തിനുശേഷം പ. പിതാവു് ജനക്കൂട്ടത്തോടു് 15 മിനിട്ടുനേരത്തേക്കു സംസാരിച്ചു പുതിയതായി യാതൊന്നും താൻ ചെയ്യാൻ പോകുകയല്ല എന്നു അവിടുന്നു ആദ്യമേ പ്രസ്താവിച്ചു. തിരുസഭയുടെ ആരംഭം മുതൽ ആദരിച്ചുപോന്ന ദൈവമാതാവിന്റെ രാജ്ഞീത്വം ജനങ്ങളുടെയിടയിൽ കൂടുതൽ ശോഭയോടെ പ്രകാശിപ്പിക്കുന്നതിനും, ഇന്നത്തെ പരിതസ്ഥിതികളിൽ, ലോകത്തിൽ പ്രചരിച്ചുകൊണ്ടിരിക്കുന്ന തിന്മകൾക്കു പ്രതിവിധിയായി ഒരു നിത്യസത്യം ലോകത്തിനു് എടുത്തുകാണിക്കുന്നതിനും, തിന്മയുടെ ശമനത്തിനു് ആധിപൂർവ്വം ആഗ്രഹിക്കുന്ന ജനങ്ങൾക്കു ഒരു മാർഗ്ഗദർശനമായിട്ടുംമാത്രമാണ് ദിവ്യജനനിയുടെ രാജ്ഞീത്വപ്രഖ്യാപനമെന്നു അവിടുന്നു വിശദീകരിച്ചു. മാതാവിന്റെ സകല മഹിമകളുടെയും ആരംഭം ഗബ്രിയേൽമാലാഖായോടു ദിവ്യജനനി കൊടുത്ത “നിന്റെ വചനപ്രകാരം എന്നിൽ സംഭവിക്കട്ടെ” എന്ന ഉത്തരമാണെന്നു തിരുമേനി ജനക്കൂട്ടത്തോടു പറഞ്ഞു. ലോകത്തെ രക്ഷിക്കാൻ വന്ന ക്രിസ്തുവിന്റെ മാതാവാകാനും അങ്ങനെ മനുഷ്യരക്ഷാവേലയിൽ പങ്കുകൊള്ളുവാനും മറിയം തീരുമാനിച്ച ആ അവസരത്തിൽ മനുഷ്യവർഗ്ഗ



കിരീടധാരണത്തിനു മുമ്പു പരിശുദ്ധമാർപ്പാപ്പാ തിരുസ്വരൂപത്തിനു മുമ്പിൽ പ്രാർത്ഥിക്കുന്നു.

(കിരീടധാരണം)

ത്തിൻെറ ഇടയിൽ യോജിപ്പും സമാധാനവും ദൈവത്തോടെ രാജകീയമുമതലപ്പു സമ്മതംകൊടുക്കയാണു് മാതാവു ചെയ്യുന്നതു്. മാതാവിൽ ഇന്നു നമ്മുടെ ആശയെല്ലാം നാം നിക്ഷേപിച്ചിരിക്കുന്നു. മനുഷ്യവർഗ്ഗം മറിയം വഴി പടിപടിയായി രക്ഷയുടെ വഴിയിലേക്കു കയറിച്ചെല്ലുമെന്നു നമുക്കുറപ്പുണ്ടു്. സാമ്രാജ്യങ്ങളുടെ തലവന്മാരെയും മനുഷ്യരുടെ ഹൃദയങ്ങളെയും യോജിപ്പിലേക്കും സ്നേഹത്തിലേക്കും അവിടുന്നു നയിക്കും.

കണ്ണുനീരിൻെറ സ്ഥലമായ ഈ ഭൂമിയിൽനിന്നു് മറിയമേ! നിൻെറ പക്കലേക്കു ഞങ്ങൾ കണ്ണുകൾ ഉയർത്തുന്നു. നിൻെറ നാമത്തിൽ ആഹ്ളാദം കൊള്ളുന്ന തിരുസഭയുടെമേൽ നീ ഭരണം നടത്തുക..

മനുഷ്യമനസ്സുകളിൽ നീ ഭരണം നടത്തുക—സത്യംമാത്രം അവ അന്വേഷിക്കാൻവേണ്ടി. ഹൃദയങ്ങളുടെമേൽ നീ ഭരണംനടത്തുക— നീ സ്നേഹിക്കുന്നതുമാത്രം അവയും സ്നേഹിക്കാൻ വേണ്ടി. വ്യക്തികളുടെയും രാജ്യങ്ങളുടെയും അസംബ്ലികളുടേയുംമേൽ നീ ഭരണം നടത്തുക...

തെരുവുകളിലും പിയാസകളിലും പട്ടണങ്ങളിലും, കടലിലും കരയിലും, കുന്നിലും താഴ്‌വരയിലും നീ രാജ്ഞിയായി ഭരിക്കുക.

പ്രാർത്ഥനാപരമായ തൻെറ ഉൽബോധനം പരിശുദ്ധപിതാവു് ഇപ്രകാരം അവസാനിപ്പിച്ചു: "ഈ അവസരത്തിൽ ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലുമായി നിൻെറ രാജ്ഞിത്വത്തെ പുകഴ്ത്തുകയും നിൻെറ നേർക്കു ഹൃദയങ്ങൾ തിരിച്ചിരിക്കുകയും ചെയ്യുന്ന പ്രിയമക്കളെല്ലാം നിൻെറ രാജ്യത്തിനൊററ പരിപൂർണ്ണതയനുഭവിക്കാൻ പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടി ജീവിച്ചുവാഴുന്ന നിൻെറ ദിവ്യകുമാരനെ നേരിട്ടുകാണുവാൻ കൃപലഭിച്ചുതരണമേ, ആമ്മേൻ

വിശുദ്ധ പത്രോസിൻെറ ബസിലിക്കായിൽ ഈ സമയത്തു 30 കർദ്ദിനാളന്മാരും 300-ൽപ്പരം പാത്രിയാർക്കന്മാരും, മെത്രാപ്പോലീത്താമാരും, മെത്രാന്മാരും എല്ലാ രാജ്യക്കാരുമുൾപ്പെട്ട 30,000 ത്തിൽപ്പരം വരുന്ന ഒരു ജനസമൂഹവും സന്നിഹിതരായിരുന്നു. ദേവാലയത്തിൻെറ പുറത്തുള്ള വിസ്തൃതമായ അങ്കണത്തിൽ ലക്ഷക്കണക്കിനു ജനം തടിച്ചുകൂടിയിരുന്നു. പതാകാവാഹകരെല്ലാം വി. പത്രോസിൻെറ ശവകുടീരത്തിനുപരിയായി സ്ഥിതിചെയ്യുന്ന "കൺഫഷൻ" അൾത്താരയ്ക്കു ചുററും നിരന്നുനിന്നു. ഈ പ്രത്യേകാവസരത്തിൻെറ സ്മാരകമായി തയ്യാറാക്കിയിരുന്ന മെഡലുകൾ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ആശീർവ്വദിക്കുകയും മരിയതീർത്ഥങ്ങളുടേയും സംഘടനകളുടേയും പതാകകളിന്മേൽ ചാർത്തുന്നതിനു നൽകുകയുംചെയ്തു. ആദ്യമത്തെ പ്രധാനപ്പെട്ട 15 പതാകകളിൽ പരിശുദ്ധപിതാവുതന്നെയാണു് മെഡൽ ചാർത്തിയതു്.

തുടർന്നു നടന്നതു പരിപാടികൾക്കെല്ലാം മകുടംചാർത്തുന്ന കിരീടധാരണച്ചടങ്ങായിരുന്നു. പരിശുദ്ധ മാർപ്പാപ്പാ സിംഹാസനത്തിൽനിന്നിറങ്ങി അൾത്താരയിലേക്കുവന്നു അവിടെ തയ്യാറാക്കിവച്ചിരുന്ന രത്നഖചിതമായ സ്വർണ്ണമുടികൾ രണ്ടും ആശീർവ്വദിച്ചു. പരിശുദ്ധ പിതാവിൻെറ അഭിലാഷമനുസരിച്ചു് ലോകത്തിൻെറ എല്ലാ ഭാഗത്തുനിന്നും സ്വീകരിക്കപ്പെട്ട സംഭാവനകൾ ഉപയോഗിച്ചാണു് മുടികൾ ഉണ്ടാക്കപ്പെട്ടതു്. മുടികൾ ആശീർവ്വദിച്ചശേഷം "റെജീനാ ചേലി" എന്ന തിരുവെഴുത്തുമൂലം സ്ഥാപിക്കപ്പെട്ട മറിയത്തിൻെറ "റാണിത്തിരുനാൾ" പ്രഖ്യാപിക്കുകയും, "Regina Coeli"— സ്വർഗ്ഗറാണി—എന്നാരംഭിക്കുന്ന സ്തോത്രഗീതം ആലപിക്കുകയുംചെയ്തു. ഗായകസംഘം അന്തരാവപാടി. നിശ്ശബ്ദമായ ആ ജനവ്യൂഹത്തിൻെറ മുമ്പിൽ ഉണ്ണീശോയുടെ ചെറിയ മുടിയെടുത്തു കൈകളിൽ പിടിച്ചുകൊണ്ടു്, "ഞങ്ങളുടെ കരങ്ങളാൽ ഈ ഭൂമിയിൽ അങ്ങു



പരിശുദ്ധമാർപ്പാപ്പാ തിരുസ്വരൂപത്തെ മുടിധരിപ്പിക്കുന്നു

മുടിധരിപ്പിക്കപ്പെടുന്നതുപോലെ, സ്വർഗ്ഗരാജ്യത്തിൽ മഹിമയിലും ആനന്ദത്തിലും അങ്ങാൽ മുടിധരിപ്പിക്കപ്പെടുന്നതിനു ഞങ്ങൾ യോഗ്യരായിത്തീരട്ടെ!" എന്ന പ്രാർത്ഥനയോടുകൂടി അതു് ഈശോയുടെ ശിരസ്സിൽ ചാർത്തി അനന്തരം മാതാവിൻെറ മുടി കൈയിലെടുത്തുകൊണ്ടു്, "ഈ ഭൂമിയിൽ ഞങ്ങളുടെ കരങ്ങളാൽ അങ്ങു മുടിചൂടിക്കപ്പെടുന്നതുപോലെ സ്വർഗ്ഗത്തിൽ അങ്ങുവഴിയായി അങ്ങേ തിരുക്കുമാരനിൽനിന്നു മഹിമയാൽ മുടിധരിപ്പിക്കപ്പെടുന്നതിനു ഞങ്ങൾ യോഗ്യരാകട്ടെ!" എന്നു പ്രാർത്ഥിച്ചുകൊണ്ടു മാതൃശിരസ്സിൽ മുടിയണിയിച്ചു

"Evviva Maria" —മാതാവേ, വാഴുക! എന്ന ആർപ്പുവിളി ഒരേ നിമിഷത്തിൽ കണ്ഠലക്ഷങ്ങളിൽനിന്നുയർന്നു് അന്തരീക്ഷത്തിൽ മാറൊറാലിക്കൊണ്ടു. പരി. പിതാവു് പരിശുദ്ധ കന്യകമറിയത്തിൻെറ ഒരു പ്രാർത്ഥനാഗീതം ആലപിച്ചശേഷം "തെദേവും" എന്ന കൃതജ്ഞതാസ്തോത്രം സമാരംഭിച്ചു. ഗായകസംഘവും ജനവ്യൂഹവും ഏകസ്വരത്തിൽ അതേറ്റുപാടി. റോമിലുള്ള സകല ദേവാലയങ്ങളിലും ഒരേസമയത്തു കൂട്ടമണികൾ മുഴങ്ങി. അതിനുശേഷം മുടിധരിപ്പിക്കപ്പെട്ട മാതൃസ്വരൂപം വഹിച്ചുകൊണ്ടു് മാർപ്പാപ്പാ ബാൽക്കണിയിൽ പ്രത്യക്ഷപ്പെട്ടു് അങ്കണത്തിൽ കൂടിയിരുന്ന എല്ലാവർക്കും മാതൃസ്വരൂപദർശനം സുസാദ്ധ്യമാക്കി. "ഉർബി എത്ത് ഓർബി" എന്ന പൈതൃകാശീർവ്വാദം നൽകിക്കൊണ്ടു് കിരീടധാരണച്ചടങ്ങുകൾ സമാപിപ്പിച്ചു.

ഇതിനുമുമ്പും ഈ തിരുസ്വരൂപങ്ങൾ മുടിധരിപ്പിക്കപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടു്. 1597-ൽ 8-ാം ക്ലെമൻറു മാർപ്പാപ്പായാണു് ആദ്യമായി തിരുസ്വരൂപത്തിനു മുടിചാർത്തിയതു്. രത്നങ്ങൾ പതിച്ച ഒരു പൊൻമുടി ഉണ്ണീശോയ്ക്കും ഒരു വെള്ളിമുടി മറിയത്തിനും സമർപ്പിക്കപ്പെട്ടു. മേരിമേജർ ദേവാലയത്തിലെ "ചാപ്പ്ടറി"നാണു് അവയുടെ സൂക്ഷവും അവയുടെ മേലധികാരവും നൽകപ്പെട്ടതു്. പിൽക്കാലത്തു ബോർബോൺ സേനകൾ റോമാ കൈവശപ്പെടുത്തിയപ്പോൾ അവ നഷ്ടപ്പെട്ടു. 1838-ൽ 16-ാം ഗ്രിഗോരിയോസു് മാർപ്പാപ്പാ അവിടുത്തെ സ്വന്തം ചിലവിൽ തിരുമനസ്സിലെ മരിയഭക്തിക്കു ചിഹ്നമായും റോമൻജനത ഒരു സാംക്രമികരോഗാക്രമണത്തിൽനിന്നു രക്ഷിക്കപ്പെട്ടതിനു കൃതജ്ഞതയായും രണ്ടു സ്വർണ്ണക്കിരീടങ്ങൾ ഉണ്ടാക്കിസമർപ്പിച്ചു

അടുത്തകാലത്തു തിരുസ്വരൂപം വഹിച്ചുകൊണ്ടു നടത്തപ്പെട്ടിട്ടുള്ള പ്രദക്ഷിണങ്ങൾ 1931-ൽ എഫേസൂസ് സൂനഹദോസിൻെറ 15-ാം ശതാബ്ദജൂബിലി ഘോഷിച്ച അവസരത്തിലും 1950-ൽ മറിയത്തിൻെറ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ച അവസരത്തിലുമായിരുന്നു. ശതാബ്ദജൂബിലി പ്രമാണിച്ച് ലാററൻ ബസിലിക്കായിലേക്കു അത്യാഡംബരപൂർവ്വം തിരുസ്വരൂപം എഴുന്നെള്ളിക്കപ്പെട്ടു. സ്വർഗ്ഗാരോപണവിശ്വാസസത്യപ്രഖ്യാപനത്തിനു തലേദിവസം സെൻറ് പീറ്റേഴ്സിലേക്കായിരുന്നു ദിവ്യാംബികയുടെ ജൈത്രയാത്ര. മേരിറാണി വിരാജിക്കട്ടെ!

## മാർപ്പാപ്പായുടെ പ്രഭാഷണം

"വിപുലമായ പൊതുപ്രകടനങ്ങൾ വഴിയായും രഹസ്യഭക്തിയുടെ വിനീതപ്രവർത്തനങ്ങൾ വഴിയായും ഉപര്യുപരി വർദ്ധമാനമായ തോതിൽ ഈ മാസങ്ങളിൽ കത്തോലിക്കാലോകം ദൈവമാതാവിൻെറ നേർക്കു പ്രദർശിപ്പിച്ചിട്ടുള്ള ബഹുമാനത്തിൻെറയും ഭക്തിയുടേയും അടയാളങ്ങൾ കന്യകമറിയത്തോടുള്ള അതിൻെറ ആത്മാർത്ഥസ്നേഹത്തിൻെറയും ആ അമ്മയുടെ നിസ്തുലാപദാനങ്ങളെ സംബന്ധിച്ചുള്ള അതിൻെറ ഉറച്ച വിശ്വാസത്തിൻെറയും ഉത്തമമായ തെളിവുകളാണു്. ഈ പ്രകടനങ്ങളെയെല്ലാം മരിയവത്സരാഘോഷങ്ങൾക്കു യോജ്യമായ വിധത്തിൽ മകുടംചാർത്തുന്നതിനു് മറിയത്തിൻെറ "റാണിത്വാ"ഭിധാനത്തിൽ ഒരു തിരുനാൾ സ്ഥാപിക്കുന്നതിനും ആഘോഷിക്കുന്നതിനും നാം അഭിലഷിച്ചു. പ്രിയപ്പെട്ട നമ്മുടെ പുത്രീപുത്രന്മാരേ, നിങ്ങളാരും ഇതേപ്പററി ആശ്ചര്യപ്പെടുകയോ, അതു നമ്മുടെ അമ്മയിൽ ഒരു പുതിയ അപദാനം ചാർത്തുകയാണെന്നു ധരിക്കുകയോ ചെയ്യുകയില്ലല്ലോ. മറിയത്തെ രാജ്ഞിയെന്ന അപദാനത്തിൽ ലൊറേറോ ലുത്തനിയായിൽ നൂററാണ്ടുകളായി വിശ്വാസികളായ ക്രിസ്ത്യാനികൾ അഭിസംബോധനചെയ്തുപോരുന്നില്ലേ? ദൈവമാതാവിൻെറ സന്തോഷങ്ങളേയും ദുഃഖങ്ങളേയും മഹിമകളേയും ഭക്തിപൂർവ്വം ധ്യാനിക്കുന്ന ജപമാലയെ നാം സമാപിപ്പിക്കുന്നതു് അവിടുത്തെ ദിവ്യസുതൻ ഈ അമ്മയെ സ്വർഗ്ഗത്തിലേക്കു സ്വീകരിക്കുന്നതും രാജകീയമായ കിരീടംകൊണ്ടു് മുടിചൂടിക്കുന്നതുമായ ഉജ്ജ്വലതായ അനുസ്മരണയോടുകൂടിയല്ലയോ? അതുകൊണ്ടു് എന്തെങ്കിലും നൂതനമായ ഒരു സത്യത്തെ ആവിഷ്കരിക്കണമെന്നല്ല നാമിവിടെ ഉദ്ദേശിക്കുന്നതു്, പ്രത്യുത, ഇന്നത്തെ സാഹചര്യങ്ങളിൽ ലോകത്തിൻെറ കെടുതികളെ പരിഹരിക്കുന്നതിനും, അതിൻെറ ആശങ്കകളെ നിവാരണം ചെയ്യുന്നതിനും, ആവേശപൂർവ്വം അതാരാഞ്ഞുകൊണ്ടിരിക്കുന്ന രക്ഷയുടെ മാർഗ്ഗത്തിലേക്കു അതിനെ വഴികാണിക്കുന്നതിനും കഴിവുള്ള ഒരു സത്യത്തെ അതിൻെറ മുമ്പിൽ പ്രകാശിപ്പിക്കണമെന്നു മാത്രമാണു് നമ്മുടെ അഭിലാഷം

"ക്രിസ്തുവിൻെറ രാജത്വമാകട്ടെ, മറിയത്തിൻെറ റാണിത്വമാകട്ടെ, ആധുനികരാഷ്ട്രീയാശയങ്ങൾക്കനുസരിച്ചുള്ള അർത്ഥത്തിലല്ല മനസ്സിലാക്കേണ്ടതു്. സ്വർഗ്ഗരാജ്യത്തിലെ അത്ഭുതമഹിമകളെ മാനുഷികമായ ഭാഷയിൽ അപൂർണ്ണങ്ങളായ വാക്കുകൾകൊണ്ടുമാത്രമെ നമുക്കു വ്യവഹരിക്കുവാൻ സാധിക്കുകയുള്ളുവല്ലോ. അതുകൊണ്ടു് മറിയത്തെ റാണിയായി



മാർപ്പാപ്പാ തിരുമേനി പ്രസംഗിക്കുന്നു.

ബഹുമാനിക്കുന്നതിനു ഏതെങ്കിലും ഒരു ഭരണരീതിയോടോ പ്രത്യേകതരമായ ഒരു രാഷ്ട്രീയസംവിധാനത്തോടോ അതിനെ ഒന്നിപ്പിക്കേണ്ട യാതൊരാവശ്യവുമില്ല; അങ്ങനെ ഒരർത്ഥം അതിനില്ലതന്നെ. മറിയത്തിൻെറ റാണിത്വം പ്രകൃത്യതീതമായ ഒരു യാഥാർത്ഥ്യമാണു്. അതേസമയം അതു മനുഷ്യരുടെ ഹൃദയാന്തർഭാഗങ്ങളെ ഭേദിച്ചുകടക്കുന്നതും ആദ്ധ്യാത്മികവും അമർത്ത്യവുമായ സത്തയെത്തന്നെ സ്പർശിക്കുന്നതുമാണു്.

"മറിയത്തിൻെറ മഹത്വങ്ങളുടെ പ്രാരംഭം, അഥവാ, മറിയത്തിൻെറ വ്യക്തിത്വത്തിൻെറയും ദൗത്യത്തിൻെറയും പ്രകാശനത്തിൻെറ ഭാസുരനിമിഷം, പ്രസാദവരപൂർണ്ണയായ മറിയം ഗബ്രിയേൽ അതിദൂതനോടു് "അതു സംഭവിക്കട്ടെ" എന്നു സമ്മതമരുളിയ നിമിഷമായിരുന്നു. ദൈവത്തിൻെറ സംവിധാനത്തോടുള്ള ഏകീഭാവമാണു് അതിൽ പ്രകടമാക്കിയതു്. തന്മൂലം മറിയം ദൈവമാതാവായി; മാനവവംശത്തിൻെറ ഐക്യത്തേയും സമാധാനത്തേയും സംരക്ഷിക്കുന്നതിനുള്ള രാജകീയ ഉദ്യോഗസ്വീകരണംവഴി റാണിയുമായി. മറിയം വഴിയായി മാനവവംശം ഈ രക്ഷയുടെ മാർഗ്ഗത്തിൽ ഉപര്യുപരി പുരോഗമിച്ചുകൊണ്ടിരിക്കുമെന്നു നമുക്കുറപ്പായ വിശ്വാസമുണ്ടു്. രാഷ്ട്രങ്ങളുടെ മേധാവികളേയും അവരുടെ ഭരണീയരുടെ ഹൃദയങ്ങളേയും സമാധാനത്തിലേക്കും സ്നേഹത്തിലേക്കും മറിയം നയിക്കുകയും ചെയ്യും.

"ലോകത്തിൽ ഐക്യവും സമാധാനവും, പോരാ, ജീവൻെറ ഉറവകൾപോലും അപകടത്തിൽ പെട്ടിരിക്കുന്ന ഇക്കാലത്തു്, രാജകീയമായ അധികാരത്താൽ സമലംകൃതയായിരിക്കുന്ന മറിയത്തിൻെറനേർക്കു അവരുടെ ദൃഷ്ടികളെ തിരിക്കയല്ലാതെ, ക്രിസ്ത്യാനികൾക്കു മറെറന്തു ചെയ്യാൻ സാധിക്കും? സൃഷ്ടിക്കപ്പെട്ട എല്ലാ ചരാചരങ്ങളുടേയും ആദ്യജാതനായ ദിവ്യശിശുവിനു് ഒരുകാലത്തു മറിയം തൻെറ അങ്കിയുടെ ഉള്ളിൽ അഭയംനൽകി. (കൊളോ. 1:15) അതുപോലെ ഇന്നു എല്ലാം ജനപദങ്ങളേയും എല്ലാം മനുഷ്യരേയും ശ്രദ്ധാപൂർണ്ണമായ അവിടുത്തെ വാത്സല്യാതിരേകത്തിൽ അഭയം നൽകി സംരക്ഷിക്കട്ടെ. "ഞാൻ വഴിയായി രാജാക്കന്മാർ പ്രജാപാലനം നടത്തുന്നു; നിയമദാതാക്കന്മാർ നീതിവിധി ചെയ്യുന്നു. രാജകുമാരന്മാർ ഭരിക്കുന്നു; അധികാരശക്തിയുള്ളവർ നീതിയെ പാലിക്കുന്നു" (സുഭാ: 8:15-16) എന്നു മറിയത്തെപ്പററി തിരുസഭ പ്രയോഗിക്കുന്ന വേദപുസ്തകവാക്യത്തിൻെറ യാഥാർത്ഥ്യം പ്രസ്പഷ്ടമാക്കുന്നതിനു ബോധജ്ഞാനത്തിൻെറ സിംഹാസനമായ മറിയം കനിയുമാറാകട്ടെ. ഐക്യം സംസ്ഥാപിക്കുന്നതിനും, സമാധാനം ഭദ്രമാക്കുന്നതിനും ലോകം ഇടതടവില്ലാതെ അത്യധ്വാനം ചെയ്തുകൊണ്ടിരിക്കുന്ന ഇക്കാലത്തു മറിയത്തിൻെറ റാണിത്വാഘോഷം ക്രിസ്തീയ വിശ്വാസത്തിൻെറയും പ്രത്യാശയുടേയും പ്രതിധ്വനിയാണു്. ദൈവത്തിൻെറ വാഗ്ദാനങ്ങളും മാനവരക്ഷയ്ക്കുവേണ്ടി മറിയം നിർവ്വഹിച്ചിട്ടുള്ള നിരന്തരമായ സഹായങ്ങളും ഈ വിശ്വാസത്തേയും പ്രത്യാശയേയും ശക്തിപ്പെടുത്തുകയും ഉറപ്പിക്കുകയുംചെയ്യുന്നു. മററു മനുഷ്യയത്നങ്ങളും ലൗകികമായ മാർഗ്ഗങ്ങളും ഓരോ കാരണങ്ങളാൽ കുറവുള്ളവയാണെന്നും നാമനുസ്മരിക്കണം.

(ശേഷം 6-ാംപേജിൽ)

# ബോംബെനഗരത്തിൽ അഖിലഭാരത മരിയൻകോൺഗ്രസ്

(സ്വന്തം ലേഖകൻ)



ഇൻറർനൺഷിയോ
മാർട്ടിൻ ലൂക്കാസ് തിരുമേനി



കോൺഗ്രസ്സിലെ പേപ്പൽപ്രതിനിധിയായ അത്യുന്നത കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമനസ്സുകൊണ്ട്



മുൻ ഇൻറർനൺഷിയോ
കീയർക്കസ് തിരുമേനി

## ബോംബെയിലെ കത്തോലിക്കാചൈതന്യം

ഭാരതത്തിലെ മരിയവത്സരാഘോഷങ്ങൾക്കു മകുടം ചാർത്തുന്ന നമ്മുടെ ദേശീയ മരിയൻകോൺഗ്രസ്സിൻെറ സമ്മേളനസ്ഥലമായി പ്രഥമ ഇൻഡ്യൻ കർദ്ദിനാളിൻെറ ആസ്ഥാനമായ ബോംബെ നഗരം തിരഞ്ഞെടുക്കപ്പെട്ടതു് എല്ലാംകൊണ്ടും സമുചിതമായിരിക്കുന്നു. രാഷ്ട്രീയം, സാമ്പത്തികം, വ്യാവസായികം, വാണിജ്യകം എന്നീ തുറകളിൽ കൈവരിച്ചിട്ടുള്ള വിപുലമായ പുരോഗതിമൂലം ഇൻഡ്യയിലെ പ്രഥമ നഗരം എന്ന പ്രശസ്തി ബോംബെ ആർജ്ജിച്ചുകഴിഞ്ഞിരിക്കുന്നു. ഇൻഡ്യയിലെ ഒരു കത്തോലിക്കാകേന്ദ്രംകൂടിയാണു് ബോംബെ നഗരമെന്നു പറയുന്നതിൽ അതിശയോക്തിയില്ല. ഇൻഡ്യയുടെ ഏതുഭാഗത്തുള്ള കത്തോലിക്കരേയും ഇവിടെ കാണാം. മലയാളം, തമിഴ്, തെലുങ്ക്, കന്നട, കൊങ്കണി, ബംഗാളി, ഗുജറാത്തി, മറാത്തി, ഹിന്തി എന്നിങ്ങനെ വിവിധഭാഷകൾ സംസാരിക്കുന്ന കത്തോലിക്കർ സമ്മിശ്രമായി താമസിക്കുന്ന മറെറാരു നഗരം ഭാരതത്തിൽ കാണുകയില്ല. ലോകത്തിലെ മിക്ക രാജ്യങ്ങളിൽനിന്നുമുള്ള വിദേശീയരായ കത്തോലിക്കരും ഇവിടെ ഉണ്ടു്. ഇവിടത്തെ ഭദ്രാസനദേവാലയത്തിൽ ഞായറാഴ്ചദിവസം ചൈനാക്കാരനും, നീഗ്രോയും, ഇംഗ്ലീഷുകാരനും, അമേരിക്കക്കാരനും ഇൻഡ്യാക്കാരനോടു് ഒരുമിച്ചു് ഒരേ നിരയിൽ മുട്ടുകുത്തി ദിവ്യബലിയിൽ ഭക്തിപൂർവ്വം സംബന്ധിക്കുന്ന കാഴ്ച കത്തോലിക്കാസഭയുടെ സാർവ്വദേശീയത്വത്തിലേക്കു് ഒരുവൻെറ ചിന്തയെ നൈസർഗ്ഗികമായി നയിക്കുന്നു.

ബോംബെനഗരത്തിലും പരിസരങ്ങളിലുമായി നാല്പതിൽപരം കത്തോലിക്കാദേവാലയങ്ങളുണ്ടു്. ഇവയിൽ പലതും ആധുനികരീതിയിൽ നിർമ്മിതമായിട്ടുള്ള മനോഹരമായ മന്ദിരങ്ങളാണു്. ലീജിയൻ ഓഫ് മേരി, വിൻസെൻറ് ഡി പോൾ സഖ്യം, സൊഡാലിററി എന്നിങ്ങനെയുള്ള ഭക്തസംഘങ്ങൾ എല്ലാം ഇടവകകളിലും സജീവമായി പ്രവർത്തിച്ചുവരുന്നു. കാലത്തു ദിവ്യബലിയിൽ സംബന്ധിക്കുന്നതിനു പുറമേ വൈകുന്നേരവും വിശുദ്ധകുർബാനയുടെ സന്നിധിയിൽ പ്രാർത്ഥിക്കുന്നതിനായി ധാരാളം ആളുകൾ ഇവിടത്തെ ദേവാലയങ്ങളിൽ വരുന്നുണ്ടു്. ഏതാനും ദേവാലയങ്ങളിൽ ഞായറാഴ്ച വൈകുന്നേരവും കുർബാനയുണ്ടു്. ജോലിയുടെ പ്രതിബന്ധംമൂലം കാലത്തു ദിവ്യബലിയിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ വൈകുന്നേരത്തെ കുർബാനയിൽ സംബന്ധിക്കുന്നു. പ്രശസ്തനിലയിൽ നടത്തപ്പെടുന്ന അനവധി കത്തോലിക്കാ ഹൈസ്കൂളുകളും ഭാരതപ്രഖ്യാതമായ രണ്ടു കത്തോലിക്കാ കോളേജുകളും ഈ നഗരത്തിനു് ഒരു ഭൂഷണമായിരിക്കുന്നു.

## "മൗണ്ട് മേരീസ്", ഇന്ത്യയിലെ പ്രഥമ ബസിലിക്ക



ഈ ദേവാലയം ഇന്ത്യയിലെ പ്രഥമ ബസ്സിലിക്കായായി മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് നിശ്ചയിക്കുകയും, കോൺഗ്രസ്സിൽ അതു് പ്രഖ്യാപിക്കപ്പെടുകയും ചെയ്തു.

## ഇൻഡ്യയിലെ പ്രഥമ ബസിലിക്കാ

ബോംബേയുടെ കേന്ദ്രമായ ഫോട്ടിൽനിന്നും ഏതാണ്ടു പന്ത്രണ്ടു മൈൽ അകലെയായി മനോജ്ഞമായ ഒരു കുന്നിൻ മുകളിൽ അറേബ്യൻ കടലിനെ അഭിമുഖീകരിച്ചു് മനോഹരമായ ഒരു ദേവാലയം സ്ഥിതിചെയ്യുന്നു. ബോംബെയിൽനിന്നും വെസ്റ്റേൺ റെയിൽവേയിൽ സഞ്ചരിക്കുന്ന ജനങ്ങൾക്കു് ബാൻഡ്റാ സ്റ്റേഷൻ സമീപിക്കുമ്പോൾ റെയിൽവേ ലൈനിൻെറ പടിഞ്ഞാറുഭാഗത്തായി ഈ ദേവാലയത്തിൻെറ ഗോപുരങ്ങൾ അന്തരീക്ഷത്തിൽ ഉയർന്നുനില്ക്കുന്നതു കാണാം. പ്രാന്തദേശങ്ങളിൽനിന്നും പട്ടണത്തിലേക്കു് ജോലിക്കായി അനുദിനം വന്നുകൊണ്ടിരിക്കുന്ന ജനങ്ങൾ ഈ ഗോപുരങ്ങൾ ദർശിക്കുമ്പോൾ ഈ ദേവാലയത്തിൽ പ്രതിഷ്ഠിതമായ "ബാൻഡ്റാ മാതാവി"നെ അനുസ്മരിക്കുകയും ദിവ്യജനനിയോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ ദേവാലയമാണു് 1954 ഒക്ടോബർ 4-ാംനു-യിലെ ഒരു ഡിക്രീമൂലം റീത്തുകളുടെ തിരുസംഘം ഒരു മൈനർ ബസിലിക്കാ ആയി ഉയർത്തിയിരിക്കുന്നതു്. കഴിഞ്ഞ നവമ്പർ 7-ാം തീയതി ഞായറാഴ്ച കർദ്ദിനാൾ തിരുമേനി ഈ ദേവാലയം ആഘോഷപൂർവ്വം കൂദാശചെയ്തു.

ബോംബെനഗരത്തോടു് അനുബന്ധിച്ചുകിടക്കുന്ന ഒരു ചെറിയ പട്ടണമാണു് ബാൻഡ്റാ. ബോംബെനഗരം "വലിയ ബോംബെ" ആയി വികസിപ്പിക്കുന്നതിനുമുമ്പു് ബാൻഡ്റാ ഒരു പ്രത്യേക മുനിസിപ്പാലിററി ആയിരുന്നു. ഒരു കത്തോലിക്കാ ടൗൺ എന്നു പറയത്തക്കവിധം പല പള്ളികളും മഠങ്ങളും സ്കൂളുകളും കത്തോലിക്കരുടെ വകയായി അവിടെയുണ്ടു്. ജനങ്ങളിൽ ഒരു വലിയ വിഭാഗം കത്തോലിക്കരാണു്. ഇപ്പോൾ ബാൻഡ്റാ ബോംബെ കോർപ്പറേഷൻെറ ഒരു ഭാഗമാണു്.

ബസിലിക്കാ ആയി ഉയർത്തിയിരിക്കുന്ന "മൗണ്ട് മേരീസ്" ദേവാലയം ഒരു ഇടവകപ്പള്ളിയല്ല. പക്ഷേ അതിനു സമീപത്തായി ഒന്നു രണ്ടു ഫർലോങ്ങ് ദൂരത്തിനുള്ളിൽ മൂന്നു വലിയ ഇടവകപ്പള്ളികളുണ്ടു്. പട്ടാളക്കാരുടെ ഉപയോഗത്തിനായി 1640-ൽ

പോർട്ടുഗീസുകാരാണ് മലമുകളിൽ ഈ ദേവാലയം പണിയിച്ചതു്. 1738-ൽ അതു നശിപ്പിക്കപ്പെട്ടുവെങ്കിലും 1761-ലും പിന്നീട് 1864-ലും അതു പുതുക്കിപ്പണിതു. ഇപ്പോൾ ആ സ്ഥാനത്തു സ്ഥിതിചെയ്യുന്ന അതിമനോഹരമായ ദേവാലയം—ഇന്നത്തെ ബസിലിക്കാ—1904-ൽ ആണു പണിതീർന്നതു്. അതിന്റെ സുവർണ്ണജൂബിലികൂടെയാണ് ഈ വർഷം. അകത്തോലിക്കർ ഉൾപ്പെടെ പലരുടെയും ഉദാരമായ സംഭാവനകൾകൊണ്ടു നിർമ്മിതമായതാണു ആ മനോജ്ഞസൗധം. ഇങ്ങനെ സംഭാവന ചെയ്തവരുടെ പേരുവിവരം മാർബിൾശിലയിൽ കൊത്തി അതിന്റെ ഭിത്തിയിൽ പതിച്ചിരിക്കുന്നു.

ഈ ബസിലിക്കായിൽ പ്രതിഷ്ഠിതമായിരിക്കുന്ന പരിശുദ്ധകന്യകയുടെ സ്വരൂപം സംബന്ധിച്ച് അത്ഭുതകരമായ പല കഥകളുണ്ടു്. കടലിൽ മത്സ്യം പിടിച്ചുകൊണ്ടിരുന്ന മുക്കുവന്മാർ അവരുടെ വലയിൽ കോലി എടുത്ത



ബോംബെയിലെ മുനിസിപ്പൽ മന്ദിരം ഇതിന്റെ പടിഞ്ഞാറുവശത്താണു് കോൺഗ്രസ്സ് സമ്മേളനരംഗം

താണു് ഈ രൂപം എന്നു പറയപ്പെടുന്നു. ദേവാലയം നശിപ്പിക്കപ്പെട്ട അവസരത്തിൽ രൂപം കടലിൽ എറിഞ്ഞുകളഞ്ഞതായിരിപ്പാൻ വഴിയുണ്ടു് മുക്കുവന്മാർ കുറേനാളത്തേക്കു ഈ രൂപം പാറകളുകളിൽ ഒളിച്ചുവച്ചിരുന്നു. പിന്നീടു് അതു് മാഹിമിൽ വി. മിഖായേലിന്റെ ദേവാലയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടു. അവിടെനിന്നും ബാൻഡ്റായിൽ വിശുദ്ധ അന്ത്രയോസിന്റെ ദേവാലയത്തിലേക്കു മാററപ്പെട്ടു. കുറേക്കാലം കഴിഞ്ഞു് അവിടെനിന്നും ഇന്നത്തെ ബസിലിക്കായിലേക്കു മാററി പ്രതിഷ്ഠിക്കപ്പെട്ടു. 1954 ഒക്ടോബർ 21-ാംനു-യിലെ ഒരു ഡിക്രിപ്രകാരം തന്റെ നാമത്തിലും അധികാരത്തിലും ഈ തിരുസ്വരൂപത്തെ മുടിധരിപ്പിക്കുന്നതിനു് പരിശുദ്ധപിതാവു് അനുമതി നൽകി. അതനുസരിച്ചു മരിയൻകോൺഗ്രസ്സിന്റെ അവസരത്തിൽ 1954 ഡിസംബർ 5-ാംനു പേപ്പൽ ലെഗേയിററായ കർദ്ദിനാൾ തിരുമേനി അനേകം വൈദികാദ്ധ്യക്ഷന്മാരുടേയും നിരവധി വൈദികരുടേയും ആയിരക്കണക്കിനു ഭക്തജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ ആഘോഷപൂർവ്വം തിരുസ്വരൂപത്തിനു മുടിചൂടി. മൗണ്ട് മേരീസ് ദേവാലയം ബസിലിക്കാ ആയി ഉയർത്തിയതിന്റെ പരസ്യപ്രഖ്യാപനവും ഈ അവസരത്തിൽ കർദ്ദിനാൾ തിരുമേനി നിർവ്വഹിച്ചു.





മൗണ്ട് മേരീസ് ബസ്ലിക്കായിൽ വണങ്ങപ്പെടുന്ന മാതാവിന്റെ അത്ഭുതരൂപം

മാതാവിന്റെ പിറവിത്തിരുനാളാണു് ബസിലിക്കായിലെ പ്രധാന തിരുനാളായി ആഘോഷിച്ചുവരുന്നതു്. സെപ്റ്റംബർ 8-ാംനു കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണു് തിരുനാളാഘോഷം. തിരുനാളിനു് ഒരുക്കമായി നൊവേനയും, തിരുനാളിനുശേഷം എട്ടാമിടവും ഉണ്ടു്. ആണ്ടുവട്ടത്തിൽ എല്ലാ ദിവസവും ഭക്തജനങ്ങൾ ഈ ബസിലിക്കാ സന്ദർശിക്കാറുണ്ടെങ്കിലും തിരുനാൾ ഘട്ടത്തിൽ ഇവിടെ വരുന്ന ജനസംഖ്യ വളരെ വിപുലമാണു്. തിരുനാൾ ഘട്ടത്തിൽ തീവണ്ടി ആപ്പീസിൽനിന്നും ബസിലിക്കായിലേക്കുള്ള ഗതാഗതം നിയന്ത്രിക്കുന്നതിനു് പ്രത്യേക ഏർപ്പാടുകൾ ഉണ്ടു് സാധാരണ അങ്ങോട്ടും ഇങ്ങോട്ടും വണ്ടികൾ ഓടിക്കൊണ്ടിരിക്കുന്ന പ്രധാന റോഡുകളിൽപോലും ഈ ഘട്ടത്തിൽ ഒരുവഴിക്കേ വണ്ടികൾ ഓടിക്കയുള്ളു എന്നു പറയുമ്പോൾ ഗതാഗതത്തിന്റെ ബാഹുല്യം എത്രാണ്ടു് ഊഹിക്കാമല്ലോ. കത്തോലിക്കരെ കൂടാതെ ഹിന്ദുക്കൾ, മുസ്ലീങ്ങൾ, പാർസികൾ മുതലായവരും ദേവാലയം സന്ദർശിച്ചു് പരിശുദ്ധജനനിയോടു പ്രാർത്ഥിക്കുകയും നേർച്ചകാഴ്ചകൾ അർപ്പിക്കുകയും ചെയ്തുവരുന്നു.

മരിയൻവത്സരം പ്രമാണിച്ചു് ബസിലിക്കായിലെ പരിശുദ്ധകന്യകയുടെ അത്ഭുതസ്വരൂപം കർദ്ദിനാൾ തിരുമേനിയുടെ പ്രത്യേകകല്പനയനുസരിച്ചു് ബോംബെയിലും സമീപപ്രദേശങ്ങളിലും ഉള്ള ദേവാലയങ്ങളിലേക്കു് ആഘോഷപൂർവ്വം സംവഹിക്കപ്പെട്ടു. കഴിഞ്ഞ ഒക്ടോബർ 7-ാംനു ബസിലിക്കായിൽനിന്നും പുറപ്പെട്ടു വിവിധ ദേവാലയങ്ങൾ സന്ദർശിച്ചശേഷം ഡിസംബർ 2-ാംനു വീണ്ടും തിരുസ്വരൂപം ബസിലിക്കായിൽ മടങ്ങിയെത്തി. ഈ അവസരത്തിൽ ബാൻഡ്റാ നിവാസികൾ തിരുസ്വരൂപത്തിനു നൽകിയ യാത്രയയപ്പും സ്വാഗതവും ബാൻഡ്റായുടെ ചരിത്രത്തിൽ അദൃശ്യപൂർവ്വകമായ ആഘോഷങ്ങളോടും ഭക്തിപ്രകർഷത്തോടുംകൂടിയായിരുന്നു. അതുപോലെതന്നെ ഓരോ ഇടവകയിലും പരിശുദ്ധജനനിക്കു ലഭിച്ച സ്വീകരണവും അത്യാഘോഷസമന്വിതവും ഭക്തിനിർഭരവും ആയിരുന്നു. തിരുസ്വരൂപം കടന്നുപോകുന്ന തെരുവീഥികളും കത്തോലിക്കാ ഗൃഹങ്ങളും ചേതോഹരമായി അലങ്കരിച്ചിരുന്നു. കത്തോലിക്കരുടെ ഇടയിൽ മരിയഭക്തിയെ ഉജ്ജീവിപ്പിക്കുന്നതിനും ക്രിസ്തുമാതാവായ പരിശുദ്ധകന്യകയുടെ സ്ഥാനൗന്നത്യത്തെപ്പററി അകത്തോലിക്കരുടെ ഇടയിൽ ഒരു ബോധം ഉളവാക്കുന്നതിനും ബാൻഡ്റാ മാതാവിന്റെ ഈ ജൈത്രയാത്ര ഉപകരിച്ചു.



ബോംബെയിലെ ഉപാസനദേവാലയം

(Holy Name Pro-Cathedral)

## മാർപ്പാപ്പായുടെ പ്രഭാഷണം

(4-ാംപേജ് തുടർച്ച)

"മാത്രമല്ല, നമ്മുടെ കത്തോലിക്കാമിശിഹായുടെ രാജകീയജനനിയായി ഇന്നു നാം വിളിച്ചപേക്ഷിക്കുന്ന പരിശുദ്ധകന്യകമറിയത്തിന്റെ നന്മാസാഗരത്തിൽ നിന്നും ഇതോടൊപ്പംതന്നെ അമൂല്യങ്ങളായ മററു വരങ്ങളും നാം പ്രതീക്ഷിക്കുന്നുണ്ടു്. ഐകമത്യത്തിലും ക്രിസ്തീയചൈതന്യത്തിലും കഴിഞ്ഞുകൂടുന്ന ജനവിഭാഗത്തിന്റെ ശത്രുക്കളുടെ ഇരുളടഞ്ഞ തന്ത്രങ്ങളേയും ദുഷ്ടമായ പ്രവർത്തനങ്ങളേയും നാമാവശേഷമാക്കണമെന്നു മാത്രമല്ല, ആധുനികമനുഷ്യനു ഈ അമ്മയുടെ ആദർശചൈതന്യത്തെ പ്രദാനം ചെയ്യുകയും വേണ്ടിയിരിക്കുന്നു. നമ്മുടെ ആശയം ഇതാണു്:- വിഷമതരമായ സാഹചര്യങ്ങളിലും പ്രതിബന്ധങ്ങളുടേയും അപകടങ്ങളുടേയും മദ്ധ്യേയും സങ്കോചംകൂടാതെ ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതിനും അശേഷം അധൈര്യപ്പെടാതെ അവയെ പ്രാവർത്തികമാക്കുന്നതിനും കഴിവുള്ള ധൈര്യവും ദൃഢതയുമുള്ള ആത്മനസ്സാണാവശ്യം; എന്തുകൊണ്ടെന്നാൽ അതിനു മാത്രമേ കഴിയുകയുള്ളു അതിന്റെ പ്രവാഹത്തിൽ ക്ഷീണിതരേയും ദുർബലരേയും, സംശയാലുക്കളേയും എന്നുവേണ്ട, അവർ സംരക്ഷിക്കേണ്ട ആദർശത്തിന്റെ മാഹാത്മ്യത്തേയും നീതിനിഷ്ഠയേയും സംബന്ധിച്ചുള്ള വിശ്വാസം നഷ്ടപ്പെട്ടവരേയും ചൈതന്യമുള്ളവരാക്കി മാററുവാൻ. ഈ ചൈതന്യവിശേഷം എങ്ങിനെ പരിശുദ്ധമറിയത്തിൽ പരിപൂർണ്ണമായി പ്രതിഫലിക്കുന്നു എന്നു ആർക്കാണു് കാണാൻ കഴിയാത്തതു്? അതുകൊണ്ടല്ലയോ അവിടുന്നു "ധീരവനിത" എന്ന നാമത്തിന്നർഹയായിരിക്കുന്നതു്? "മഗ്നിഫിക്കാത്ത്" എന്നുള്ള മറിയത്തിന്റെ ആനന്ദത്തിന്റേയും ദൈവശക്തിയിലുള്ള അജയ്യമായ വിശ്വാസത്തിന്റേയും കീർത്തനം ഈ അമ്മയുടെ പരിപാവനമായ ധീരതയുടേയും പ്രകൃത്യതീതമായ ശക്തിയുടേയും ഒരു പ്രകടനമായിരിക്കുന്നുണ്ടു്.

"പൊതുകാര്യങ്ങളെ ശരിയായും അനുയോജ്യമായും നിർവ്വഹിക്കുന്നതിനു ഉത്തരവാദിത്വപ്പെട്ടവരെല്ലാം രാജ്ഞിക്കനുഗുണമായ മറിയത്തിന്റെ മനോഭാവത്തിന്റെ പ്രകാശമാനമായ ദൃഷ്ടാന്തത്തെ അനുകരിച്ചിരുന്നെങ്കിൽ എന്നെത്ര നന്നായിരുന്നു എന്നു നാം ഹൃദയപൂർവ്വം അഭിലഷിക്കുന്നു. പക്ഷെ അവരുടെ ഗണത്തിൽ നിരുത്സാഹപരവും, നിരാശാജനകവും, നിരുദ്ദേശാത്മകവുമായ ഒരു മനോഭാവത്തോടുകൂടിയവരെയല്ലയോ പലപ്പോഴും നാം കാണുന്നതു്! സ്ഥിരതയോടും നിശ്ചയദാർഢ്യത്തോടുംകൂടി നമ്മുടെ കാലത്തിന്റെ ദുർഘടപ്രശ്നങ്ങളെ നേരിടുന്നതിനവർ സന്നദ്ധരാകുന്നുണ്ടോ? സംഭവഗതികളെ ബുദ്ധിപൂർവ്വകവും സൃഷ്ടിപരവുമായ കർമ്മപരിപാടികൾകൊണ്ടു് അധീനപ്പെടുത്തുന്നതിൻപകരം അവരിൽ ചിലരെങ്കിലും സാധാരണരീതിയിൽ അവയെ അലസമായി കടത്തിവിട്ടു കൂടുതൽ വിനാശകരങ്ങളായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നില്ലേ?

"ആയതുകൊണ്ടു് മനുഷ്യൻ നിപതിച്ചിരിക്കുന്ന അപകടകരമായ മനസികനിരാശാബോധത്തെപ്പററി ഇനിയും വേണ്ടവിധത്തിൽ ധരിച്ചിട്ടില്ലാത്തവരെ ഉത്തേജിപ്പിക്കുന്നതിനു വേണ്ടി, പ്രവർത്തനരഹിതമായിക്കിടക്കുന്ന എല്ലാ ജീവച്ഛക്തികളേയും കർമ്മോന്മുഖമാക്കേണ്ടതു ഇന്നത്തെ ഏററം അടിയന്തിരമായ ആവശ്യമല്ലയോ? അണിനിരന്ന സൈന്യം—"acies ordinata"—എന്ന അഭിധാനംകൊണ്ടു മറിയത്തിന്റെ രാജ്ഞിത്വം ഏററവും അനുയോജ്യമായ വിധത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു (പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണ പ്രാർത്ഥന). പക്ഷെ, ഇതിൽ സമരപരമായ യാതൊരുദ്ദേശ്യവും ആരും മനസ്സിലാക്കേണ്ടതില്ല; വിരോചിതമായ ഒരുന്നതനിലയിലെത്തിയിട്ടുള്ള പരിശുദ്ധ അമ്മയുടെ മനഃസ്ഥൈര്യമാണു് ഇവിടെ നാം സബഹുമാനം സ്മരിക്കുന്നതു്. ഈ ലോകത്തിൽ ദൈവം സ്ഥാപിച്ചിട്ടുള്ള വ്യവസ്ഥിതി സുസ്ഥാപിതമാക്കുവാൻ ആത്മാർത്ഥമായി പരിശ്ര



വിക്ടോറിയാ ടെർമിനസ് സ്റ്റേഷൻ കോൺഗ്രസ്സിനു വരുന്നവർ ഇവിടെയാണിറങ്ങുന്നതു്



മറൈൻ ഡ്രൈവ്. ബോംബെയിലെ മനോഹരമായ കടൽത്തീരം

# വിവിധസ്ഥലങ്ങളിൽ മരിയൻജൂബിലി സമാപനാഘോഷങ്ങൾ

## എറണാകുളം

എറണാകുളം സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ ജൂബിലീസമാപനവാരം നവമ്പർ 27-ാംതീയതി മുതൽ ഡിസമ്പർ 5-ാംതീയതിവരെ വിവിധ പരിപാടികളോടുകൂടി ആഘോഷിച്ചിരിക്കുന്നു. നവമ്പർ 30-ാം തീയതി ചൊവ്വാഴ്ച കാലത്തു അതിരൂപതാസഹായമെത്രാൻ റൈറ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു പൊന്തിഫിക്കൽ കർബാന അർപ്പിച്ചു 40 മണി ആരാധന സമാരംഭിച്ചു. നൂറിൽപരം കുട്ടികളുടെ ആദ്യകുർബാന സ്വീകരണവും തദവസരത്തിൽ നിർവ്വഹിക്കപ്പെട്ടു. ഡിസമ്പർ 2-ാംതീയതി വ്യാഴാഴ്ച കാലത്തു പരിശുദ്ധ കർബാനയുടെ ആഡംബരപൂർവ്വകമായ ആരാധനാസമാപനപ്രദക്ഷിണം സഹായമെത്രാൻ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ നടത്തി. പ്രദക്ഷിണത്തിന്റെ അവസാനത്തിൽ മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗസ്തീനോസ് തിരുമനസ്സുകൊണ്ടു പരിശുദ്ധകർബാനയുടെ ആശീർവ്വാദം നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞു 5 മണിക്കു വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേറ്റി തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ പള്ളിയങ്കണത്തിൽ മനോഹരമായി അലങ്കരിച്ചിരുന്ന പന്തലിൽവച്ചു പൊതുയോഗം നടന്നു. മിസ്സിസ് മേരി ജേക്കബ് എം. എ. എൽ എൽ ബി. ടി. യും, മി. പി. കെ. ആന്റണി ബി. എ. ബി. എൽ-ഉം പ്രസംഗിച്ചു. 5-ാംനു ഞായറാഴ്ച ഉച്ചതിരിഞ്ഞു 4 മണിക്കു അയൽഇടവകകളിലെ മരിയസഖ്യാംഗങ്ങളും ഭക്തജനങ്ങളും ഒന്നിച്ചു പട്ടണവീഥികളിലൂടെ മനോഹരമായ മരിയൻ ഭക്തപ്രദക്ഷിണം നടത്തി. പരിപാടികളുടെ ആരംഭത്തിൽ റവ. ഫാ. മാത്യു മങ്കുഴിക്കരി അവർകളുടെ 3 ദിവസത്തെ പൊതുധ്യാനവും ഇടയ്ക്കു പ്രസിദ്ധ വാഗ്മികളുടെ സന്ദർഭോചിതമായ പ്രസംഗങ്ങളുമുണ്ടായിരുന്നു. ജൂബിലീസംബന്ധിച്ചു സന്ധ്യക്കുള്ള ഒരുദിവസം സൽക്കാരവും നടത്തപ്പെടുകയുണ്ടായി.



ജൂബിലീസമാരംഭ പൊന്തിഫിക്കലിനിടയ്ക്കു കുട്ടികളുടെ ആദ്യകുർബാന സ്വീകരണം



എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ മാർ അഗസ്റ്റീൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ട് സ്ഥലം സെന്റ് മേരീസ് കോൺവെന്റ് അങ്കണത്തിൽ ഡിസംബർ 3-ാംനു അനാച്ഛാദനംചെയ്തു ആശീർവദിച്ച മരിയൻ വത്സരസ്മാരക ഷ്റൈൻ.



മോസ്റ്റ് റവ. ഡോക്ടർ അട്ടിപ്പേറ്റി തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ പൊതുയോഗം. റൈറ്റ് റവ. ഡോക്ടർ പാറേക്കാട്ടിൽ തിരുമേനി പ്ലാറ്റുഫാറത്തിൽ ഉപവിഷ്ടനായിരിക്കുന്നു. വികാരി റവ. ഫാദർ ചിറമേൽ സ്വാഗതമാശംസിക്കുന്നു.

മിക്കുന്നുവെന്ന് ആത്മബോധമുള്ള ഒരാൾക്കു മാത്രമേ ഈ മനഃസ്ഥൈര്യം ഉണ്ടാവുകയുള്ളു.

"ഒട്ടുവളരെ രാജ്യങ്ങളിൽ ഇന്നു നീതിയായ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കുന്നു; വഞ്ചനാപരമായ പ്രചാരണകൗടില്യങ്ങൾമൂലം സത്യം മറയ്ക്കപ്പെട്ടിരിക്കുന്നു; തിന്മയുടെ ശക്തികൾ ഭൂമിയിൽ അഴിച്ചുവിടപ്പെട്ടിരിക്കുന്നപോലെ കാണപ്പെടുന്നു. അതുകൊണ്ട് യാതൊരു മനുഷ്യനും നിമിഷനേരത്തേക്കുപോലും വിശ്രമമെടുക്കുവാൻ സാധ്യമല്ലാത്ത ഇക്കാലയളവിൽ, അവരവരുടെ കർത്തവ്യങ്ങളെക്കുറിച്ചുള്ള വ്യഗ്രതയാൽ ഉത്സുകരായിരിക്കുന്ന മനുഷ്യർക്ക ദൈവമാതാവിന്റെ രാജ്ഞീത്വത്തെ ആധാരമാക്കിയുള്ള നമ്മുടെ പ്രാർത്ഥന നിരാശാബോധത്തേയും അലസതയേയും വിജയിക്കുന്നതിനാവശ്യമായ പ്രസാദവരം പ്രദാനം ചെയ്യുമാറാകട്ടെ.

"മറിയത്തിന്റെ രാജ്ഞീത്വം നമ്മുടെ കാലത്തിന്റെ ആവശ്യങ്ങൾക്കനുഗുണമായ മനോഭാവത്തേയും അഭിനിവേശങ്ങളേയും രാഷ്ട്രങ്ങളുടെ നേതാക്കന്മാർക്ക് പ്രദാനംചെയ്യുന്നു. എന്നാൽ ലോകത്തിലുള്ള എല്ലാ ജനങ്ങൾക്കും സമുദായത്തിലുള്ള എല്ലാ വിഭാഗങ്ങൾക്കും അവിടുത്തെ അനുഗ്രഹങ്ങളുടെ ധാരാളതയത്രെ പ്രദാനം ചെയ്യുന്നതിനു അവിടുന്നു ഒരിക്കലും വിരസതഭാവിക്കുന്നില്ല. കുരിശിൻചുവട്ടിൽ ദിവ്യരക്ഷകന്റെ പീഡാനുഭവത്തിന്റെ ഭയാനകമായ രംഗം ഈ അമ്മ ദർശിച്ചു. ഒരു മാതാവിൽനിന്നാവശ്യപ്പെടാവുന്ന ഏറ്റം ദാരുണമായ ബലി ആ സമയത്തു മറിയം അർപ്പിക്കുകയായിരുന്നു. പിന്നീട് അവിടുത്തെ മക്കളുപുത്രരായ ആദിമക്രിസ്ത്യാനികളെക്കുറിച്ചുള്ള മാതൃസഹജമായ ശുശ്രൂഷയാൽ മറിയം എന്നും ഉത്തേജിതയായിരുന്നു. എന്നാൽ സർവ്വോപരിയായ മറിയത്തിനു അവിടുത്തെ രാജ്ഞീത്വംമൂലം സംസിദ്ധമായിട്ടുള്ള ആത്മാവിന്റെ ഔന്നത്യത്താലും അതിവിശിഷ്ടമായ ദൈവദാനങ്ങളാലും, ദുർഭഗരായ മാനവവംശത്തിന്മേൽ അവിടുത്തെ മാതൃപക്ഷത്തിന്റേയും സ്നേഹകടാക്ഷത്തിന്റേയും നിക്ഷേപങ്ങളെല്ലാം ഇടതടവില്ലാതെ വർഷിച്ചുകൊണ്ടിരിക്കുകയാണ്. അവകാശങ്ങളുടെ നിഷ്കർഷയായ സംരക്ഷണത്തിലോ, ഉന്നതമായ അധികാരത്തിനുവേണ്ടിയുള്ള വെമ്പലിലോ അല്ല മറിയത്തിന്റെ രാജ്ഞീത്വം ശ്രദ്ധ വയ്ക്കുന്നത്. അവിടുത്തെ ഭരണം അത്യന്തവും വിസ്തൃതവുമായ സ്വയംപരിത്യാഗത്തിന്റെ ആഴത്തിലുള്ള അഭിനിവേശത്തിൽ മാത്രമാണ് നിക്ഷിപ്തമായിരിക്കുന്നത്.

"ആകയാൽ മറിയത്തിന്റെ രാജ്ഞീത്വത്തിന്റെ പ്രായോഗികപ്രവർത്തനം ഇതുമാത്രമാണ്:- നമ്മുടെ ബഹുമാനാദരങ്ങൾ സ്വീകരിക്കുക; നമ്മുടെ ഏറ്റം വിനീതവും കുറവുകൾ നിറഞ്ഞതുമായ പ്രാർത്ഥനകളെപ്പോലും സ്വീകരിക്കുന്നതിനു കനിയുക. അതുകൊണ്ടു സർവ്വക്രിസ്തീയജനതയുടേയും ഹൃദയവികാരങ്ങളെ പ്രതിധ്വനിപ്പിക്കുന്നതിനഭിലഷിച്ചുകൊണ്ടു നാം എത്രയും പരിശുദ്ധ കന്യകമറിയത്തോട് ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നതിപ്രകാരമാണ്."

അതിമനോഹരമായ ആ പ്രാർത്ഥനയിൽ ആകുലപ്പെടുന്ന ലോകത്തിന്റെ പരിഭ്രമജനകമായ വികാരങ്ങളെയെല്ലാം പ്രകാശിപ്പിച്ചുകൊണ്ടും, ലോകരാജ്ഞിയായ മറിയത്തിന്റെ പ്രബലമാദ്ധ്യസ്ഥത്താൽ കൈവരേണ്ട അനുഗ്രഹങ്ങളെല്ലാം ദൃഢമായ വിശ്വാസത്തോടുകൂടി കേണപേക്ഷിച്ചുകൊണ്ടും പരിശുദ്ധ പിതാവ് അവിടുത്തെ പ്രഭാഷണം സമാപിപ്പിച്ചു. (പ്രാർത്ഥന അന്യത്ര)

## കൃതജ്ഞത

വി. പത്താം പീയൂസിന്റെ സഹായത്താൽ അപായകരമായ എന്റെ സുഖക്കേട് മാറിയതിനു കൃതജ്ഞത.

എന്ന് P. M. വർക്കി

## ഉപകാരസ്മരണ

വി. 10-ാം പീയൂസിന്റെ മദ്ധ്യസ്ഥതാൽ പൂർണ്ണസുഖം പ്രാപിച്ചതിനു ഉപകാരസ്മരണ

സി. ജെ. അമ്മണി
നടത്തറ



നാല്പതുമണി ആരാധനയുടെ അവസാനത്തിൽ വിശുദ്ധ കർബാനയുടെ പ്രദക്ഷിണം

## മഞ്ഞുമ്മൽ

വരാപ്പുഴ അതിരൂപതയുടെ ആഭിമുഖ്യത്തിൽ മരിയൻജൂബിലി ആഘോഷപരിപാടികൾ നവമ്പർ 18, 19, 20, 21 എന്നീ തീയതികളിൽ മഞ്ഞുമ്മൽ കർമ്മലീത്താ സന്യാസാശ്രമദേവാലയത്തിൽവച്ചു സമംഗളം ആചരിച്ചിരിക്കുന്നു. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിതന്നെ സ്ഥലത്തെഴുന്നള്ളിയിരുന്നാണ് പരിപാടികൾ നിയന്ത്രിച്ചുകൊണ്ടിരുന്നത്. 18-ാംതീയതി ഉച്ചകഴിഞ്ഞ് മംഗലപ്പുഴ സെമ്മിനാരി വൈസ്റെക്ടർ വെരി റവ. ഫാദർ സക്കറിയാസ് ഒ. സി. ഡി. പതാക ഉയർത്തി. 6 മണിക്കു വിജയപുരം മെത്രാൻ ഡോക്ടർ അംബ്രോസ് അബ്സലോം തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഉൽഘാടനയോഗം സമാരംഭിച്ചു. വെരി റവ. മോൺ. ജോസഫ് വൈപ്പിശേരിയാണ് ഉൽഘാടനപ്രസംഗം നിർവ്വഹിച്ചു. 19-ാംനു വെള്ളിയാഴ്ച കൊച്ചിമെത്രാൻ ഡോക്ടർ അലക്സാണ്ടർ എടേഴത്തു തിരുമനസ്സിലെ പൊന്തിഫിക്കൽ കർബാനയും കുട്ടികളുടെ പ്രഥമദിവ്യകാരുണ്യ സ്വീകരണവും നടന്നു. ഉച്ചകഴിഞ്ഞുള്ള പൊതുയോഗത്തിൽ എറണാകുളം സഹായമെത്രാൻ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി ആദ്ധ്യക്ഷം വഹിച്ചു. ശ്രീ കെ. എക്സ്. ജോൺ എം. എ, റവ. ഫാദർ റെയ്നോൾഡ്സ് എന്നിവർ പ്രസംഗിച്ചു. മരിയസംഘടനകളുടെ ദിവസമായ ശനിയാഴ്ച ആലപ്പുഴമെത്രാൻ ഡോക്ടർ മൈക്കൾ ആറാട്ടുകുളം തിരുമേനിയുടെ പൊന്തിഫിക്കൽ കർബാനയായിരുന്നു. ഉച്ചകഴിഞ്ഞുള്ള പൊതുയോഗത്തിൽ വെരി റവ മോൺ ജോർജ് നെടുംപറമ്പിൽ അദ്ധ്യക്ഷതവഹിക്കുകയും ശ്രീ കെ ടി ജോർജ് ബി എ ബി എൽ, റവ ഫാദർ മാത്യു ദേകാതകെത്തു എന്നിവർ പ്രസംഗിക്കുകയും ചെയ്തു. സമാപനദിവസമായ ഞായറാഴ്ച വരാപ്പുഴമെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ അട്ടിപ്പേറ്റി തിരുമനസ്സുകൊണ്ട പൊന്തിഫിക്കൽ കർബാന അർപ്പിച്ചു. നാനാഭാഗങ്ങളിൽനിന്നും വന്നുകൂടിയിരുന്ന വിവിധസംഘടനകളുടേയും ഭക്തസഖ്യങ്ങളുടേയും പ്രതിനിധികളും ഭക്തജനങ്ങളും വൈദികരും സന്യാസികളും കന്യാസ്ത്രീകളും ചേർന്നു മറിയത്തിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള മനോഹരമായ പ്രദക്ഷിണം 2-30നു സമാരംഭിച്ചു. സമാപനപൊതുയോഗം മോസ്റ്റ് റവ. ഡോക്ടർ അട്ടിപ്പേറ്റി തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്നു. കുമാരി എം. ജെ. സബീനാ എം. എ., ശ്രീ ഈ. പി. ഐസക് ബി എ ബി ടി എന്നിവർ പ്രസംഗിച്ചു. സമ്മേളനദിവസങ്ങളിൽ നടത്തപ്പെട്ട സ്റ്റഡി ക്ലാസ്സുകൾ ഈ ആഘോഷങ്ങളുടെ ഒരു പ്രത്യേകതയായിരുന്നു. പണ്ഡിതന്മാരും വാഗ്മികളുമായ പ്രസംഗകന്മാർ ക്ലാസ്സുകളിലും മറ്റു പരിപാടികൾക്കിടയിലും സന്ദർഭോചിതമായ പ്രസംഗങ്ങൾ നിർവ്വഹിച്ചു. ഈ ദിവസങ്ങളിൽ നാനാഭാഗങ്ങളിൽനിന്നും ഇടമുറിയാതെ പ്രവഹിച്ചുകൊണ്ടിരുന്ന ജനവ്യൂഹവും അവിടെത്തന്നെ രാപാർപ്പിച്ചിരുന്ന ജനവിഭാഗവും ചേർന്നു മഞ്ഞുമ്മൽ ഗ്രാമം ഒരു ജനനിബിഡമായ നഗരമായി രൂപാന്തരം പ്രാപിച്ചിരുന്നു. കലാപരിപാടികൾക്കു ഭാരവാഹികൾ വാഗ്ദാനം ചെയ്തിരുന്ന കപ്പ് എറണാകുളം [illegible] കലാസമിതി അർഹിക്കുകയും പൊതുയോഗത്തിൽവച്ചു മെത്രാപ്പോലീത്താതിരുമേനി അതു അവർക്ക സമ്മാനിക്കുകയും ചെയ്തു.

## പാലയൂർ

സ്ഥലം ഫൊറോനാപള്ളിയിൽ മരിയൻ ജൂബിലി പ്രമാണിച്ചു നവംബർ 19, 20 എന്നീ തീയതികളിൽ പൊതുധ്യാനവും 21-ാംനു ഞായറാഴ്ച ജപമാലപ്രദക്ഷിണം, ആരാധന, പൊതുസമ്മേളനം ഇവയും നടത്തപ്പെട്ടു.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 | ERNAKULAM, DECEMBER 8 | No. 16


# മരിയൻജൂബിലി

മറിയത്തിന്റെ പ്രത്യേകസ്തുതിക്കായി അർപ്പിക്കപ്പെട്ട മരിയൻ ജൂബിലിവർഷമാണ് ഇന്നു സമാപിക്കുന്നത്. മറിയത്തിന്റെ അമലോത്ഭവത്തെ ഒരു വിശ്വാസസത്യമായി 1854 ഡിസമ്പർ 8-ാംനു സുഭഗസ്മരണാർഹനായ 9-ാം പീയൂസ് മാർപ്പാപ്പാ "ഇനെഫാബിലിസ് ദേയൂസ്" എന്നാരംഭിക്കുന്ന ചാക്രികലേഖനംവഴി പ്രഖ്യാപനംചെയ്തു. കത്തോലിക്കാലോകത്തിനു അപ്രമേയമായ ഈ പ്രഖ്യാപനം അതിമാത്രം സന്തോഷാവഹവും മരിയഭക്തിയിൽ പുരോഗമിക്കുന്നതിനു ശക്തിമത്തായ ഒരുത്തേജനവുമായിരുന്നു. തുടർന്ന് അമലമനോഹരിയായ കന്യകമറിയം പല അവസരങ്ങളിലും അവിടുത്തെ ദർശനങ്ങളും രക്ഷാകരസന്ദേശങ്ങളും ലോകത്തിനു പ്രദാനം ചെയ്യുകയും ഉണ്ടായി. ലൂർദ്ദ്, ഫാത്തിമാ മുതലായ സ്ഥലങ്ങളിൽ നടന്ന സംഭവങ്ങളും, അവയുടെ വാസ്തവികതയെ പ്രസ്പഷ്ടമാക്കുമാറു അവിടങ്ങളിൽ അദ്യാപി നടന്നുകൊണ്ടിരിക്കുന്ന അത്ഭുതങ്ങളും ലോകപ്രസിദ്ധങ്ങളാണ്.

ഏവംവിധം 1854-ൽ നടത്തപ്പെട്ട അമലോത്ഭവസത്യപ്രഖ്യാപനത്തിന്റെ ശതാബ്ദപൂർത്തിഘട്ടത്തെ അനുസ്മരിച്ചാണ് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് കഴിഞ്ഞ ഡിസമ്പർ 8-ാംനു മുതൽ ഇന്നുവരെയുള്ള ഒരുകൊല്ലക്കാലം ഒരു പ്രത്യേക മരിയൻ ജൂബിലിവർഷമായി പ്രഖ്യാപിച്ചത്. "ഫുൾജൻസ് കൊറോണാ" എന്നാരംഭിക്കുന്ന ഒരു ചാക്രികലേഖനം മുഖേനയാണ് ഈ പ്രഖ്യാപനമുണ്ടായത്. ജൂബിലിയുടെ സമാപനപരിപാടിയായി മാർപ്പാപ്പാ നവമ്പർ 1-ാംനു മറിയത്തിന്റെ രാജ്ഞിത്വാഭിധാനത്തിൽ എല്ലാവർഷവും മേയ് 31-ാംനു ആഘോഷിക്കത്തക്കവണ്ണം ഒരു പ്രത്യേക തിരുനാൾ ഏർപ്പെടുത്തുകയും, മരിയമജോരെ ബസ്ലിക്കായിൽ സൂക്ഷിക്കപ്പെടുന്ന ചരിത്രപ്രസിദ്ധമായ മറിയത്തിന്റെ അത്ഭുത തിരുസ്വരൂപത്തെ മുടിധരിപ്പിക്കുകയുംചെയ്തു. തിരുനാൾ സ്ഥാപനത്തെ സംബന്ധിച്ച് ഒക്ടോബർ 11-ാംനു "ആഡ് ചേലി റജീനാം" എന്നാരംഭിക്കുന്ന ഒരു വിശ്വലേഖനം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിശ്വലേഖനങ്ങളും ജൂബിലിവർഷത്തിൽ പലപ്പോഴായി പരിശുദ്ധ പിതാവു നടത്തിയിട്ടുള്ള പ്രസംഗങ്ങളും പരിശോധിച്ചാൽ ഈ ജൂബിലി വർഷത്തിന്റെ ലക്ഷ്യവും കാലോചിതമായ അതിന്റെ പ്രാധാന്യവും ഏവർക്കും മനസ്സിലാക്കാവുന്നതാണ്. പ്രത്യേകിച്ചും ജൂബിലിപ്രഖ്യാപനാവസരത്തിൽ, 1953 ഡിസമ്പർ 8-ാം തീയതി സെൻറ് പീറ്റേഴ്സ് ബസ്ലിക്കായുടെ അങ്കണത്തിൽ തടിച്ചുകൂടിയിരുന്ന ജനാവലിയെ അഭിസംബോധനംചെയ്തു നിർവ്വഹിച്ച പ്രക്ഷേപണപ്രസംഗവും, 1954 നവമ്പർ 1-ാംനു ത്രിലോകരാജ്ഞിയായ മറിയത്തിന്റെ തിരുസ്വരൂപത്തെ മുടിധരിപ്പിച്ച അവസരത്തിൽ ചെയ്ത പ്രഭാഷണവും മരിയൻജൂബിലിയുടെ ഉദ്ദേശ്യങ്ങൾ പ്രകടമായി പ്രതിപാദിക്കുന്നവയായിരുന്നു.

### അമലോത്ഭവം

ഈ ആഘോഷങ്ങളുടെയെല്ലാം ആധാരം മറിയത്തിന്റെ അമലോത്ഭവമാണ്. മറിയം ഒരു മനുഷ്യവ്യക്തിയായി രൂപംപ്രാപിച്ച അവസരത്തിൽ സാമാന്യനിയമമനുസരിച്ച് ആദത്തിന്റെ സന്താനമെന്ന നിലയിൽ ആ വ്യക്തിയിൽ സംഭവിക്കേണ്ടിയിരുന്നതു പ്രസാദവരരാഹിത്യം അഥവാ ജന്മപാപസ്ഥിതിയാണ്. എന്നാൽ ഈ പൊതുനിയമത്തിനൊരപവാദമെന്നവണ്ണം മറിയത്തിനു ജനനക്ഷണത്തിൽ ഇഷ്ടപ്രസാദവരം ലഭിച്ചു; അഥവാ, മറിയം ജന്മപാപരഹിതയായി ജനിച്ചു. ഇതു ദൈവമാതാവാകാനുള്ള മറിയത്തിന്റെ പ്രത്യേകതരമായ ഉദ്യോഗത്തിനനുയോജ്യമായി, മിശിഹായുടെ രക്ഷണീയകൃത്യത്തിന്റെ ഫലത്തെ മുൻകൂട്ടി പ്രയോഗിച്ചുകൊണ്ട് ദൈവം നൽകിയ ഒരു പ്രത്യേകദാനമായിരുന്നു. മറിയത്തിന്റെ അമലോത്ഭവത്തെ തെളിയിക്കുന്ന ശക്തിയുക്തമായ ന്യായങ്ങളും ആ സത്യത്തെക്കുറിച്ച് തിരുസഭയിൽ അചഞ്ചലമായി നിലനിന്നുപോന്നിട്ടുള്ള ഉറച്ച വിശ്വാസവും മേലുദ്ധരിച്ച വിശ്വലേഖനങ്ങളിൽ സമഷ്ടിയായി പ്രതിപാദിച്ചിട്ടുണ്ട്.

മറിയത്തിന്റെ നിരവധി അപദാനങ്ങളിൽ അടിസ്ഥാനപരമായ ഒരു സ്ഥാനമാണ് അമലോത്ഭവത്തിനുള്ളതു്. അതിലാണ് ആ ജീവിതമനോഹരതയുടെ പശ്ചാത്തലം തെളിഞ്ഞുകാണുന്നതു്. ജന്മപാപംമൂലം ഒരു നിമിഷമെങ്കിലും മറിയം പിശാചിനും പാപത്തിനും അടിപ്പെട്ടിരുന്നെങ്കിൽ ആ നിമിഷം മറിയത്തിന്റെ ജീവിതമനോഹരതയിൽ ഒരു തീരാകളങ്കമായിരുന്നേനെ. മറിയത്തിന്റെ നന്മപൂർണ്ണയെന്ന മഹനീയ അപദാനത്തിനും ദൈവജനനിയെന്ന ദിവ്യസ്ഥാനത്തിനും അതനുചിതമാകാതെ തരമില്ലായിരുന്നു. അതുകൊണ്ടാണ് പരിശുദ്ധ പിതാവ് 9-ാം പീയൂസ് മാർപ്പാപ്പാ പറയുന്നതു്:- "ദൈവം അവിടുത്തെ ദിവ്യത്വത്തിന്റെ ഭണ്ഡാഗാരത്തിൽനിന്നു സ്വർഗ്ഗീയാനുഗ്രഹങ്ങളുടെ ധാരാളത്വത്തിൽ എല്ലാ മാലാഖാമാരെക്കാളും പുണ്യവാന്മാരെക്കാളും അത്യുപരിയായി അത്ഭുതാവഹമായ വിധത്തിൽ മറിയത്തെ ധന്യയാക്കി. തന്മൂലം പാപത്തിന്റെ എല്ലാ മാലിന്യങ്ങളിൽനിന്നും നിശ്ശേഷം ഒഴിഞ്ഞ്, സർവ്വസുന്ദരിയും മനോജ്ഞയുമായി മറിയം നിഷ്കളങ്കതയുടേയും പരിശുദ്ധിയുടേയും പരിപൂർണ്ണതയെ പ്രകടമാക്കുകയുംചെയ്തു. ഈ പുണ്യപൂർണ്ണതയേക്കാൾ മഹത്തരമായ ഒരു പൂർണ്ണത ദൈവത്തിലല്ലാതെ വേറൊരാളിൽ ചിന്തിക്കുന്നതിനുപോലും സാദ്ധ്യമല്ല; ദൈവത്തെ ഒഴിച്ച് മറ്റൊരു വ്യക്തിയിൽ അതു ഭാവനയിൽപോലും ഊഹിക്കുവാനും കഴിവില്ല." ഇതുല്യമായ ഒരു പുണ്യപൂർണ്ണത, പരിപൂർണ്ണമായ പാപരാഹിത്യം വിശദമാക്കിക്കൊണ്ടാണ് പരിശുദ്ധ പിതാവു് അമലോത്ഭവസത്യത്തെ അദ്ധ്യവസാനം ചെയ്തതു:- "മാനവവംശത്തിന്റെ രക്ഷകനായ ക്രിസ്തുവിന്റെ യോഗ്യതകളെ ആധാരമാക്കി സർവ്വശക്തനായ ദൈവത്തിന്റെ ഒരു പ്രത്യേകാനുഗ്രഹവും ദാനവുമായി പരിശുദ്ധ കന്യകമറിയം ജന്മപാപത്തിൽനിന്നും സംരക്ഷിക്കപ്പെട്ടുവെന്നു വിശ്വസിക്കപ്പെടുന്ന സത്യം ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടതും തന്മൂലം എല്ലാ വിശ്വാസികളും ഉറപ്പായും അചഞ്ചലമായും വിശ്വസിക്കേണ്ടതുമാണ്."

### പ്രതിസന്ധിഘട്ടം

അമലമനോഹരിയായ പരിശുദ്ധകന്യകമറിയത്തെ മാനവവംശത്തിനു മാതൃകയും മദ്ധ്യസ്ഥയും രക്ഷാകേന്ദ്രവുമായി മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് എടുത്തുകാണിക്കുന്നതിൽ പല ഉദ്ദേശ്യങ്ങളും അന്തർലീനമായിട്ടുണ്ട്. മനുഷ്യന്റെ ആദ്ധ്യാത്മികമൂല്യങ്ങളെല്ലാം അവഗണിക്കപ്പെടുന്ന ഇന്നത്തെ പ്രതിസന്ധിഘട്ടത്തിൽ മറിയത്തിന്റെ പ്രത്യേകതരമായ ഇടപെടൽ—പാരത്രികമായ പ്രബലമാദ്ധ്യസ്ഥംകൊണ്ടും, ധാർമ്മികമായ ആദർശോത്തേജനംകൊണ്ടുമുള്ള ഇടപെടൽ—മാനവവംശത്തിന്റെ ഉദ്ധാരണത്തിനു അത്യന്താപേക്ഷിതമാണ്. തിരുസഭാചരിത്രത്തിൽ പല ഘട്ടങ്ങളിലും ദിവ്യാംബിക ലോകരക്ഷയ്ക്കുവേണ്ടി നിർവ്വഹിച്ചിട്ടുള്ള ഈ അനുഗ്രഹപ്രവർത്തനമാണു ഇന്നത്തേയും പ്രാർത്ഥിതം. അതിനുവേണ്ടി മാനവഹൃദയങ്ങളെ ഒരുക്കുക എന്നുള്ളതാണ് ജൂബിലിയുടെ ലക്ഷ്യവും. ജൂബിലി സമുൽഘാടനം ചെയ്ത അവസരത്തിൽ പരിശുദ്ധമാർപ്പാപ്പാ പ്രക്ഷേപിച്ച പ്രഭാഷണത്തിൽ ഇന്നത്തെ പ്രതിസന്ധിഘട്ടത്തെ ഇപ്രകാരമാണു വിവരിച്ചതു്:- "ഇന്നു ഒരു ഏററുമുട്ടൽ നടന്നുകൊണ്ടിരിക്കുകയാണ്. അനുദിനം അതു വ്യാപ്തിയിലും ഭീകരതയിലും വർദ്ധമാനമായിക്കൊണ്ടുമിരിക്കുന്നു. അതുകൊണ്ടു ക്രിസ്ത്യാനികളെല്ലാവരും പ്രവർത്തനോന്മുഖരായ കത്തോലിക്കർ പ്രത്യേകിച്ചും, അവർക്കനുവദനീയമായ സമരായുധങ്ങൾ പ്രയോഗിച്ച് അവരുടെ മാതാവായ കത്തോലിക്കാതിരുസഭയുടെ വിജയത്തിനുവേണ്ടി, ആവശ്യമെന്നുവന്നാൽ അവരുടെ മരണംവരെയും ഉറച്ചുനിന്നു പോരാടേണ്ടതു് അവരുടെ കർത്തവ്യമാണ്. മനുഷ്യരുടെ ഭവനങ്ങളെ തകർക്കുകയും ജനതയെ കൊന്നൊടുക്കുകയും ചെയ്യുന്ന ഒരു രാജ്യാന്തരയുദ്ധത്തെയല്ല നാം ഇവിടെ വിവക്ഷിക്കുന്നതെന്നു പ്രത്യേകം പറയേണ്ടല്ലോ. പ്രത്യുത, നന്മയും തിന്മയും തമ്മിലുള്ള സമരമാണ് ഇവിടത്തെ പ്രതിപാദ്യം. വിദ്വേഷം സ്നേഹത്തിനെതിരായും, സ്വാർത്ഥത സാമൂഹികനീതിക്കെതിരായും, സ്വേച്ഛാധിപത്യം സ്വാതന്ത്ര്യത്തിനെതിരായും, അക്രമപ്രവൃത്തികൾ സ്വൈരജീവിതത്തിനെതിരായും പടവെട്ടുന്നതായ ഒരു രംഗമാണതു്. നന്മതിന്മകൾ ഉഗ്രമായി ഏററുമുട്ടുന്ന ഈ സംഘട്ടനത്തിൽ, അതിന്റെ പര്യവസാനത്തെപ്പററി നാം ആകുലരാകേണ്ട യാതൊരാവശ്യവുമില്ല. കാരണം, ദൈവത്തിന്റെ അപ്രമേയമായ വാഗ്ദാനം വിജയത്തിനുറപ്പായി നമുക്കുണ്ട്." മറിയത്തിന്റെ മഹത്തായ നേതൃത്വത്തിൽ ഈ മഹൽകാര്യസാദ്ധ്യത്തിനുവേണ്ടിയാണ് പരിശുദ്ധ പിതാവു് നമ്മെയെല്ലാം ജൂബിലിവർഷത്തിലേക്കാഹ്വാനം ചെയ്തതു്.

### മറിയത്തിന്റെ നേതൃത്വം

ജൂബിലിവർഷത്തിനു മകുടംചാർത്തിയ ഒരു മഹാസംഭവമായിരുന്നല്ലോ നവമ്പർ 1-ാംനു നടത്തപ്പെട്ട മാതൃസ്വരൂപത്തിന്റെ കിരീടധാരണകർമ്മം. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി റോമിൽ തടിച്ചുകൂടിയിരുന്ന ബഹുലക്ഷങ്ങളെ അഭിസംബോധനം ചെയ്തുകൊണ്ടു തദവസരത്തിൽ പരിശുദ്ധപിതാവു നടത്തിയ പ്രഭാഷണത്തിൽ മറിയം നിർവ്വഹിക്കുന്ന മാതൃസഹജമായ നേതൃത്വത്തെ വിശദീകരിക്കുകയുണ്ടായി. മറിയത്തിന്റെ രാജ്ഞിത്വാഭിധാനം ഒരു നൂതനസത്യമല്ല എന്നു സ്ഥാപിച്ചുകൊണ്ട് അതിലടങ്ങിയിരിക്കുന്ന നേതൃത്വാദർശത്തെ തിരുമേനി ഇപ്രകാരം വെളിവാക്കി:- "നൂതനമായ ഏതെങ്കിലും ഒരു സത്യത്തെ ആവിഷ്കരിക്കണമെന്നല്ല നാമിവിടെ ഉദ്ദേശിച്ചിട്ടുള്ളതു്. പ്രത്യുത, ഇന്നത്തെ സാഹചര്യങ്ങളിൽ ലോകത്തിന്റെ കെടുതികളെ പരിഹരിക്കുന്നതിനും, അതിന്റെ ആശങ്കകളെ നിവാരണം ചെയ്യുന്നതിനും, ആവശ്യപൂർവ്വം അതാരാഞ്ഞുകൊണ്ടിരിക്കുന്ന രക്ഷയുടെ മാർഗ്ഗത്തിലേക്കു അതിനെ വഴികാണിക്കുന്നതിനും പര്യാപ്തമായ ഒരു സത്യത്തെ അതിന്റെ മുമ്പിൽ പ്രകാശിപ്പിക്കണമെന്നു മാത്രമാണ് നമ്മുടെ അഭിലാഷം. ക്രിസ്തുവിന്റെ രാജത്വമാകട്ടെ, മറിയത്തിന്റെ റാണിത്വമാകട്ടെ, ആധുനിക രാഷ്ട്രീയാശയങ്ങൾക്കനുസരിച്ചുള്ള അർത്ഥത്തിലല്ല മനസ്സിലാക്കേണ്ടതു്. സ്വർഗ്ഗരാജ്യത്തിലെ അത്ഭുതമഹിമകളെ മാനുഷികമായ ഭാഷയിൽ അപൂർണ്ണങ്ങളായ വാക്കുകൾകൊണ്ടുമാത്രമല്ലേ നമുക്കു വ്യവഹരിക്കുവാൻ കഴികയുള്ളൂ? അതുകൊണ്ടു മറിയത്തെ റാണിയായി ബഹുമാനിക്കുന്നതിനു ഏതെങ്കിലും ഒരു ഭരണരീതിയോടോ, പ്രത്യേകതരമായ ഒരു രാഷ്ട്രീയ സംവിധാനത്തോടോ അതിനെ ഘടിപ്പിക്കേണ്ട യാതൊരാവശ്യവുമില്ല; അങ്ങിനെ ഒരർത്ഥം അതിനില്ലതന്നെ. മറിയത്തിന്റെ രാജ്ഞിത്വം പ്രകൃത്യതീതമായ ഒരു യാഥാർത്ഥ്യമാണ്. അതേസമയംതന്നെ, അതു മനുഷ്യരുടെ ഹൃദയാന്തർഭാഗങ്ങളെ ഭേദിച്ചുകടക്കുന്നതും ആദ്ധ്യാത്മികവും അമർത്ത്യവുമായ സത്തയെത്തന്നെ സ്പർശിക്കുന്നതുമാണ്."

ഈ സ്വർഗ്ഗരാജ്ഞി വഴിയായി ലോകത്തിനു് ലഭ്യമാകേണ്ട വിശിഷ്ടാനുഗ്രഹത്തെപ്പററി പ്രസ്തുത പ്രസംഗത്തിൽ തിരുമേനി പ്രസ്താവിച്ചതിപ്രകാരമാണ്:- "ലോകത്തിൽ ഐക്യവും, സമാധാനവും, പോരാ, ജീവന്റെ ഉറവകൾപോലും അപകടത്തിൽപെട്ടിരിക്കുന്ന ഇക്കാലത്തു്, രാജകീയമായ അധികാരത്താൽ സമലംകൃതയായിരിക്കുന്ന മറിയത്തിന്റെ നേർക്ക് അവരുടെ ദൃഷ്ടികളെ തിരിക്കുകയല്ലാതെ ക്രിസ്ത്യാനികൾക്കു മറെറന്തു് ചെയ്യുവാൻ സാധിക്കും? സൃഷ്ടിക്കപ്പെട്ട എല്ലാ ചരാചരങ്ങളുടേയും ആദ്യജാതനായ ദിവ്യശിശുവിനു് ഒരുകാലത്തു മറിയം തന്റെ അങ്കിയുടെ ഉള്ളിൽ അഭയംനൽകി (കൊളോ: 1: 15). അതുപോലെ ഇന്നു് എല്ലാ ജനപദങ്ങളെയും സകലമാനമനുഷ്യരെയും ശ്രദ്ധാപൂർണ്ണമായ അവിടുത്തെ വാത്സല്യാതിരേകത്തിൽ അഭയം നൽകി സംരക്ഷിക്കട്ടെ" പരിശുദ്ധ പിതാവിന്റെ ഈ ഉദ്ദേശ്യം സഫലമാകുന്നതിനുള്ള പദ്ധതികളാണ് നമ്മുടെ ശ്രദ്ധയെ ഈ ശുഭാവസരത്തിൽ പ്രത്യേകം സമാകർഷിക്കേണ്ടതു്.

### ഇന്ത്യയിലെ ജൂബിലിമഹം

മര്യൻജൂബിലിയുടെ ദേശീയാടിസ്ഥാനത്തിലുള്ള പൊതുപരിപാടികൾ ഇന്ത്യയിലെ ഒരു മഹാനഗരമായ ബോംബെയിൽ, ഭാരതത്തിന്റെ പ്രഥമ കർദ്ദിനാളും പേപ്പൽ ഡലഗേററുമായ വലേര്യൻ ഗ്രേഷ്യസ് തിരുമനസ്സിലെ നേതൃത്വത്തിൽ, ഇന്ത്യയുടെ ഇപ്പോഴത്തെ ഇന്റർനൺഷിയോ മോസ്റ്റ് റവ. ഡോക്ടർ മർട്ടിൻ ലൂക്കാസ്, മുൻ ഇന്റർനൺഷിയോ മോസ്റ്റ് റവ. ഡോക്ടർ പീറാർ കിയർക്കൽസ്, ഭാരതത്തിലേയും പാക്കിസ്ഥാനിലേയും മററും 70ൽ പരം വൈദികാദ്ധ്യക്ഷന്മാർ, നിരവധി പ്രശസ്താതിഥികൾ, ലക്ഷോപലക്ഷം ജനങ്ങൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഇപ്പോൾ നടന്നുകഴിഞ്ഞു. മരിയൻ ജൂബിലിയുടെ മഹദ്ദേശ്യം ജനലക്ഷങ്ങളിലേക്ക് പകരുന്നതിനു് പ്രസ്തുത പരിപാടികൾ അതിമാത്രം സഹായിച്ചിട്ടുണ്ട് എന്നുള്ളതിൽ പക്ഷാന്തരമില്ല. ദൈവമാതൃഭക്തിയിൽ അദ്വിതീയരായ ഭാരതീയർ അതിന്റെ സൽപ്രേരണകളെ നീണാൾ നിലനിർത്തുന്നതിനു് അമലോത്ഭവജനനിയുടെ സഹായത്തോടുകൂടി പരിശ്രമിക്കട്ടെ. മറിയത്തിന്റെ പ്രബലമായ മാദ്ധ്യസ്ഥശക്തി ലോകരക്ഷാർത്ഥം വിനിയോഗിക്കപ്പെടുന്നതിനും മറിയത്തിന്റെ സുരക്ഷിതമായ നിയന്ത്രണം മാനവവംശത്തിനു ശോകാകുലമായ ആധുനികലോകത്തിൽ സമാധാനസൗഭാഗ്യങ്ങളിലേക്കു മാർഗ്ഗം കാണിക്കുന്നതിനും ഇടയായിത്തീരുമാറു് ഈ മര്യൻ ജൂബിലി അതിന്റെ അനുഗ്രഹഫലങ്ങളെ ലോകത്തിൽ നിലനിർത്തട്ടെ.

## പ്രസാധകക്കുറിപ്പുകൾ

## പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന—

### മാതാവിന്റെ സ്വരൂപത്തിനു മകുടംചാർത്തിയപ്പോൾ അർപ്പിച്ചതു്

1954 നവമ്പർ 1-ാംനു റോമയിൽ വിശുദ്ധ പത്രോസിന്റെ ബസ്ലിക്കായിൽവച്ചു പരിശുദ്ധ ദേവമാതാവിന്റെ സ്വരൂപത്തിനു് അത്യാഡംബരപൂർവ്വം മകുടം ചാർത്തിയ അവസരത്തിൽ ചെയ്ത പ്രഭാഷണത്തിന്റെ ഉപസംഹാരമായി പരിശുദ്ധ പിതാവു് മാതാവിനർപ്പിച്ച ഏററവും മനോഹരവും ഭക്തിനിർഭരവും ഹൃദയാവർജ്ജകവുമായ പ്രാർത്ഥനയാണ് താഴെ ചേർക്കുന്നതു്:-

ഏററവും പ്രിയപ്പെട്ട മാതാവായ, മറിയമേ, ദുരിതപ്പെടുന്ന മനുഷ്യവർഗ്ഗം വളരെ വേദനയോടുകൂടി പ്രയത്നിച്ചുകൊണ്ടിരിക്കുന്ന ഈ കണ്ണുനീരുകളുടെ താഴ്വരക്കുഴിയിൽനിന്നും, ദുർവികാരത്തിരമാലകളുടെ അടികൾ അവസാനമില്ലാതെ ഏററുകൊണ്ടിരിക്കുന്ന ഈ സമുദ്രത്തിലെ ഓളങ്ങളുടെ മുകളിൽനിന്നും അങ്ങയുടെ മഹിമയെക്കുറിച്ചുള്ള ധ്യാനത്താൽ സമാശ്വാസം ലഭിക്കുവാനും, സ്വർഗ്ഗത്തിന്റേയും ഭൂമിയുടെയും രാജ്ഞിയും നാഥയുമെന്നും മനുഷ്യവർഗ്ഗത്തിന്റെ രാജ്ഞിയും നാഥയുമെന്നും അഭിവാദ്യം ചെയ്യുവാനുംവേണ്ടി ഞങ്ങളുടെ കണ്ണുകളെ ഞങ്ങൾ അങ്ങയുടെനേർക്കുയർത്തുന്നു. അങ്ങയുടെ രാജ്ഞിത്വം പ്രകീർത്തിക്കുന്നതിനും, അങ്ങയുടെ പരമവും പരിപൂർണ്ണവുമായ വ്യക്തിമാഹാത്മ്യത്തിന്റെ അവകാ-

ശമായി അതിനെ അംഗീകരിക്കുന്നതിനും ന്യായവും പുത്രസഹജവുമായ അഭിമാനത്തോടുകൂടി ഞങ്ങൾ ആഗ്രഹിക്കുന്നു; അനന്യരാവകാശത്തിൻെറയും യുദ്ധവിജയത്തിൻെറയും ന്യായത്താൽ രാജാവായിരിക്കുന്ന ദിവ്യനാഥൻെറ ഏററവും പ്രിയപ്പെട്ട യഥാർത്ഥ മാതാവേ! പുണ്യപൂർണ്ണം ഞങ്ങൾക്കു കാണിച്ചുതന്നും. അതിൽനിന്നൊരിക്കലും വ്യതിചലിക്കാതിരിക്കാൻ ഞങ്ങൾക്കു നേതൃത്വവും സഹായവും നൽകിയും, മാതാവേ, നാഥേ, അങ്ങു വാഴുക സ്വർഗ്ഗത്തിൻെറ ഉച്ചസ്ഥാനങ്ങളിൽ. തങ്ങളുടെ രാജാവെന്നു് അങ്ങയെ ആർത്തുവിളിക്കുന്ന മാലാഖവൃന്ദങ്ങളുടെ മേലും, കണ്ണഞ്ചിക്കുന്ന അങ്ങയുടെ സൗന്ദര്യം കാണുന്നതിൽ ആനന്ദംകൊള്ളുന്ന അസംഖ്യം വിശുദ്ധരുടെ മേലുമുള്ള ആധിപത്യം അങ്ങു പ്രയോഗിക്കുന്നു. അതേപ്രകാരംതന്നെ മനുഷ്യവർഗ്ഗത്തിൻെറ മേൽ മുഴുവനും അങ്ങു വാഴണമെ; സർവ്വപ്രധാനമായി, അങ്ങയുടെ ദിവ്യപുത്രനെ ഇനിയും അറിഞ്ഞിട്ടില്ലാത്തവർക്കു വിശ്വാസമാർഗ്ഗം തുറന്നുകൊടുത്തുകൊണ്ടു വാഴണമെ. അങ്ങയുടെ പ്രശാന്തമായ ആധിപത്യത്തെ അംഗീകരിക്കുകയും പ്രകീർത്തിക്കുകയും, ഇക്കാലത്തെ ആപത്തുകൾക്കിടയിൽ അങ്ങയെ സുരക്ഷിതമായ അഭയസ്ഥാനമായി ശരണംപ്രാപിക്കുകയും ചെയ്യുന്ന തിരുസ്സഭയുടെമേൽ അങ്ങു വാഴണമെ. പീഡിപ്പിക്കപ്പെടുകയും മർദ്ദിക്കപ്പെടുകയും ചെയ്യുന്ന തിരുസ്സഭാവിഭാഗത്തിൻെറ മേൽ പ്രത്യേകിച്ചും വാഴണമെ. ദുഃഖങ്ങൾ സഹിക്കുവാൻ ശക്തിയും, അന്യായമായ നിർബന്ധത്തിനു് ഒരിക്കലും വഴിപ്പെടാതിരിക്കാൻ ധൈര്യവും, ശത്രുവിൻെറ വലകളിൽ വീഴാതിരിക്കാൻ വേണ്ട പ്രകാശവും, പ്രകടമായ ആക്രമണത്തെ തടുത്തുനില്ക്കാനുള്ള ഉറപ്പും, നിമിഷംപ്രതി അങ്ങയുടെ രാജ്യത്തോടുള്ള അചഞ്ചലമായ വിശ്വസ്തതയും അതിനു നൽകണമെ. മനുഷ്യർ സത്യമായതുമാത്രം അന്വേഷിക്കാൻ അവരുടെ ബുദ്ധിയുടെ മേലും, നന്മയായതുമാത്രം സ്വീകരിക്കുവാൻ അവരുടെ മനസ്സിൻെറമേലും, അങ്ങു സ്നേഹിക്കുന്നതല്ലാതെ മററൊന്നും സ്നേഹിക്കാതിരിക്കുവാൻ അവരുടെ ഹൃദയത്തിൻെറമേലും അങ്ങു വാഴണമെ. വ്യക്തികളുടെമേലും കുടുംബങ്ങളുടെമേലും, സമുദായത്തിൻെറയും രാഷ്ട്രങ്ങളുടെയുംമേലും, പ്രബലന്മാരുടെ സമ്മേളനങ്ങളുടെയും ബുദ്ധിമാന്മാരുടെ കൂടിയാലോചനകളുടെയും എന്നപോലെ വിനീതന്മാരുടെ ലളിതമായ ആഗ്രഹങ്ങളുടെയുംമേലും അങ്ങു വാഴണമെ. തെരുവുകളിലും അങ്കണങ്ങളിലും, പട്ടണങ്ങളിലും ഗ്രാമങ്ങളിലും, താഴ്‌വരകളിലും പർവ്വതങ്ങളിലും, വായുമണ്ഡലത്തിലും കരയിലും കടലിലും അങ്ങു വാഴണമെ. അങ്ങയുടെ വാഴ്ച കാരുണ്യത്തിൻെറ വാഴ്ചയാണെന്നും, അതിൽ സകല അപേക്ഷകളും സ്വീകരിക്കപ്പെടുകയും, സകല ദുഃഖങ്ങളും ആശ്വസിപ്പിക്കപ്പെടുകയും സകല ദുരിതങ്ങളും നിവാരണം ചെയ്യപ്പെടുകയും സകല രോഗങ്ങളും ശമിപ്പിക്കപ്പെടുകയും ചെയ്യുമെന്നും, അതിൽ അവിടുത്തെ പ്രശാന്തകരങ്ങളുടെ ഒരംഗ്യത്താൽ മരണത്തിൽനിന്നുതന്നെ പ്രസന്നമായ ജീവൻ ഉയരുമെന്നും സമ്മതിക്കുന്ന സകലരുടേയും ഭക്തിയുള്ള പ്രാർത്ഥന അങ്ങു ശ്രവിക്കേണമെ. ഇപ്പോൾ ലോകത്തിൻെറ സകല മൂലയിലും അങ്ങയെ രാജ്ഞിയും നാഥയുമെന്നു് ആർത്തുവിളിക്കുകയും അഭിവാദ്യം ചെയ്യുകയും ചെയ്യുന്ന സകലരും സ്വർഗ്ഗത്തിൽ ഒരു ദിവസം വന്നെത്തി, പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടി കാലാകാലങ്ങളോളം ജീവിച്ചുവാഴുന്ന അങ്ങയുടെ ദിവ്യപുത്രൻെറ ദർശനത്തിൽ, അങ്ങയുടെ രാജ്യത്തിൻെറ ആനന്ദം പൂർണ്ണമായി അനുഭവിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്കു വാങ്ങിത്തരണമെ, ആമ്മേൻ

* * *

## പ്രതിമാസഗ്രന്ഥക്ലബ്ബിനു പരിശുദ്ധ പിതാവിൻെറ ആശീർവ്വാദം

അത്യുന്നതകർദ്ദിനാൾ ടിസ്സരംഗു് തിരുമനസ്സുകൊണ്ടു് എറണാകുളത്തെ പ്രതിമാസഗ്രന്ഥക്ലബ്ബ് ആഫീസ് ദയാപുരസ്സരം സന്ദർശിച്ച അവസരത്തിൽ, പരിശുദ്ധപിതാവിനു സമർപ്പിക്കണമെന്നുള്ള അപേക്ഷയോടുകൂടി, ക്ലബ്ബിൽനിന്നു പ്രസിദ്ധം ചെയ്ത രണ്ടു ഗ്രന്ഥങ്ങൾ തിരുമേനിയെ ഏല്പിച്ചിരുന്നു അവയെ പുരസ്കരിച്ചു പരിശുദ്ധപിതാവിൻെറ സെക്രട്ടറിയേററിൽനിന്നു്, പ്രോസെക്രട്ടറി ഒപ്പിട്ടു്, "എറണാകുളം ബുക്കു്-എ-മന്തു്" ക്ലബ്ബിൻെറ ഡയറക്ടർ വെരി റവ. മോൺസിഞ്ഞോർ ജെ. നടുവത്തുശേരി് എന്ന വിലാസത്തിൽ 1954 ഒക്ടോബർ 27-ാംനു- കരുണാപൂർവ്വം അയച്ച കത്തു്, ന്യൂഡൽഹിയിലെ ഇൻറർനൺഷ്യേച്ചർ വഴിയായി ലഭിച്ച ആ കത്തിൻെറ പരിഭാഷയാണു് താഴെ ചേർക്കുന്നതു്:-

പ്രിയ പെ. ബ. മോൺസിഞ്ഞോർ,

എറണാകുളം പ്രതിമാസഗ്രന്ഥക്ലബ്ബിൽനിന്നു പ്രസിദ്ധീകരിച്ചതും. പ്രത്യേകവിധത്തിൽ ബയൻറു ചെയ്തു പേടകത്തിലാക്കിയതുമായ രണ്ടു ഗ്രന്ഥങ്ങൾ പൗരസ്ത്യതിരുസംഘം വഴിയായി പരിശുദ്ധപിതാവിനു സമർപ്പിക്കപ്പെട്ടിരിക്കുന്നു.

ഈ വാല്യങ്ങൾ ലഭിച്ച വിവരം അറിയിക്കുവാനും, അവയെ തിരുമനസ്സിലേക്കു് സമർപ്പിക്കുവാൻ താങ്കളെയും താങ്കളുടെ സഹപ്രവർത്തകരെയും പ്രേരിപ്പിച്ച പുത്രനിർവ്വിശേഷമായ ഭക്ത്യാദരങ്ങൾക്കു ഹൃദയപൂർവ്വം നന്ദിപ്രകാശിപ്പിക്കുവാനും പരിശുദ്ധ പിതാവു എന്നെ ചുമതലപ്പെടുത്തിയിരിക്കുകയാണു്.

നിങ്ങളുടെ സ്തുത്യർഹമായ ഈ സംരംഭത്തിനു സമൃദ്ധമായ ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിച്ചുകൊണ്ടും, തൻെറ സൗമനസ്യപൂർവ്വകമായ കൃതജ്ഞതയുടെ ഒരടയാളവും കൂടി നൽകണമെന്നു് ആഗ്രഹിച്ചുകൊണ്ടും പരിശുദ്ധ പിതാവു് താങ്കൾക്കും ക്ലബ്ബിൻെറ പ്രസിഡൻറു മിസ്റ്റർ ചാക്കോള ലോനപ്പൻ ഔസേപ്പിനും അതിൻെറ അംഗങ്ങൾ സകലർക്കും തൻെറ പൈതൃകമായ അപ്പസ്തോലികാശീർവ്വാദം ഹാർദ്ദമായി പ്രദാനം ചെയ്യുന്നു.

ഭക്തിബഹുമാനവികാരങ്ങളോടുകൂടി ക്രിസ്തുവിൽ താങ്കളുടെ പരമാർത്ഥതയുള്ള
ജെ. ബി. മൊണ്ടിനി
പ്രൊസെക്രട്ടറി (ഒപ്പ്)

* * *

## പാർട്ടിയംഗങ്ങളെ ശിക്ഷണനടപടിക്കു വിധേയരാക്കുന്നു

കത്തോലിക്കാ സഭയിൽ അംഗങ്ങളായിരിക്കുന്നവർ ആ നില സ്വീകരിക്കുന്നതു് സ്വമനസ്സാലാണു്, അല്ലാതെ യാതൊരു നിർബന്ധവും മൂലമല്ല. അംഗങ്ങളായിരിക്കുന്നവർ അംഗങ്ങൾ എന്ന സ്വഭാവത്തോടെ സഭ നിശ്ചയിക്കുന്ന കർത്തവ്യങ്ങൾ അനുഷ്ഠിക്കേണ്ടിയിരിക്കുന്നു അതു ചെയ്യാത്തവരെ പലതരം ശിക്ഷണനടപടികൾക്കു് സഭ വിധേയരാക്കുന്നുണ്ടു് കൂദാശകൾ കൊടുക്കാതിരിക്കുക, മാമ്മോദീസായുള്ള ശവസംസ്കാരം നടത്താതിരിക്കുക മുതലായവ ഇങ്ങനെയുള്ള ശിക്ഷണനടപടികളാണു്. ഇവയെപ്പററി കത്തോലിക്കരല്ലാത്തവരിൽനിന്നും ചിലപ്പോൾ കത്തോലിക്കരിൽനിന്നും ആക്ഷേപങ്ങൾ പുറപ്പെടുകൾക്കാറുണ്ടു്. രാഷ്ട്രീയപാർട്ടികൾപോലും അവയുടെ നിയമങ്ങളനുസരിക്കാത്ത അംഗങ്ങളെ ശിക്ഷണനടപടികൾക്കു് വിധേയരാക്കുന്നുണ്ടെന്നുള്ള വസ്തുത ഈ ആക്ഷേപങ്ങളുടെ പൊള്ളത്തരം സ്പഷ്ടമാക്കുന്നുണ്ടല്ലോ അത്തരം നടപടികളുടെ ചില ദൃഷ്ടാന്തങ്ങൾ ഇതയിടെ ഉണ്ടായതു് ഉദ്ധരിക്കാം ഒരു ഡി. സി. സി. സിക്രട്ടറി ഉൾപ്പെടെ രണ്ടു കോൺഗ്രസ്സുകാരെ തമിഴ്നാട്ടു് (മദ്രാസ്) പി സി. സി. പ്രസിഡൻറു കോൺഗ്രസിൽനിന്നു സസ്പെൻറു ചെയ്തിരിക്കുന്നു. നീലഗിരി ഡി ബോർഡു് പ്രസിഡൻറു് തെരഞ്ഞെടുപ്പിൽ കോൺ. നിർദ്ദേശത്തെ ഇവർ അവഗണിച്ചതാണു.

## തിരുനാൾ മംഗളം



വിജയപുരം മെത്രാൻ
മൊററു് റവ ഡോ അംബ്രോസ് ഒ. സി. ഡി തിരുമേനി
(തിരുനാൾ ഡിസംബർ 7)

ഈ ശിക്ഷണനടപടിക്കു കാരണം. തിരഞ്ഞെടുപ്പിൽ ഔദ്യോഗിക കോൺ. സ്ഥാനാർത്ഥിക്കെതിരായി ഇവരിരുവരും മത്സരിച്ചുവെങ്കിലും രണ്ടുപേരും തോററു ഡി. ബോർഡു് തിരഞ്ഞെടുപ്പിൽ അച്ചടക്കമില്ലാതെ പ്രവർത്തിച്ചതിനു സസ്പെൻറുചെയ്യപ്പെട്ടവരുടെ സംഖ്യ ഇതുൾപ്പെടെ എട്ടായിട്ടുണ്ടു്. നേരത്തെ സസ്പെൻറുചെയ്യപ്പെട്ടവരിൽ ഒരാൾ ഒരു മുൻമന്ത്രിയായ മി. പെരുമാൾസ്വാമി റെഡ്യാരാണു്. ഉത്തര ആർക്കാട്ടു് ഡി. ബോർഡു് പ്രസിഡൻറു തിരഞ്ഞെടുപ്പിൽ ഔദ്യോഗികസ്ഥാനാർത്ഥിയെ തോല്പിച്ചതാണു് അവിടത്തെ കേസു്. ഇവയ്ക്കു പുറമെ തിരുച്ചിറപ്പള്ളി മുൻസിപ്പാലിററിയിലവതരിപ്പിച്ച ഒരവിശ്വാസപ്രമേയം സംബന്ധിച്ചു വോട്ടിങ്ങിൽ കോ. വിപ്പിൻെറ നിർദ്ദേശത്തെ അവഗണിച്ചു വോട്ടുചെയ്ത 12 കോൺ. മെമ്പർമാർ സസ്പെൻറുചെയ്യപ്പെട്ടതായ ഒരു കേസും ഉണ്ടായിട്ടുണ്ടു്.

* * *

## സത്യഗ്രഹാഭാസമാണു്

### കമ്മ്യൂണിസ്റ്റുകളുടെ സത്യഗ്രഹപ്രസ്ഥാനം

കമ്മ്യൂണിസം അതിൻെറ പ്രചാരത്തിനും സംസ്ഥാപനത്തിനുംവേണ്ടി അക്രമത്തേയും ബലപ്രയോഗത്തേയുമാണു് സിദ്ധാന്തപരമായും പ്രായോഗികമായും അംഗീകരിക്കേണ്ടതും സ്വീകരിച്ചുകൊണ്ടിരിക്കുന്നതും. അവരുടെ പ്രമാണപ്പെട്ട ഗ്രന്ഥങ്ങളും രേഖകളും നടപടികളും അതിനു തെളിവാണു്. എന്നാൽ മഹാത്മാഗാന്ധി സമാരംഭിച്ചതും ഇൻഡ്യയുടെ സ്വാതന്ത്ര്യസമരത്തിൽ കോൺഗ്രസ്സ് സ്വീകരിച്ചതുമായ സത്യഗ്രഹപ്രസ്ഥാനം അക്രമരാഹിത്യത്തെയും പരോപദ്രവമില്ലായ്മയെയും സിദ്ധാന്തപരമായും പ്രായോഗികമായും സ്വീകരിക്കുന്ന പ്രസ്ഥാനമാണു്. തന്നിമിത്തം കമ്മ്യൂണിസ്റ്റുകൾ സത്യഗ്രഹം അവരുടെ ലക്ഷ്യപ്രാപ്തിക്കുള്ള സമരമാർഗ്ഗമായി സ്വീകരിക്കുന്നതിൽ യാതൊരു യുക്തിയും പരമാർത്ഥതയും ഇല്ലതന്നെ എങ്കിലും സത്യഗ്രഹപ്രസ്ഥാനം ഇയ്യിടെയായി തിരുകൊച്ചിയിൽ പ്രത്യേകിച്ചും അവർ നടത്തിക്കൊണ്ടിരിക്കുകയാണു്. ചില ദൃഷ്ടാന്തങ്ങൾ ഉദ്ധരിക്കാം.

ശ്രീ മൂരിക്കൻെറ ചിന്തിരംതലംപാടത്തു കമ്മ്യൂണിസ്റ്റു നേതാക്കന്മാർ കൃഷിചെയ്തതാണെന്നു സിച്ചു് തൊഴിലാളികളെക്കൊണ്ടു സത്യഗ്രഹസമരം നടത്തി. കൊല്ലത്തു് കെ എ. കെ. ഫാക്ടറി ആഫീസിനുമുമ്പിലും ഫാക്ടറി ഉടമസ്ഥൻെറ പടിക്കലും സത്യഗ്രഹം. പുനലൂർ പേപ്പർമില്ലു് ഫാക്ടറിയുടെ മുൻപിൽ നിരാഹാരസത്യഗ്രഹം. കൊല്ലം ആശ്രാമം ടൈൽവർക്ക്സിൽ. അഞ്ചുതെങ്ങിൽ കയർ ഉല്പാദകരുടെ വീട്ടുപടിക്കൽ. കടയ്ക്കാവൂർ പഞ്ചായത്തു പ്രസി- പ്രസിഡൻറു് സ: ശിവാനന്ദൻ മുതലായവരുടെ സത്യഗ്രഹം. ഇങ്ങനെ മററു പല സ്ഥലങ്ങളിലും

### ഈ സത്യഗ്രഹശല്യം ഗവർമ്മെൻറ നിർത്തലാക്കണം

ഇൻഡ്യയിലെ തൊഴിലാളികൾക്കു് അത്യന്തം ആകർഷകമായ ഒരു പരിപാടിയാണു് ഈ സത്യഗ്രഹം. അദ്ധ്വാനിക്കണ്ട, ദേഹം അനങ്ങണ്ട, ഒരിടത്തു ചുമ്മാ കുത്തിയിരുന്നാൽ മതി, മററുള്ളവർ സത്യഗ്രഹിയുടെ സുഖസൗകര്യങ്ങൾ നോക്കിക്കൊള്ളും, വീട്ടിലെകാര്യങ്ങളും ഇതരന്മാരന്വേഷിച്ചുകൊള്ളും. കർമ്മവീരൻ, ധർമ്മവീരൻ എന്ന ഖ്യാതി നിഷ്പ്രയാസം ആർജ്ജിക്കാം. ചുരുവിൽ ഒരു വർഗ്ഗപ്രമാണിയോ നാട്ടുപ്രമാണിയോ ആയിത്തീരാം. മനുഷ്യസഹജമായ സമരതൃഷ്ണയ്ക്കു് അല്പം ശാന്തിയും ലഭിക്കും. എന്നിങ്ങനെ സത്യഗ്രഹാഭാസത്തെ ചിത്രീകരിച്ചശേഷം "ദീപിക"ഇങ്ങനെ തുടരുന്നു: എന്തായാലും തൊഴിലാളികളുടെ ഈ സത്യഗ്രഹന്യൂയിസൻസിനു് (ശല്യത്തിനു്) ഒരു പരിഹാരം വരുത്തേണ്ടതു് അത്യാവശ്യമായിത്തീർന്നിട്ടുണ്ടു്. ഇന്നത്തെ ഡെമോക്രസീസമ്പ്രദായത്തിൽ സത്യഗ്രഹത്തിനു ന്യായമായ സ്ഥാനമില്ല. അതുകൊണ്ടു കോൺഗ്രസ്സ് പാർട്ടിയും കോൺഗ്രസ് ഗവർമ്മെൻറും മുൻകൈയെടുത്തു ഈ ന്യൂയിസൻസിനെ നിയമവിരുദ്ധമാക്കേണ്ടതാണെന്നാണു് ഞങ്ങളുടെ അഭിപ്രായം. "ദീപിക"യുടെ അഭിപ്രായത്തോടു ഞങ്ങൾ പരിപൂർണ്ണമായി യോജിക്കുന്നു

* * *

## കോൺഗ്രസിൻെറ ഭ്രമം—

### വ്യക്തിക്കു് പ്രതിമാസം നൂറുരൂപാ ആദായം എന്ന തോതിൽ

തിരുകൊച്ചി പ്രദേശ്കോൺഗ്രസ്സ് എക്സിക്യൂട്ടീവു് കമ്മററിയുടെ യോഗം നവമ്പർ 21-ാം നു- ആലപ്പുഴവച്ചു കൂടിയപ്പോൾ ഭൂനയ സബ്കമ്മററി സമർപ്പിച്ച റിപ്പോർട്ടിനെപ്പററി പര്യാലോചന നടത്തി. ഭേദഗതികൾക്കുശേഷം താഴെപ്പറയുന്ന അഭിപ്രായങ്ങൾ ഉന്നയിക്കപ്പെട്ടു

"വ്യക്തിയുടെ അടിസ്ഥാനത്തിലായിരിക്കണം ഭൂപരിധി നിർണ്ണയിക്കേണ്ടതു്. ഒരു വ്യക്തിക്കു് പ്രതിമാസം 100 രൂ. വരുമാനം ഉണ്ടാകുന്നതോതിൽ ഭൂപരിധി നിർണ്ണയിക്കണം. അല്ലെങ്കിൽ ഒരാൾക്കു് 20000 രൂ. വിലയ്ക്കുള്ള ഭൂമി കൈവശം വച്ചുകൊണ്ടിരിക്കാം. ഈ വ്യവസ്ഥ ഇപ്പോൾ കൈവശമുള്ളതും മേലിൽ ഉണ്ടാകുന്നതുമായ ഭൂമിക്കു് ഒരുപോലെ ബാധകമാകണം. വിലയും ആദായവും കണക്കാക്കിയും, ആദായത്തിൻെറ അടിസ്ഥാനത്തിൽ സ്റ്റാൻറാർഡു് ഏക്കർ നിശ്ചയിച്ചശേഷവും മാത്രമേ ഭൂപരിധി നിർണ്ണയിക്കാവൂ. പ്രതിമാസം 100 ക. മററുവിധത്തിൽ സ്ഥിരവരുമാനമുള്ള ഒരാൾക്കു് കൃഷിഭൂമി കൈവശം വച്ചുകൊണ്ടിരിക്കുവാൻ പാടില്ല.

## ഉപകാരസ്മരണ



ഉട്ടീച്ചകാര്യം സാധിച്ചുതന്നതിനു് ഉപകാരസ്മരണ.
പി. ആർ. ത്രേസ്യാ
പനങ്കിക്കൽ, വട്ടാൽ

## അടുത്തആഴ്ചയിൽ

ഡിസംബർ
9 വ്യാ: സിപ്രിയാൻ
10 വെ: കന്യകമറിയത്തിൻെറ ഭവനമാററം
11 ശ: ദമസൂസ്
12 ഞാ: സൂവാറാ 3-ാംഞായർ
13 തി: ലൂസിയാ
14 ചൊ: നിക്കാസിയൂസ്
15 ബു: ററ്ലോറൻസ്

കൊടുങ്ങല്ലൂർ തീർത്ഥാടനകേന്ദ്രത്തിലെ വി. തോമ്മാശ്ലീഹായുടെ അനുഗ്രഹത്താൽ 10 വർഷമായിട്ടു ഒരു കുറവുമില്ലാതിരുന്ന എൻെറ രോഗത്തിലെ വേദന നിശ്ശേഷം മാറിയതിനു കൃതജ്ഞത.

K. J. R., Trichur

ദ്വിതീയ ചരമവാർഷികം
1954 ഡിസംബർ 3



പാലാത്തയ്യിൽ സ്കറിയ കുഞ്ഞൻ
പുത്തൻപള്ളി
"ഉപകാരനായ ഈശോയെ ഈ ആളുടെ ആത്മാവിനു് നിത്യാശ്വാസം കൊടുത്തരുളേണമെ."
R. I. P.

## പരിശുദ്ധ പിതാവിൻെറ ആലസ്യം

മാർപ്പാപ്പാ തിരുമേനിക്കു ഡിസമ്പർ 2-ാം തീയതി രാത്രി പെട്ടെന്നു ഒരു ഹൃദ്രോഗബാധയുണ്ടായി. അതോടെ ഛർദ്ദിയും ശക്തിയായുണ്ടായി. തിരുമനസ്സിലെ ആരോഗ്യസ്ഥിതി പൊതുവെ അല്പം മോശമായിട്ടുണ്ടെങ്കിലും ഉൽക്കണ്ഠാജനകമല്ലെന്നാണു ഡോക്ടറന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഉദരസംബന്ധമായ രോഗമാണല്ലോ ഈ വർഷാരംഭംമുതൽ തിരുമേനിയെ അലട്ടിക്കൊണ്ടിരുന്നിട്ടുള്ളതു്. പ്രസിദ്ധ ഡോക്ടറന്മാർ ജാഗ്രതയായി തിരുമേനിയെ ശുശ്രൂഷ പരിചരിച്ചുകൊണ്ടിരിക്കുകയാണു്. അവിടത്തെ സ്വന്തം ഡോക്ടറന്മാർക്കു പുറമെ റോം സർജിക്കൽ ക്ലിനിക്കിലെ പ്രൊഫസർ റാഫെലെ വൊളസി, ബൊളോണ സർവ്വകലാശാലയിലെ മെഡിക്കൽ ക്ലിനിക്കിൽ ജനറൽ മെഡിസിൻ പ്രൊഫസർ അന്തോണിയോ ഗ്യാസ്ബാറീനി മുതലായവരും തിരുമേനിയെ പരിശോധിക്കുകയുണ്ടായി. പരിശുദ്ധ പിതാവിൻെറ ആരോഗ്യത്തിനുവേണ്ടി നമുക്കു ദൈവത്തെ പ്രാർത്ഥിക്കാം.



കൊററമത്തി പള്ളിയിലെ ജൂബിലിയാഘോഷത്തിൽ ഹംസാസനത്തിൽ പ്രതിഷ്ഠിതമായ മാതൃസ്വരൂപം അത്യാഡംബരപൂർവ്വം എഴുന്നെള്ളിക്കപ്പെടുന്നു

### കൊററമത്തി

ഈ പള്ളിയിൽ മരിയൻജൂബിലി സമാപനാഘോഷങ്ങൾ 19, 20, 21 തീയതികളിൽ നിർവ്വഹിക്കപ്പെട്ടു. ശിശുദിനമായ വെള്ളിയാഴ്ച കാലത്തു ആറരമണിക്കു തിരുവല്ല സഹായമെത്രാൻ റൈററു് റവ മാർ അത്താനാസിയോസ് തിരുമനസ്സുകൊണ്ടു പതാക ഉയർത്തുകയും തുടർന്നു തിരുമേനിയുടെ കാർമ്മികത്വത്തിൽ ആഘോഷമായ പാട്ടുകർബാന അർപ്പിക്കുകയുംചെയ്തു. വിവിധ ഇടവകകളിൽനിന്നു വന്നുചേർന്നിരുന്ന കുട്ടികളുടെ ലഘുഭക്ഷണാനന്തരം ഒൻപതരമണിക്കു പൊതുയോഗം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്നു. റവ. ഫാദർ ഡോമിനിക്കു് കോയിക്കര എൽ പി എച്ചു്, എൽ ഡി പ്രസംഗിച്ചു. രണ്ടാംദിവസം കൊമ്പസ്ത്ദിനമായിരുന്നു. റവ. ഫാദർ കുര്യാക്കോസ് തുറപ്പുട്ടുശ്ശേരിൽ സ്വപസ്സുകർബാന പാടി. ഉച്ചകഴിഞ്ഞു തിരുകർമ്മങ്ങൾക്കുശേഷം പ്രസംഗം റവ ഫാ. ആൻഡ്രൂസ് ടി ഒ സി ഡി നിർവ്വഹിച്ചു. സമാപനദിവസമായ ഞായറാഴ്ച എറണാകുളം സഹായമെത്രാൻ റൈററു് റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ പൊൻറിഫിക്കൽ കർബാന പാടി. ഉച്ചകഴിഞ്ഞു മൂന്നുമണിക്കു മേരിനഗറിലേക്കുള്ള ആഡംബരപരവും ഭക്തിനിർഭരവുമായ പ്രദക്ഷിണം ആരംഭിച്ചു. കമനീയമായി അലങ്കരിച്ചിരുന്ന അരയന്നരഥത്തിൽ മാതൃസ്വരൂപം പ്രതിഷ്ഠിച്ചു് അനേകം വൈദികരുടേയും കന്യാസ്ത്രീകളുടേയും വിവിധ സഖ്യാംഗങ്ങളുടേയും വമ്പിച്ച ഒരു ജനക്കൂട്ടത്തിൻേറയും അകമ്പടിയോടുകൂടിയാണു് പ്രദക്ഷിണം മുമ്പോട്ടു നീങ്ങിയതു്. നാലരമണിയോടെ പ്രദക്ഷിണം ജൂബിലിപ്പന്തലിൽ എത്തിച്ചേർന്നു. ദിവ്യകാരുണ്യാശീർവ്വാദത്തെ തുടർന്നു റൈററു് റവ. ഡോക്ടർ പാറേക്കാട്ടിൽ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം സമാരംഭിച്ചു. റവ. ഫാദർ മാത്യു പാലമററം എം എ അവർകൾ പ്രസംഗിച്ചു. യോഗസാധാരണമായ ഇതരപരിപാടികളോടുകൂടി ആറരമണിക്കു പൊതുയോഗം സമാപിച്ചു.

### കടുത്തുരുത്തി

സ്ഥലത്തെ രണ്ടു ദേവാലയങ്ങളും യോജിച്ചു നവമ്പർ 19, 20, 21 എന്നീ തീയതികളിൽ ജൂബിലിസംബന്ധിച്ച സമാപനപരിപാടികൾ ഏററം മംഗളമായിനിർവ്വഹിച്ചിരിക്കുന്നു. ഒന്നാംദിവസമായ വെള്ളിയാഴ്ച വലിയപള്ളി പരിസരങ്ങളിൽ പതാക ഉയർത്തൽ നടന്നു. ശനിയാഴ്ച ഇരുദേവാലയങ്ങളിലും ആഘോഷമായ കർമ്മങ്ങൾ നിർവ്വഹിക്കപ്പെട്ടു. കാലത്തു 8 മണിക്കു സെൻറു് ജോർജ്ജ് പ്രൈമറിസ്കൂളിൽ വച്ചു സൊഡാലിററി, മിഷൻലീഗ് ഇവയുടെ സംയുക്തപൊതുയോഗവും ഉച്ചകഴിഞ്ഞു ഇംഗ്ലീഷ് ഹൈസ്കൂളിൽവച്ചു ലീജിയൻ ഓഫ് മേരിയുടെ ഉൽഘാടനയോഗവും നടന്നു. മൂന്നാംദിവസം ഞായറാഴ്ച ഇരുദേവാലയങ്ങളിലും നടത്തപ്പെട്ട തിരുകർമ്മങ്ങളെത്തുടർന്നു ഉച്ചകഴിഞ്ഞു വെള്ളാശ്ശേരിയിലുള്ള ലൂർദ്ദുകപ്പേളയിൽനിന്നു താഴത്തുപള്ളിയിലേക്കു ഒരു പരിഹാരപ്രദക്ഷിണം നടത്തപ്പെട്ടു. സമീപസ്ഥലങ്ങളിൽനിന്നുള്ള ജാഥകൾ ഈ പ്രദക്ഷിണത്തിൽ പങ്കെടുത്തു. വൈകിട്ടു് താഴത്തെ പള്ളിയിൽനിന്നു സമാരംഭിച്ച പരിശുദ്ധ കർബാനയുടെ പ്രദക്ഷിണം കമനീയമായി അലങ്കരിച്ചിരുന്ന പബ്ലിക്കുറോഡിൽ കൂടി കടന്നു വലിയപള്ളിയുടെ കരിങ്കൽതൊട്ടിയിൽ സജ്ജമാക്കിയിരുന്ന വിശാലവും മനോഹരവുമായ പന്തലിൽ എത്തിച്ചേർന്നു. നിരവധി വൈദികരും, കന്യാസ്ത്രീകളും അനേകായിരം ഭക്തജനങ്ങളും അതിൽ പങ്കെടുത്തു. പരിശുദ്ധ കർബാനയുടെ വാഴ്‌വിനെത്തുടർന്നു വെരി റവ. ഡോക്ടർ എൽ ജെ ചിററൂർ അവർകൾ ജൂബിലിപ്രസംഗം നിർവ്വഹിച്ചു.

### അതിരമ്പുഴ

മരിയജൂബിലിയുടെ സമാപനപരിപാടികൾ നവമ്പർ 19, 20, 21 എന്നീ തീയതികളിൽ അത്യാഡംബരപൂർവ്വം ഇവിടെ നിർവ്വഹിക്കപ്പെട്ടു. വിസ്തൃതമായ പള്ളിമൈതാനത്തിൻെറ കിഴക്കുഭാഗത്തായി പണിതീർത്തിട്ടുള്ള ജൂബിലിസ്മാരകഗ്രോട്ടോയുടെ വെഞ്ചരിപ്പുകർമ്മം പരിപാടിയിൽ പ്രത്യേകസ്ഥാനമർഹിക്കുന്നതാണു്. വെള്ളിയാഴ്ച വൈകിട്ടു വികാരി വെരി റവ. ഡോക്ടർ എൽ. ജെ. ചിററൂർ പതാക ഉയർത്തൽ കർമ്മം നിർവ്വഹിച്ചു. ശനിയാഴ്ച കാലത്തു പള്ളിയിലെ കർമ്മങ്ങൾക്കുശേഷം റവ ഫാദർ കുര്യാക്കോസ് എളങ്ങോക്കാട്ടു് എം എ അവർകളുടെ അദ്ധ്യക്ഷതയിൽ സൊഡാലിററി, ലീജിയൻ ഓഫ് മേരി എന്നീ സംഘടനകളുടെ വാർഷികപൊതുയോഗം നടന്നു. ഉച്ചതിരിഞ്ഞു 4 മണിക്കു ചാരങ്കരിത്തു പള്ളിയിൽനിന്നും സമാരംഭിച്ച ഗംഭീരമായ ഘോഷയാത്ര പള്ളിമൈതാനത്തെത്തിയതോടെ ഗ്രോട്ടോയുടെ വെഞ്ചരിപ്പുകർമ്മം ആരംഭിച്ചു. ചങ്ങനാശേരി മെത്രാൻ റൈററു് റവ. ഡോക്ടർ മാത്യു കാവുകാട്ടു് തിരുമേനി ഗ്രോട്ടോ വെഞ്ചരിച്ചു മാതൃസ്വരൂപം പ്രതിഷ്ഠിക്കുകയും തുടർന്നു ലൂർദ്ദിനേയും മാതൃഭക്തിയേയും ആസ്പദമാക്കി പ്രസംഗിക്കുകയുംചെയ്തു. 21-ാംതീയതി ഞായറാഴ്ച സമാപനപരിപാടികൾ തിരുവല്ലാ സഹായമെത്രാൻ റൈററു് റവ. മാർ സക്കറിയാസ് അത്തനാസിയോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിലാണു നടന്നതു്. തിരുമനസ്സുകൊണ്ടു കാലത്തു ഗ്രോട്ടോയിൽ ആഘോഷമായ കർബാനയർപ്പിച്ചു. തുടർന്നു സമാപനസമ്മേളനവും സ്ഥലത്തെ വേദപ്രചാരണസഹായസംഘത്തിൻെറ 12-ാമതു വാർഷികവും തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ എം. സി മാത്യു ബി എ (ഓണേഴ്സ്) അവർകൾ പ്രസംഗിച്ചു. ജൂബിലിയാഘോഷപരിപാടികളെല്ലാം ഉച്ചയോടുകൂടി സമംഗളം പര്യവസാനിച്ചു.

### കോഴിക്കോട്

മരിയൻജൂബിലിയുടെ സമാപനാഘോഷങ്ങൾ കോഴിക്കോടു പ്രോവിഡൻസ് കോളേജുമന്ദിരത്തിൽവച്ചു നവമ്പർ 20, 21 തീയതികളിൽ സാഡംബരം നിർവ്വഹിക്കപ്പെട്ടു. നാനാഭാഗങ്ങളിൽനിന്നും തടിച്ചുകൂടിയ ജനാവലിയുടെ ഭക്തിപ്രകർഷം സമാകർഷകമായിരുന്നു. ശനിയാഴ്ച വൈകിട്ടു് അഞ്ചരമണിക്കു് കോഴിക്കോട്ടുമെത്രാൻ റൈററു് റവ ഡോക്ടർ പത്രോണി എസ് ജെ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ മരിയൻ അക്കാഡമി സമാരംഭിച്ചു. ശ്രീ പി. എൽ. ജോർജ്ജ് ബി എ ബി ടി യാണു പ്രാരംഭപ്രസംഗം നിർവ്വഹിച്ചതു്. സമ്മേളനത്തിൽ വിവിധ സ്ഥാപനങ്ങളിലെ വിദ്യാർത്ഥിവിദ്യാർത്ഥിനികൾ മറിയത്തിൻെറ ജീവിതസംഭവങ്ങളെ ആധാരമാക്കി അഭിനയങ്ങൾ നടത്തി. റവ. ഫാദർ ജെ കെ തയ്യിൽ രചിച്ചു പരിശീലിപ്പിച്ച "മേരിചരിത്രത്തിലൂടെ" എന്ന അഭിനയം പ്രത്യേകിച്ചും ഉൽബോധജനകമായിരുന്നു. രണ്ടാംദിവസമായ ഞായറാഴ്ച കാലത്തു ആഘോഷമായ ദിവ്യബലിയും പൊതുദിവ്യകാരുണ്യസ്വീകരണവും നടന്നു. വൈകിട്ടു നാലേകാൽ മണിക്കു കത്തീഡ്രൽ ദേവാലയത്തിൽനിന്നും മെത്രാനച്ചൻ തിരുമേനിയെ മൈതാനിയിലേക്കു ആഡംബരപൂർവ്വം ആനയിക്കുകയും അവിടെ പ്രത്യേകം തയാർചെയ്തിരുന്ന അൾത്താരയിൽ തിരുമേനി പൊൻറിഫിക്കൽ ദിവ്യബലി അർപ്പിക്കുകയുംചെയ്തു. അഞ്ചുമണിക്കു പരിശുദ്ധ കർബാനയുടെ പ്രദക്ഷിണം ആരംഭിച്ചു. മനോഹരമായി അലങ്കരിച്ചിരുന്ന വഴിത്താരകളിലൂടെ ക്രിസ്തുരാജൻെറ വിജയയാത്ര മന്ദംമന്ദം മുന്നോട്ടുനീങ്ങി. മനോഹരമായി അലങ്കരിച്ച ഒരു ജീപ്പിലാണു് അരുളിക്കാ പ്രതിഷ്ഠിച്ചിരുന്നതു്. മെത്രാനച്ചൻ തിരുമേനി തന്നെ പ്രധാനകാർമ്മികത്വം വഹിച്ചു. പ്രദക്ഷിണം സെൻറു് ജോസഫ്സ് പള്ളിയങ്കണത്തിൽ എത്തി അവിടെ സജ്ജമാക്കിയിരുന്ന പ്രത്യേക അൾത്താരയിൽ വിശുദ്ധ കർബാന സ്ഥാപിച്ചശേഷം, റവ. ഫാദർ പനിക്കോട്ടു് ബി എ അവർകൾ പരിശുദ്ധ കർബാനയേയും പരിശുദ്ധ കന്യകമറിയത്തേയും സംബന്ധിച്ചു പ്രസംഗം നടത്തി. അതിനുശേഷം വിശുദ്ധ കർബാനയുടെ ആശീർവ്വാദത്തോടുകൂടി പരിപാടികൾ സമാപിപ്പിക്കപ്പെട്ടു.

### മമ്മിയൂർ

സ്ഥലം ലിററിൽ ഫ്ളവർ കോൺവെൻറു് കപ്പേളയിൽ നവമായി സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ മരിയൻജൂബിലി ആഘോഷിച്ചിരിക്കുന്നു.

നവംബർ 13-ാംനു ഉച്ചതിരിഞ്ഞു് നാലരമണിക്കു് സഖ്യാംഗങ്ങളുടെ ജപമാല പ്രദക്ഷിണം നടന്നു. 14-ാംനു ഞായറാഴ്ച ഉച്ചതിരിഞ്ഞു സ്ഥലം സ്കൂൾഹാളിൽ റവ: ഫാ. ആൻറണി മാളിയേക്കൽ ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം ചേർന്നു. തൃശ്ശൂർ മെത്രാൻ റൈററു് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമനസ്സുകൊണ്ടു് ആദ്ധ്യക്ഷംവഹിച്ചു ശ്രീ കെ റാഫേൽ തോമസ്സ് ബി. എ. എൽ. ടി. അവർകളുടെ പ്രസംഗവും സഖ്യാംഗങ്ങളുടെ "വെണ്ണിലാ" എന്ന നാടകാഭിനയവും ചെറുപ്പക്കാരുടെ മററു കലാപ്രകടനങ്ങളും ഉണ്ടായിരുന്നു.



കാഞ്ഞിരപ്പള്ളി ഫൊറോനാപ്പള്ളിയിൽ മരിയൻ ജൂബിലിസ്മാരകമായി പണിതീർത്തിട്ടുള്ളതും ഒക്ടോബർ 31-ാംനു ചങ്ങനാശേരി മെത്രാൻ റൈററു് റവ. ഡോക്ടർ മാത്യു കാവുകാട്ടു് തിരുമനസ്സുകൊണ്ടു് ആശീർവ്വദിച്ചതുമായ ലൂർദ്ദുഗ്രോട്ടോ. എല്ലാ ശനിയാഴ്ചയും ആറരമണിക്കു ഗ്രോട്ടോയിൽ കർബാനയുണ്ടു്.

## നിര്യാണങ്ങൾ

ആരക്കുഴ ഇടവകാംഗവും റൈററു് റവ. മോൺ മാത്യു പോത്തനാമൂഴി അവർകളുടെ മാതാവുമായ ശ്രീമതി മറിയം വാർദ്ധക്യസഹജമായ സുഖക്കേടുമൂലം ഡിസമ്പർ 4-ാംനു പകൽ 11-45നു് 93-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം ഉച്ചതിരിഞ്ഞു 30-ൽപരം വൈദികരുടേയും വലിയ ഒരു ജനക്കൂട്ടത്തിൻേറയും സാന്നിദ്ധ്യത്തിൽ നിർവ്വഹിക്കപ്പെട്ടു.

കോന്തുരുത്തിപള്ളി ഇടവക (പുത്തൻവീട്ടിൽ) പരേതനായ ചാലാരഞ്ചേരി കുഞ്ഞുവറിയതു അവർകളുടെ ഭാര്യ ശ്രീമതി അന്നം 75-ാമത്തെ വയസ്സിൽ ഡിസമ്പർ 4-ാംനു വൈകിട്ടു 5 മണിക്കു മരണം പ്രാപിച്ചു. പരേത, മലബാർ മെയിൽ സത്യദീപം മുതലായവയുടെ പ്രസാധകനായ ശ്രീ കെ. എൽ. വക്കി അവർകളുടെ സഹോദരിയാണു്. പിറേറദിവസം പല ബ. വൈദികരുടേയും വലിയ ഒരു ജനക്കൂട്ടത്തിൻേറയും സാന്നിദ്ധ്യത്തിൽ ശവസംസ്കാരം നിർവ്വഹിക്കപ്പെട്ടു.

എറണാകുളം സെൻറു് അഗസ്റ്റിൻസ് ഹൈസ്കൂളിലെ അദ്ധ്യാപകനായിരുന്ന ശ്രീ പി ജെ. ജോസഫ് (പേരയിൽ) ബി. എ. അവർകൾ ഡിസമ്പർ 2-ാംനു ഹൃദ്രോഗംമൂലം നിര്യാതനായി. 3-ാംതീയതി രാവിലെ ഹെഡ്മാസ്റ്റർ റവ ഫാദർ പൌലോസ് വട്ടോലി ബി എ ബി. ടി. അവർകളുടെ പ്രധാന കാർമ്മികത്വത്തിലും പല ബ. വൈദികരുടേയും സഹാദ്ധ്യാപകന്മാരുടേയും അദ്ധ്യേതാക്കളുടേയും വമ്പിച്ച ഒരു ജനസഞ്ചയത്തിൻേറയും സാന്നിദ്ധ്യത്തിലും ശവസംസ്കാരകർമ്മങ്ങൾ എറണാകുളം മെത്രാപ്പോലീത്തൻപള്ളി സിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

R. I. P.

# പരിശുദ്ധകന്യകയും ദർശനങ്ങളും

(കെ. സി. ചാക്കോ എം. എ., എം. എസ്. etc.)

ഉദ്ദേശം ഒരു നൂററാണ്ടിനുമുമ്പ് പിരണീസ് പർവ്വതപ്രാന്തങ്ങളിലുള്ള മസ്സാബിയേൽ എന്ന ഗുഹയിൽ പരിശുദ്ധ കന്യക പ്രത്യക്ഷപ്പെട്ടുവെന്ന് ഇന്നു ബഹുഭൂരിപക്ഷം ജനങ്ങളും വിശ്വസിക്കുന്നു. അതുപോലെ മുപ്പത്തേഴു കൊല്ലം മുമ്പ് ഫാത്തിമായിലും മാതാവു പ്രത്യക്ഷപ്പെട്ടുവെന്ന് ഏതാണ്ടു നിശ്ചയമായി പലരും വിശ്വസിക്കുന്നു. ഇത്രയും പ്രസിദ്ധമായിട്ടില്ലെങ്കിലും മററു ചില സ്ഥലങ്ങളിലും ഓരോ കാലത്ത് പരിശുദ്ധ കന്യക പ്രത്യക്ഷപ്പെട്ടുവെന്ന് ചിലരെല്ലാം വിശ്വസിച്ചുവരുന്നുണ്ട്.



നമ്മുടെ അടുത്ത പ്രദേശങ്ങളിൽത്തന്നെ ഈ അമ്മയുടെ ദർശനങ്ങൾ ചില വ്യക്തികൾക്ക് ഉണ്ടായതായി അവകാശപ്പെടുകയും വിശ്വസിക്കുകയും ചെയ്യുന്നവരുണ്ടെന്നു തോന്നുന്നു.

സ്വഭാവാതീതമായ സംഭവങ്ങളേയും കാഴ്ചകളേയും യുക്തിപൂർവ്വം ചോദ്യംചെയ്യുന്ന ഒരു തലമുറയിൽ ഈ മാതിരി ദർശനങ്ങളേയും, രഹസ്യവെളിപാടുകളേയും പററി അഭ്യസ്തവിദ്യരെന്നഭിമാനിക്കുന്ന ശാസ്ത്രജ്ഞന്മാർക്ക് എന്തുപറയാനുണ്ട് എന്നന്വേഷിക്കാതെ, സാമാന്യബുദ്ധിയുള്ളവരുടെ വിവേകത്തേയും വിജ്ഞാനത്തേയും അടിസ്ഥാനമാക്കി അവയ്ക്ക് എന്തു സ്വീകാര്യത നൽകാമെന്നു അന്വേഷിക്കുന്നത് ഉപകാരപ്രദമായിരിക്കും. ശാസ്ത്രീയദൃഷ്ട്യാ, അളന്നോ തൂക്കിയോ നിശ്ചയിക്കാവുന്ന തെളിവുകളില്ലാതെ, വെറും സാങ്കല്പികമായ ആശയങ്ങളിലൂടെ, മനുഷ്യരെ ഓരോ പ്രത്യേക പെരുമാററങ്ങളിലേക്കാകർഷിക്കുന്ന സംഭവങ്ങളെ നാം എങ്ങനെ സ്വീകരിക്കും? എന്തിനു സ്വീകരിക്കണം?

സൃഷ്ടിയുടെ ആരംഭകാലത്തു് ദൈവംതന്നെ മനുഷ്യനുവേണ്ട നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. പിന്നീട് പ്രവാചകന്മാരുടെ കാലമായി. പ്രവചനങ്ങളുടെ പൂർത്തീകരണമായി ദൈവപുത്രൻ മനുഷ്യാവതാരംചെയ്തു് ലോകത്തിനു ജീവനും വഴിയും സത്യവും കാണിച്ചുതന്നു. അതിനെക്കാൾ പൂർണ്ണമായ ഒരുപദേശം ആർക്കെങ്കിലും എന്നെങ്കിലും ലോകത്തിനു നൽകാനില്ല. അതുകൊണ്ടു് ഔദ്യോഗികമായ വെളിപാടുകൾ പുതിയ നിയമത്തോടെ പൂർത്തിയായി എന്നു പറയാം.

എന്നാൽ അതുകൊണ്ടു് വെളിപാടുകൾ പൂർണ്ണമായി അവസാനിച്ചുവെന്നു പറഞ്ഞുകൂടാ. ദൈവത്തിനു് എന്നും, ആരോടും ആരുവഴിയായും സംസാരിക്കാം. അതിന്റെ സ്ഥലവും സമയവും ആവശ്യവും എല്ലാം ദൈവത്തിനു് തിരഞ്ഞെടുക്കുകയും ചെയ്യാം. അതെല്ലാം അപൂർണ്ണജ്ഞാനം മാത്രമുള്ള മനുഷ്യന്റെ തിരിച്ചറിവിൽ ഒതുങ്ങിയവയായിരിക്കണമെന്നില്ല. ഇങ്ങനെയുള്ള രഹസ്യവെളിപാടുകളിൽ ഒന്നുമാത്രമേ ദൈവത്തിനു് ചെയ്യാൻ പാടില്ലായ്കയുള്ളു. അതു് സത്യത്തിനു വിരുദ്ധമായ പ്രബോധനങ്ങൾ നൽകുകയാണ്. മനുഷ്യാവതാരംചെയ്ത ദൈവപുത്രൻ ലോകത്തിനു നൽകിയ സത്യത്തേയും മാർഗ്ഗത്തേയും ജീവനേയും വെല്ലുവിളിക്കാത്ത ഏതു രഹസ്യവെളിപാടും ദൈവത്തിനു് എപ്പോൾ വേണമെങ്കിലും നൽകാവുന്നതാണ്. അതുകൊണ്ടു് രഹസ്യവെളിപാടുകളെ തിരുസഭ നിഷേധിക്കുന്നില്ല. അതു് സന്മാർഗ്ഗത്തിനും, നീതിബോധനത്തിനും അംഗീകരിക്കപ്പെട്ട വെളിപാടുകൾക്കും എതിരാകാത്തിടത്തോളംകാലം അവയിൽ വ്യക്തികൾ വിശ്വസിക്കുന്നതിനെ തിരുസഭ തടയുന്നുമില്ല.

എന്നാൽ വ്യക്തികൾ അവർക്കു് അനുഭവപ്പെട്ടതായി അവകാശപ്പെടുന്ന വെളിപാടുകളും ദർശനങ്ങളും ഓരോന്നും സാധാരണഗതിയിൽ പരിശോധിച്ചു് തൊററവരത്തിന്റെ മുദ്രനൽകി വിശ്വാസികളെക്കൊണ്ടു് അംഗീകരിപ്പിക്കാൻ തിരുസഭ മുന്നോട്ടുവരാറില്ല. വരേണ്ട ചുമതലയുമില്ല. എങ്കിലും ചിലപ്പോൾ വലിയ ജനവിഭാഗങ്ങളെ ഏതെങ്കിലും പ്രത്യേകനടപടികളിലേക്കു് ആകർഷിക്കുന്ന സംഭവങ്ങൾ എവിടെയെങ്കിലും ഉണ്ടാകുന്നതായാൽ, ആ നടപടികൾ വെളിപ്പെടുത്തപ്പെട്ട സത്യത്തിനും സന്മാർഗ്ഗബോധത്തിനും എതിരാണോയെന്നു് അന്വേഷിക്കാനും, എതിരല്ലെങ്കിൽ അങ്ങനെ ചെയ്യുന്നതിനു് വിരോധമില്ല എന്നു പറയുവാനും വെളിപാടുകൂടാതെതന്നെ സഭ അംഗീകരിച്ചിട്ടുള്ള നന്മപ്രവൃത്തികളാണു് വെളിപാടുകളിലും ആവശ്യപ്പെടുന്നതെങ്കിൽ അതിനെ പ്രോത്സാഹിപ്പിക്കാനും, തിരുസഭ മടിക്കുന്നില്ല. അങ്ങനെ ചെയ്യുന്നുമുണ്ട്. അത്ഭുതങ്ങൾ സംഭവിച്ചുതായിട്ടുള്ള പ്രസ്താവങ്ങളേയും തിരുസഭ നിഷേധിക്കുന്നില്ല. പക്ഷേ അവ സംഭവിച്ചുവെന്നു് വിശ്വസിച്ചുകൊള്ളണമെന്നു് സഭ ആരേയും നിർബന്ധിക്കുന്നില്ല. രഹസ്യവെളിപാടുകളോ ദർശനങ്ങളോ ലഭിച്ചവരെ തിരുസഭ പേരുവിളിച്ചുവെന്നു വന്നാലും അതു് ആ വെളിപാടുകൾക്കോ ദർശനങ്ങൾക്കോ ഉള്ള അനിഷേധ്യമായ തെളിവല്ല. പേരുവിളിച്ചതു് ആ വിശുദ്ധന്റെ അല്ലെങ്കിൽ വിശുദ്ധയുടെ വീരോചിത സുകൃതംനിറഞ്ഞ ജീവിതംമൂലമാണ്. കുറേക്കാലം കഴിഞ്ഞു് ഒരു സ്ഥലത്തു നടന്ന അത്ഭുതങ്ങൾ അത്ഭുതങ്ങളല്ലെന്നും, അന്നു് അജ്ഞാതമായിരുന്ന ചില പ്രകൃതിനിയമങ്ങൾക്കനുസരിച്ചുതന്നെ സംഭവിച്ചതാണെന്നും വന്നാലും തിരുസഭയുടെ നിൽപ്പു് അന്നും ന്യായയുക്തമായിരിക്കും. കാരണം, ഒരു സ്ഥലത്തിനോ, വ്യക്തിക്കോ, സംഭവത്തിനോ അല്ല തിരുസഭ സ്വീകാര്യത നൽകിയതു്. പിന്നെയോ, നേരത്തെ അംഗീകരിക്കപ്പെട്ട ചില നടപടികൾ കൂടുതലായി നടത്തുന്നതിനു മാത്രമേ തിരുസഭ അംഗീകാരം നൽകുന്നുള്ളൂ. അതു് ആ സ്ഥലവും വ്യക്തികളും സംഭവങ്ങളും കൂടാതെതന്നെ നിലനില്ക്കുന്നതുമാണല്ലോ. ഈ പശ്ചാത്തലത്തിൽ വേണം, നാം പരിശുദ്ധ കന്യകയുടെ ദർശനങ്ങളെപ്പററിയുള്ള വിവരങ്ങളെ സ്വീകരിക്കുവാൻ.

നാം കേട്ടിട്ടുള്ള മാതാവിനെ സംബന്ധിക്കുന്ന രഹസ്യവെളിപാടുകളുടേയും, ദർശനങ്ങളുടേയും വിവരങ്ങളെ ചരിത്രത്തിന്റെയും ശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ പരിശോധിച്ചശേഷം അവയെ വിശ്വസിക്കാനോ വിശ്വസിക്കാതിരിക്കാനോ ഒരു കത്തോലിക്കനു് പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ടു്. സഭയുടെ അധികാരികൾ അംഗീകരിച്ചിട്ടുള്ള സത്യത്തിനും സന്മാർഗ്ഗത്തിനും വിരുദ്ധമാണു് അവയിലെ പ്രബോധനങ്ങളെന്നു വന്നാൽമാത്രം അവയിൽ വിശ്വസിക്കരുതെന്നേ നിർബന്ധമുള്ളൂ. വിരുദ്ധമല്ലെങ്കിൽ വിശ്വസിക്കണമെന്നു നിർബന്ധവുമില്ല എന്നതാണു് പ്രത്യേകം എല്ലാവരും മനസ്സിലാക്കാനുള്ളതു്. എന്നാൽ അനുകരണീയവും പ്രയോജനകരവുമായ നിർദ്ദേശങ്ങൾ ചില രഹസ്യവെളിപാടുകളിൽ ലഭിച്ചിട്ടുള്ളതു് ജനങ്ങൾ സാർവ്വത്രികമായി സ്വീകരിക്കുവാനുള്ള ചില പ്രോത്സാഹനങ്ങൾ — പ്രേരണകൾ പോലും—സഭയുടെ അധികാരികൾ ചിലപ്പോൾ നൽകുന്നുണ്ടു്.

ലൂർദ്ദിലേയും ഫാത്തിമായിലേയും സംഭവങ്ങളുടെ വിവരണം സസൂക്ഷ്മം പഠിക്കുന്ന ഒരാളിനു് അവയെ അവിശ്വസിക്കാനാണു പ്രയാസം. അന്ധവിശ്വാസങ്ങൾ പാടിച്ചുപാടുന്നവരേ ഇതാ ഒക്കെ വിശ്വസിക്കൂ എന്നു പറയുന്നവരോട്, ദൈവികരതിയെ ചോദ്യംചെയ്യുന്നവരേ നൂയിൽ പലതും അവിശ്വസിക്കൂ എന്നേ പറയാനുള്ളൂ. പറയത്തക്ക വിദ്യാഭ്യാസമോ വിജ്ഞാനമോ സാമുദായിക സ്ഥാനമാനങ്ങളോ ഉൽക്കർഷപൂർവ്വപാരമ്പര്യമോ ഇല്ലാത്ത ചെറുബാലികകൾ, ആണു് പലപ്പോഴും ദർശനഭാഗ്യംകൊണ്ടു് അനുഗ്രഹിക്കപ്പെടുന്നവർ. ലൂർദ്ദിലെ ബെർണ്ണദെ, ഫാത്തിമായിലെ ലൂസി, ജസീന്താ! അവർ ഇങ്ങനെ ഓരോ കെട്ടുകഥ ചമച്ചുണ്ടാക്കി അനന്തരം മതാധികാരികളുടെ അന്വേഷണത്തിനും, പീഡനത്തിനുമൊക്കെ വിധേയരാകാൻ അവരെ പ്രേരിപ്പിച്ചിരിക്കാവുന്ന ഒരു ഇല്ലാത്ത ശക്തിയെ ആലോചിച്ചു കണ്ടുപിടിക്കാനാണു് വിഷമം. ആയുശ്ശേഷം ഒരു കന്യകാലയത്തിന്റെ നിഗൂഢതയിലേക്കും തപസ്സിനടുത്ത ജീവിതത്തിലേക്കുംമാത്രം വഴിതെളിച്ച ഈ ദർശനങ്ങളുടെ കഥ, ഉള്ളിൽ അടക്കാൻവയ്യാത്ത സത്യത്തിന്റെ പ്രേരണകൊണ്ടുമാത്രം അവർ പുറത്തുപറഞ്ഞതാണെന്നു് വിശ്വസിക്കുകയല്ലേ കൂടുതൽ യുക്തിക്കു ചേർന്നതു്. വെളിപാടുകൾ ലഭിച്ചിട്ടുള്ളവരുടെ രഹസ്യജീവിതം സൂക്ഷ്മമായി പഠിക്കുന്നവർക്കു്, അവരുടെ ആത്മാർത്ഥത വെളിപ്പെടും. സ്വകാര്യലാഭത്തിനു് വിദൂരസാദ്ധ്യതപോലുമുള്ള യാതൊരു ഭൗതികവും ഈ ദർശനങ്ങളിൽ ആർക്കും ലഭിക്കുന്നില്ല. അവരവരുടെ പാപങ്ങളെപ്പററി അനുതപിക്കാനും പ്രായശ്ചിത്തപ്രവൃത്തികൾ ചെയ്യാനും മാത്രമായിരുന്നു ആവർത്തിച്ചാവർത്തിച്ചുള്ള ലൂർദ്ദിലെ സന്ദേശം. അതുകൊണ്ടു് ബെർണ്ണദേക്കു് എന്തു നേട്ടമാണു് ലോകത്തിൽ ലഭിക്കുക. ഫാത്തിമായിലെ ലൂസിക്കോ അനേകംനാളായി തിരുസഭ സാധാരണക്കാരുടെ പ്രാർത്ഥനയായി സ്വീകരിച്ചിട്ടുള്ള ജപമാല കൂടുതൽ ഭക്തിയോടുകൂടി ചൊല്ലാനുള്ള ആഹ്വാനവും. പാവപ്പെട്ട ആ കുഞ്ഞുങ്ങളെ വഞ്ചിച്ചും വേഷംകെട്ടിച്ചും വേണോ തിരുസഭയ്ക്കു് ഇങ്ങനെ ഒരു ഭക്തിമാർഗ്ഗം പ്രചരിപ്പിക്കുവാൻ? ഇങ്ങനെ ആലോചിച്ചാൽ അത്ഭുതങ്ങളും ദർശനങ്ങളും അസംഭാവ്യമാണെന്ന മുൻവിധിയോടുകൂടി ഹൃദയകവാടങ്ങളെ അടച്ചിരിക്കുന്നവർക്കൊഴികെ എല്ലാവർക്കും ഒരു വസ്തുത ബോദ്ധ്യമാകും. ലൂർദ്ദിൽ ബെർണ്ണദേക്കു് സ്വഭാവാതീതമായ എന്തോ ഒരു അനുഭവം ഉണ്ടായി. ഫാത്തിമായിൽ ലൂസിക്കു് അതുപോലെ ചില അനുഭവങ്ങൾ ഉണ്ടായി. അതു ലോകത്തിനു് ഗുണകരമായ ചില കർമ്മപരിപാടികളെ പുഷ്ടിപ്പെടുത്തുവാൻ ദൈവം അനുവദിച്ചതാണു്. പരിശുദ്ധ കന്യക സശരീരയായി—പലസ്തീനായിൽക്കൂടി സഞ്ചരിച്ചിരുന്ന കാലത്തെപ്പോലെ—മസാബിയേൽ ഗുഹയിലോ, ഫാത്തിമായിലെ വൃക്ഷത്തിലോ വന്നുനിന്നുവെന്നു് ആരും കരുതേണ്ട. സ്വർഗ്ഗീയദീപ്തി ചിതറുന്നതായും പ്രകാശം ഘനീഭവിച്ചതായും തോന്നിക്കുന്ന ശരീരങ്ങളാണു് കുട്ടികൾ കണ്ടതു്. സാധാരണ മാനുഷികനേത്രങ്ങൾക്കു് അദൃശ്യവുമായിരുന്നല്ലോ ആ ദർശനങ്ങൾ. അതുകൊണ്ടു് അവർ മാതാവിനെ കണ്ടുവെന്നു പറയുന്നതു്, നാം ഓരോരുത്തരും പരസ്പരം കാണുന്നതുപോലെയാണെന്നു ദർശനം ലഭിച്ചവർക്കു അനുഭവപ്പെട്ടെങ്കിലും അങ്ങനെ ആയിരുന്നിരിക്കണം എന്നില്ല. അവർ ദർശനവേളയിൽ പരിശുദ്ധ കന്യകയെ സ്പർശിക്കാൻ ശ്രമിച്ചിരുന്നെങ്കിൽ എന്തു അനുഭവപ്പെടുമായിരുന്നുവെന്നു നമുക്കു നിശ്ചയിച്ചുകൂടാ. ലഭ

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദി. താമസിച്ചതിൻ ക്ഷമാപണം.

കെ. ജെ. നീലങ്കാവിൽ,
പാവറട്ടി

## ഒരു ചരമം



തൃപ്പൂണിത്തുറ പാലത്തിങ്കൽ ശ്രീ അന്തോണി വക്കീ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം നവ. 22-ാം തിയതി രാത്രി 9 മണിക്കു 76-ാമത്തെ വയസ്സിൽ നിര്യാതനായി. പിറേറദിവസം വൈകുന്നേരം 5 മണിക്കു പല ബഹു: വൈദികരുടേയും ബന്ധുമിത്രാദികളുടേയും വമ്പിച്ച ഒരു ജനാവലിയുടേയും അകമ്പടിയോടുകൂടി മൃതദേഹം യഥാവിധി തൈപ്പറമ്പിൽ സെൻറ് ജെയിംസ് ദേവാലയ സിമത്തേരിയിൽ സംസ്കരിക്കപ്പെട്ടു. R. I. P.

## Thanksgiving



For Favours Received
Excuse delay

A Priest


# ജീവിതത്തിന്റെ സായാഹ്നത്തിൽ!

ഇന്നു നിങ്ങൾ ഒരു യുവാവാണ്. ചൊടിയും ചുറുചുറുക്കുമുള്ള ഒരു യുവാവ്. ഇന്നു നിങ്ങൾ ധനസമ്പാദനത്തിനു് പ്രാപ്തനാണ്. സമ്പാദിക്കുന്നുമുണ്ടു്. അങ്ങിനെ ഒന്നിനേയും കൂസാതെ ജീവിതത്തിൽ നിങ്ങൾ മുന്നേറുന്നു.

പക്ഷേ ഇതോടുകൂടിത്തന്നെ വാർദ്ധക്യത്തിലേക്കും നിങ്ങൾ മുന്നേറുകയാണ്, ശക്തിക്ഷയിച്ചു് ഒന്നിനും പ്രാപ്തനല്ലാത്ത ഒരവസ്ഥയിലേക്കു്. ധനസമ്പാദനത്തിനുള്ള കഴിവുകൾ ക്ഷയിച്ചുവരുന്ന അക്കാലത്തേക്കു് ഇന്നത്തെ നിങ്ങളുടെ സമ്പാദ്യങ്ങൾ സൂക്ഷിച്ചുവെയ്ക്കുക. ഇതിനു് നിങ്ങളെ സഹായിക്കുന്നതിനു്

## ഫെഡറൽ മിച്ചനിക്ഷേപപദ്ധതി

ഞങ്ങൾ ആവിഷ്ക്കരിച്ചിരിക്കുന്നു.

നിങ്ങളുടെ വരുമാനത്തിൽനിന്നും മാസംതോറും ഒരു നിശ്ചിതസംഖ്യ മിച്ചംവച്ചു് ബാങ്കിൽ നിക്ഷേപിക്കുക. 46 മാസംമാത്രം അപ്രകാരം ചെയ്താൽ ഈ നിശ്ചിതസംഖ്യയുടെ 50 ഇരട്ടി നിങ്ങൾക്കു് ബാങ്കിൽനിന്നും ലഭിക്കുന്നു. 85മാസം തുടർന്നാലോ, 100 ഇരട്ടിയും.

ത്രൈമാസികമായും അർദ്ധവാർഷികമായും നിക്ഷേപിക്കാവുന്ന വേറെയും പദ്ധതികളുണ്ടു്.

വിശദവിവരങ്ങൾക്കു് :

## ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

H. O. ആലുവാ

ബ്രാഞ്ചുകൾ: അങ്കമാലി, എറണാകുളം, ചാലക്കുടി, പെരുമ്പാവൂർ.

എല്ലാത്തരം ബാങ്കിംഗ് ഇടപാടുകൾക്കും ഞങ്ങളെ സമീപിക്കുക.

പുരോഗതിയുടെ പത്തു വർഷങ്ങൾ

# ഓറിയൻറ് സെൻട്രൽ ബാങ്ക് ക്ലിപ്തം

(ക്ലിപ്തബാദ്ധ്യതയോടുകൂടി തിരു-കൊച്ചിയിൽ റെജിസ്റ്റാക്കപ്പെട്ടതു്)

ഹെഡ്ഢ് ആഫീസ്:- കോട്ടയം

ബ്രാഞ്ചുകൾ:

| | | | |
|---|---|---|---|
| ഈരാററുപേട്ട | എറണാകുളം | എരുമേലി | കോട്ടയം |
| കോതമംഗലം | കുമരകം | കാളകെട്ടി | കുട്ടിക്കൽ |
| വ. പറവൂർ | പാമ്പാടി | പാലാ | പിറവം |
| പൂവരണി | തിരുവല്ലാ | തൊടുപുഴ | വൈക്കം |

അംഗീകൃതമൂലധനം ക. 10,00,000

പിരിഞ്ഞുകിട്ടിയ മൂലധനവും കരുതൽധനവും ക. 5,65,000

## പ്രവർത്തനമൂലധനം ഒരു കോടിയിലധികം

ഞങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടു് പത്തു വർഷം 1954 നവംബർ 24-ാംതിയതി തികഞ്ഞിരിക്കുന്നു. ഞങ്ങളുടെ ഓഹരിക്കാർ, നിക്ഷേപകർ, പററുവരവുകാർ, ജീവനക്കാർ അഭ്യുദയകാംക്ഷികൾ, എന്നിവരോടു് അവർ ഈ സ്ഥാപനത്തോടു് പ്രകടിപ്പിച്ചിട്ടുള്ള നിസ്സീമമായ സ്നേഹത്തിനും, നിരന്തരമായ സഹകരണത്തിനും, ഈ സ്ഥാപനത്തിൻെറ ഡയറക്ടറന്മാർക്കുള്ള ആത്മാർത്ഥതനിറഞ്ഞ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഈ കഴിഞ്ഞ പത്തു വർഷം വിധിനിർണ്ണായകമായ ഒരു കാലഘട്ടമായിരുന്നു. ഈ കാലയളവിൽ രണ്ടാം ലോകമഹായുദ്ധം അവസാനിക്കുകയും, നമ്മുടെ മാതൃരാജ്യം സ്വാതന്ത്ര്യമാവുകയും ചെയ്തു. ഇതേത്തുടർന്നുണ്ടായ സാമ്പത്തികവും രാഷ്ട്രീയവും ആയ പ്രതിസന്ധിഘട്ടങ്ങളുടെ പ്രത്യാഘാതങ്ങൾ ഏൽക്കാതെ ദൈവാനുഗ്രഹത്താൽ കൂടുതൽ കൂടുതൽ അഭിവൃദ്ധിപ്രാപിക്കുന്നതിനും അനുസ്യൂതമായി വളരുന്നതിനും ഞങ്ങൾക്കു കഴിഞ്ഞു. ഞങ്ങളുടെ വളർച്ച തിരു-കൊച്ചിയിലെ ബാങ്കിംഗ് പ്രസ്ഥാനത്തിൻെറ ചരിത്രത്തിൽ അതുല്യമാണെന്നു് ഞങ്ങൾ അഭിമാനംകൊള്ളുന്നു. ഞങ്ങൾക്കു നേടുവാൻ കഴിഞ്ഞ പുരോഗതിയും, ചെയ്യുവാൻകഴിഞ്ഞ സേവനവും പൊതുജനങ്ങൾ ഞങ്ങൾക്കു നൽകിയ ഹാർദ്ദമായ സഹായസഹകരണങ്ങൾ മൂലമാണെന്നുള്ളതു് കൃതജ്ഞതാപൂർവ്വം ഞങ്ങൾ അനുസ്മരിക്കുന്നു.

കഴിഞ്ഞ കാലത്തേക്കാൾ കൂടുതലായി ഇനിയും തുടർന്നു സേവനം ചെയ്യുവാൻ ഞങ്ങൾക്കു് കഴിയത്തക്കവണ്ണം പൊതുജനങ്ങളുടെ തുടർന്നുള്ള സ്നേഹവും, സഹകരണവും ഈ അവസരത്തിൽ ഞങ്ങൾ അഭ്യർത്ഥിച്ചുകൊള്ളട്ടെ.

★ പുരോഗമനസൂചിക ★

| ആണ്ടു് | | പിരിഞ്ഞുകിട്ടിയ മൂലധനവും കരുതൽധനവും | പ്രവത്തനമൂലധനം |
|---|---|---|---|
| 24 നവംബർ | 1944 | 71000 | 206000 |
| ഡിസംബർ | 1946 | 170000 | 2219000 |
| " | 1948 | 272000 | 3393000 |
| " | 1950 | 334000 | 7326000 |
| " | 1952 | 463000 | 9450000 |
| " | 1953 | 501000 | 10214000 |

ബോർഡ് ഓഫ് ഡയറക്റേറഴ്സ്:

പി. കെ. കുര്യൻ ബി. എ., എൽഎൽ ബി.
അഡ്വൊക്കേററു്, കോട്ടയം (ചെയർമാൻ)

ഐപ്പ് വറുഗീസ് കൊച്ചുകുടിയിൽ, തൊടുപുഴ

കെ. ജെ. ചാണ്ടി, കുട്ടിപറമ്പിൽ, വൈക്കം

പി. കെ. കുര്യാക്കോസ്, പ്ലാൻറർ, കോതമംഗലം

എം. ററി. ജോസഫ്, മുരിക്കുംമൂട്ടിൽ, കാവാലം

കെ. പി. മാത്യു, എം. എ., എൽഎൽ., ബി.
കട്ടത്തോടിൽ, കോട്ടയം (മാനേജിംഗ് ഡയറക്ടർ)

കെ. സി. ജോസഫ്, ബി. എസ്സ്സി., കുട്ടിപ്പറമ്പിൽ, കോട്ടയം
(സെക്രട്ടറി)

കികസംഹചയ്യങ്ങളിൽനിന്നു് എങ്ങനെയോവേർപെടുത്തപ്പെട്ട ഒരു അവസ്ഥയിലാണു അവർക്കു് അഭൌമമായ ആ ദർശനങ്ങൾ ഉണ്ടായതെന്നു കരുതാൻ പാടില്ലായ്കയില്ല. ലൂർദ്ദിൽ ബെർണ്ണദെയുടെ ഒരു ദർശനവേളയിൽ അവളുടെ കൈയിലിരുന്ന മെഴുകുതിരി കത്തി തീ അവളുടെ കൈയിൽ തട്ടിയിട്ടുപോലും അവൾ അറിഞ്ഞില്ലായെന്നു് ദൃക്സാക്ഷികൾ വിവരിക്കുന്നു. അങ്ങനെ മാനുഷികനിലയിൽനിന്നുയന്ന ഒരു അനുഭവമാണു്, ദർശനങ്ങളെന്നു നാം സമ്മതിക്കണം. പക്ഷേ ആ കാഴ്ചയും കേൾവിയും വെറുമൊരു മായയോ, മരീചികയോ, വ്യാമോഹാധീനമായ ചിന്താഗതിയോ അല്ലെന്നു ലോകത്തിനു് പൊതുവെ ബോദ്ധ്യംവരാൻ, അ

ളുന്നും, കണ്ടും, കേട്ടും മനുഷ്യർക്കു് സമ്മതിക്കാവുന്ന ചില പ്രകൃത്യതീതസംഭവങ്ങൾ — അത്ഭുതങ്ങൾ — ആ പരിസരങ്ങളിൽ ഉണ്ടാകുവാൻ ദൈവം അനുവദിച്ചുതായും നമുക്കു് ചിലപ്പോൾ കാണാൻ കഴിയുന്നു. അതുകൂടി കാണുമ്പോൾ ദൈവികനിർദ്ദേശം ആ ദർശനങ്ങളുടെ പിന്നിലുണ്ടെന്നും, സാധാരണക്കാർക്കു് ദൃശ്യമല്ലാത്ത ദർശനങ്ങൾക്കും സ്ഥായിയായ ഒരു യാഥാർത്ഥ്യമുണ്ടെന്നും ആർക്കും വിശ്വസിക്കാവുന്നതാണു്.

ലൂർദ്ദിലെ ദർശനങ്ങളുടേയും സന്ദേശത്തിൻെറയും യാഥാർത്ഥ്യം അംഗീകരിച്ചാൽ അതു് നമ്മുടെ വിശ്വാസസത്യങ്ങൾക്കു് പലതിനും ഒരു തെളിവായി. ഞാൻ അമലോത്ഭവയാകുന്നു എ

ന്നു് സ്വർഗ്ഗരാജ്ഞി അരുളിച്ചെയ്ത വാക്കുകൾ, പരിശുദ്ധകന്യകയുടെ അമലോത്ഭവത്തിനു് മാത്രമല്ല സാക്ഷ്യം. സ്വർഗ്ഗീയമായ ആ ചെറുസന്ദേശം, പരിശുദ്ധകന്യകയുടെ ദൈവമാതൃത്വത്തിനും മിശിഹായുടെ ദിവ്യത്വത്തിനും, ത്രിത്വത്തിൻെറ രഹസ്യത്തിനും, അതിൻെറ രണ്ടാമാളായ പുത്രൻ തമ്പുരാൻെറ മനുഷ്യാവതാരത്തിനും എല്ലാം തെളിവല്ലേ. നാലു കൊല്ലംമുമ്പേ മാർപ്പാപ്പാ പ്രഖ്യാപനം ചെയ്ത ആ സത്യം ഉറപ്പിക്കുന്നതോടൊപ്പം, തിരുസഭയ്ക്കു് പഠിപ്പിക്കാനുള്ള അവകാശവും കഴിവും ഔദ്യോഗികമായ അപ്രമാദിത്വവും എല്ലാം ഈ വെളിപാടുവഴി സമർത്ഥിക്കപ്പെടുന്നില്ലേ. ഭക്തജനങ്ങൾ കൂട്ടംകൂടി ജപമാലചൊല്ലുന്നതും തീർത്ഥയാത്ര

കളും പ്രദക്ഷിണങ്ങളും നടത്തുന്നതും ഗ്രോട്ടോകൾ ഉണ്ടാക്കുന്നതും, എല്ലാം ദൈവത്തിൻെറ അരൂപി അംഗീകരിക്കുന്നു എന്നും ആ സംഭവങ്ങൾ തെളിയിക്കുന്നു. ഭക്തികൂട്ടത്ത ആചാരങ്ങൾ ജനങ്ങൾ ഉന്നയിക്കുന്നതു് ഔദ്യോഗികമായി അംഗീകരിക്കാൻ തിരുസഭയ്ക്കുള്ള ശക്തിക്കും ഇതൊരു തെളിവായിരിക്കും. പിരണീസ് പർവ്വതങ്ങളുടെ ഇടയിൽ പാത്തോയു് ഭാഷയിൽ മുഴങ്ങിയ ആ വാക്കുകൾ — അമലോത്ഭവജനനം — അതു് ഒരു വലിയ ചരിത്രത്തിനു് സാക്ഷ്യമാണു്. വളരെ വിചിത്രമായ ചില മാർഗ്ഗങ്ങളാണു് ദൈവം ചിലപ്പോൾ മനുഷ്യരെ പഠിപ്പിക്കുവാൻ സ്വീകരിക്കുന്നതു്. ഇതെല്ലാം അംഗീകരിക്കുവാൻ മനസ്സി

നു് വിനയം ആവശ്യമാണു്. അഹങ്കാരികൾക്കും ബുദ്ധിമാന്മാർക്കും ചിലപ്പോൾ ദൈവത്തിൻെറ മാർഗ്ഗങ്ങൾ ദുർഗ്രാഹങ്ങളായിരിക്കും. വിശ്വാസത്തോടും സ്നേഹത്തോടും ശിശുസഹജമായ വിനയത്തോടും കൂടി ദൈവത്തെ അന്വേഷിക്കുന്നവർക്കു് ഈ ദർശനങ്ങൾ ഒരിക്കലും അപ്രസക്തങ്ങളോ അസ്വീകാര്യങ്ങളോ ആയിരിക്കയില്ല. വിനയവും സ്നേഹവും വിശ്വാസവുമുള്ളവർക്കു് ദൈവം നൽകുന്ന അനുഗ്രഹങ്ങളാണു് അവ. ഈ "മുൻവിധി"യോടുകൂടി വേണം മാതാവിൻെറ ദർശനത്തെപ്പററിയുള്ള പ്രസ്താവനകളെ നാം സ്വീകരിക്കുവാൻ.

—o—

# കന്യകാമറിയത്തിന്റെ രാജ്ഞിപദം

(റവ: ഫാദർ തോമസ് മൂത്തേടൻ എം. എ. ഡി. ഡി.)

മരിയഭക്തർക്ക് ഏറ്റവും ആമോദജനകമായ ഒരു പ്രഖ്യാപനമാണ് 1954 ഒക്ടോബർ 11-ാം തീയതി "ആഡ് ചേലി റെജീനാം" എന്ന തിരുവെഴുത്തുവഴി പരിശുദ്ധ പിതാവ് പന്ത്രണ്ടാം പീയൂസ് ചെയ്തിട്ടുള്ളത്. ദൈവമാതാവിന്റെ സ്ഥാനബഹുമാനങ്ങൾ ഓരോന്നായി ഇങ്ങനെ തെളിവാക്കി കാണിക്കുമ്പോൾ അവിടുത്തെ മുടിയിൽ പതിച്ചിരിക്കുന്ന രത്നങ്ങളാകുന്ന നക്ഷത്രങ്ങൾ നമ്മുടെ ദൃഷ്ടിപഥത്തിലേക്കു വരികയും നമ്മൾ സ്വർഗ്ഗീയാനന്ദംകൊണ്ട് പുളകമണിയുകയും ചെയ്യുന്നു.



കന്യകാമറിയത്തിന്റെ മാഹാത്മ്യങ്ങൾ കൂടുതലായി അറിയുവാൻ ഇടയാകുന്തോറും മരിയഭക്തർ സന്തോഷംകൊണ്ടു തുള്ളിച്ചാടും. "അമ്മേ, മേരി, സ്വർഗ്ഗരാജ്ഞി, ലോകറാണി" എന്നിങ്ങനെ നാം വിളിച്ച് അപേക്ഷിക്കുമ്പോൾ നാം അറിയാതെതന്നെ നൊന്തുനീറുന്ന നമ്മുടെ മനസ്സിൽ ആശ്വാസഘൃതം പ്രശാന്തമായി പ്രസരിക്കുന്നപോലെ തോന്നും.

മേരിരാജ്ഞിയുടെ രാജ്ഞിപദത്തിരുനാൾ സ്ഥാപനംകൊണ്ട് ഒരു പുതിയ വിശ്വാസസത്യം പ്രഖ്യാപനം ചെയ്തതായി ആരും കരുതേണ്ടതില്ലെന്നു പരിശുദ്ധ പിതാവു തന്റെ തിരുവെഴുത്തിൽ പ്രത്യേകം പ്രസ്താവിച്ചിരിക്കുന്നത് ഇത്തരുണത്തിൽ സ്മരണീയമാണ്. മാലാഖമാരുടെ രാജ്ഞി, ബാവാന്മാരുടെ രാജ്ഞി, എന്നിങ്ങനെ അനുദിനം പന്ത്രണ്ടുപ്രാവശ്യം ദൈവമാതാവിനെ "രാജ്ഞി" എന്നു വിളിക്കുന്നവരാണു മലയാളനാട്ടുകാരായ നാം. "രാജകന്യകേ" എന്ന നമസ്കാരം എത്രപ്രാവശ്യം നാം ചൊല്ലാറുണ്ട്? "പരിശുദ്ധ രാജ്ഞി, സ്വസ്തി" "Hail Holy Queen" എന്നാണു ശരിയായ ശൈലി. പെസഹാകാലത്തു നാം ചൊല്ലുന്ന ത്രികാലജപം, "സ്വർല്ലോകരാജ്ഞി, നീ ആഹ്ലാദിക്കുക" എന്നാണ്. മരിയൻ ജപമാലയിൽ മഹിമയ്ക്കടുത്ത അഞ്ചാം രഹസ്യത്തിൽ സ്വർഗ്ഗാരൂഢയായ മറിയത്തിന്റെ കിരീടധാരണത്തെപ്പറ്റിയാണു നാം ധ്യാനിക്കുന്നത്. ഇങ്ങനെ അനുദിനം ചൊല്ലിക്കൊണ്ടിരിക്കുന്ന ജപങ്ങളും ദൈവമാതൃപ്രതിമകളെ അലങ്കരിക്കുന്ന സ്വർണ്ണമകുടങ്ങളും കണ്ടു പരിചയപ്പെട്ടിട്ടുള്ള നമ്മൾക്കു ദൈവമാതാവു സ്വർഗ്ഗരാജ്ഞിയാണ് ലോകറാണിയാണ് എന്നു കേൾക്കുമ്പോൾ എന്തു പുതുമയാണുള്ളത്? സ്വർഗ്ഗാരോഹണംവഴി കർത്താവിനു ലഭിച്ചിട്ടുള്ള വിശേഷവരങ്ങളെല്ലാം കന്യകാമറിയത്തിനും സ്വർഗ്ഗാരോപണത്തോടുകൂടെ സംസിദ്ധമായിയെന്നു വിചാരിക്കുവാൻ ന്യായമുള്ളതിനാൽ മറിയത്തെ രാജാധിരാജന്റെ പാർശ്വത്തിൽ രാജ്ഞിയായി മുടിധരിപ്പിച്ച് ഇരുത്തിയിരിക്കുന്നതായി ഭാവനംചെയ്യുവാൻ എന്തു പ്രയാസമാണുള്ളത്?

മറിയത്തിന്റെ രാജ്ഞിപദം പ്രഥമതഃ നിഷ്പതിക്കുന്നതു ദൈവമാതൃത്വത്തിൽ നിന്നാണെന്നു പരിശുദ്ധ പിതാവുതന്നെ പ്രസ്താവിച്ചിരിക്കുന്നു. വി. അത്തനേഷ്യസ് പറയുന്നു: "പുത്രൻ രാജാവാണെങ്കിൽ അവിടുത്തെ പ്രസവിച്ച അമ്മ ന്യായമായും സത്യമായും രാജ്ഞിയും പ്രഭ്വിയുമാണ്." സീയന്നായിലെ വി. ബെണ്ണർദിൻ ഇങ്ങനെ എഴുതിയിരിക്കുന്നു: "നിത്യവചനത്തിന്റെ അമ്മയാകാമെന്നു മറിയം സമ്മതിച്ചതോടുകൂടെ ലോകത്തിന്റേയും സകല സൃഷ്ടികളുടേയും രാജ്ഞിയാകുവാൻ മറിയം യോഗ്യയായി........ ദൈവത്തെ സേവിക്കുന്നവരെല്ലാവരും മറിയത്തെ സേവിക്കുന്നു. ആകാശത്തിലും ഭൂമിയിലും ദൈവത്തിന്റെ ഭരണാധികാരത്തിനു കീഴ്പ്പെട്ടിരിക്കുന്ന മനുഷ്യരും മാലാഖമാരും മറിയത്തിന്റെ ഭരണാധികാരത്തിൻകീഴ വർത്തിക്കുന്നു." കന്യകാമറിയത്തിന്റെ രാജ്ഞിപദം തിരുസ്സഭ അംഗീകരിച്ചിരുന്നപോലെയാണ് 1787-ൽ മരിച്ച അൽഫോൺസ് ലിഗോരി പുണ്യവാൻ എഴുതിയിരിക്കുന്നത്: "രാജാധിരാജന്റെ അമ്മയായിട്ട് കന്യകാമറിയത്തെ ഉയർത്തിയിരിക്കയാണല്ലോ. അതിനാൽ കാരണംകൂടാതെയല്ല "രാജ്ഞി"യെന്ന പ്രതാപസൂചകമായ സ്ഥാനസംജ്ഞ മറിയത്തിനു തിരുസ്സഭ നൽകിയതും അങ്ങനെ എല്ലാവരും അവിടുത്തെ വിളിച്ചു വന്ദിക്കണമെന്നു തിരുസ്സഭ ആഗ്രഹിച്ചതും." ആകയാൽ ഈശോ അഖിലലോകരാജനാണെങ്കിൽ കന്യകാമാതാവ് അഖിലലോകറാണിയാണ്. രാജ്ഞിയെന്ന നിലയിൽ പ്രിയസുതന്റെ രാജ്യത്തിനു മുഴുവനും അവകാശമുണ്ട്.

കന്യകാമറിയത്തിന്റെ രാജ്ഞിപദത്തിന് ആസ്പദമായി ചാക്രികലേഖനത്തിൽ നിർദ്ദേശിച്ചിരിക്കുന്ന വേറൊരു നിദാനം മറിയം മനുഷ്യവർഗ്ഗത്തിന്റെ സഹരക്ഷകയാണെന്നുള്ളതാണ്. പീഡാനുഭവവും മരണവുംവഴി മിശിഹാ മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനായി; കുരിശിൽ നേടിയ ആ മഹാവിജയംമൂലം അവിടുന്നു ലോകരാജാവായിത്തീർന്നു. രക്ഷണകൃത്യത്തിനു പലവിധത്തിൽ തന്റെ മകനോട് സഹകരിച്ചു പിശാചിനോടും പാപത്തോടും പടവെട്ടി വിജയംവരിച്ച കന്യകാമാതാവു സഹരക്ഷകയായിത്തീർന്നു. പിശാചിന്റെമേലും പാപത്തിന്റെമേലും മിശിഹാ നേടിയ വിജയത്തിലും തദ്വാരാ അവിടുത്തേക്കു ലഭിച്ച രാജത്വത്തിലും മറിയം പങ്കുകാരിയായി. വരപ്രസാദവിഭജനത്തിൻ മിശിഹാക്കുള്ള അവകാശം അവിടുത്തെ അമ്മയ്ക്കു സിദ്ധിച്ചു. അങ്ങനെ അവിടുന്നു രാജ്ഞിയായിത്തീർന്നു.

മലബന്ധം
അർശസ്സ് (മൂലക്കുരു)
വായുസ്തംഭനം (ഗ്യാസ്ട്രബ്ൾ)
നീർവീഴ്ച (നീരിറക്കം)
ചുമ
വ്രണങ്ങൾ
ക്ഷയം
പ്രമേഹം
വയറുവേദന
അസ്ഥിസ്രാവം
രക്തക്ഷയം
ഈ രോഗങ്ങൾക്കുവേണ്ടി ചികിത്സിച്ചു ചികിത്സിച്ചു നിരാശരായിത്തീർന്നിട്ടുള്ളവർ താഴെകാണുന്ന വിലാസത്തിലെഴുതുക:
കാളൻ, നെല്ലായി

കന്യകാമറിയത്തിന്റെ രാജ്ഞിപദത്തെപ്പറ്റി വളരെ ശാസ്ത്രീയമായി പ്രതിപാദിച്ചിട്ടുള്ള ഒരാളാണ് ഫാദർ ഗാരിഗ്രൂലഗ്രാഞ്ച്. അദ്ദേഹത്തിന്റെ വാക്കുകൾ പരാവർത്തനംചെയ്തു കീഴെ ചേർക്കുന്നു: കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിനും അവിടെ നടന്ന കിരീടധാരണത്തിനുംശേഷം മറിയം ക്രിസ്തുവിന്റെ രാജത്വത്തിൽ അവിടുത്തേക്കു വിധേയയായി ഒരു പങ്കുകാരിയായിത്തീർന്നുവെന്നു പറഞ്ഞുകൂടയോ? കന്യകാമാതാവിന്റെ വരപ്രസാദപൂർണ്ണതയും വിശിഷ്ടവരങ്ങളും ഇതരസൃഷ്ടികളെയെല്ലാം അധികരിക്കുന്ന ദൈവസ്നേഹവും മഹത്വവും പരിഗണിച്ചുകൊണ്ടുതന്നെ മറിയത്തെ രാജ്ഞിയെന്നു വിളിക്കാവുന്നതാണ്. താദൃശമായ മാഹാത്മ്യം സ്വായത്തമായിരിക്കുന്നവരെ രാജാവ്, രാജ്ഞി എന്നൊക്കെ സാധാരണഭാഷകളിലെല്ലാം വിളിക്കാറുണ്ട്. പോരെങ്കിൽ മിശിഹാരാജന്റെ അമ്മയുമാണല്ലോ.

രാജകുടുംബത്തിലെ ഒരംഗമെന്ന നിലയിൽ മാത്രമാണോ കന്യകാമറിയം രാജ്ഞിയെന്ന് അറിയപ്പെടുന്നത്; അതോ അവിടുത്തേക്കു രാജകീയാധികാരവുമുണ്ടോ? മാലാഖമാരുടേയും പുണ്യവാന്മാരുടേയും മദ്ധ്യേ ബഹുമാന്യമായ ഒരു സ്ഥാനം മാത്രമാണോ മറിയത്തിനുള്ളത്, അതോ ഈശോയോടുചേർന്നു മനുഷ്യർക്കും മാലാഖമാർക്കും ആജ്ഞാപനങ്ങൾ കൂടി നൽകാമോ? ഈശോയ്ക്കു വിധേയമായി ഭരണാധികാരം നടത്തുന്ന ഒരു രാജ്ഞിയാണു കന്യകാമാതാവെന്നു സഭാപിതാക്കന്മാരുടേയും മാർപ്പാപ്പമാരുടേയും സാക്ഷ്യങ്ങളിൽനിന്നും ആരാധനക്രമത്തിൽനിന്നും വിശദമാണ്. രാജ്ഞിയെന്നു മറിയത്തെ സംബോധനം ചെയ്യുന്ന ഇരുപതു സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങൾ ഫാദർ ഗാരിഗ്രൂലഗ്രാഞ്ച് അദ്ദേഹത്തിന്റെ ഉപന്യാസത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

കന്യകാമറിയത്തിന്റെ രാജ്ഞിപദം ആലങ്കാരികാർത്ഥത്തിൽ ഗ്രഹിച്ചാൽ പോരാ. അതു ഭരണാധികാരമുള്ള ഒരു സ്ഥാനമാണെന്നുള്ളതിനു ഫാദർ ഗാരിഗ്രൂ നൽകുന്ന ന്യായങ്ങളും ഇവിടെ ചേർക്കാം:

"സാർവ്വത്രികരാജാവെന്ന നിലയിൽ പുതിയ നിയമം സ്ഥാപിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വിശ്വാസസത്യങ്ങൾ ആവിഷ്കരണം ചെയ്യുന്നതിനും ജീവിച്ചിരിക്കുന്നവരേയും മരിച്ചവരേയും വിധിക്കുന്നതിനും ആത്മാക്കൾക്കു സകല പുണ്യങ്ങളും വരപ്രസാദവും നൽകുന്നതിനും മിശിഹായ്ക്കു അധികാരമുണ്ട്. ഈശോയ്ക്കു വിധേയയായി മറിയം പ്രാപിച്ച അനുഗ്രഹങ്ങൾ ആന്തരികമായും നിഗൂഢമായും കൈകാര്യം ചെയ്യുന്നതിനു ഈ സാർവ്വത്രികരാജത്വത്തിൽ അവിടുത്തേക്കു ഓഹരിയുണ്ട്. ബാഹ്യമായും ഈ ഓഹരിയുണ്ടെന്നുള്ളതിനു തെളിവാണ് ഭൂമിയിൽ സകല പുണ്യങ്ങളുടേയും മാതൃക അവിടുന്നു നൽകിയെന്നതും ശ്ലീഹന്മാരുടെ ബോധത്തെ പ്രകാശിപ്പിക്കുവാൻ സഹായിച്ചുവെന്നതും തുടന്നു വിവിധ തീർത്ഥസ്ഥലങ്ങളിൽ നമ്മളെ ഉപദേശിച്ചുകൊണ്ടിരുന്നു. എന്നുള്ളതും. ലൂർദ്ദ്, ലാസാലറ്റ്, ഫാത്തിമാ തുടങ്ങിയ തീർത്ഥകേന്ദ്രങ്ങൾ ചില ഉദാഹരണങ്ങളാണ്.

"ദൈവമാതൃത്വംവഴി സാർവ്വത്രികരാജ്ഞിപദത്തിനു ന്യായമായ ഒരവകാശം മറിയത്തിനുണ്ട്. പീഡിതനായ സുതനോടു സഹകരിച്ചു പ്രവർത്തിച്ച് ആ രാജ്ഞിപദത്തിനു യോഗ്യമായിത്തീരണമെന്നും സ്വർഗ്ഗത്തിൽ സമസ്തസൃഷ്ടികളുടേയും രാജ്ഞിയായി മുടിധരിപ്പിക്കപ്പെടുന്നതുവരെ രാജകീയാധികാരം പൂർണ്ണമായി പ്രയോഗിക്കരുതെന്നുമായിരുന്നു ദൈവതിരുമനസ്സ്. രക്ഷയേയും വിശുദ്ധീകരണത്തേയും സംബന്ധിക്കുന്ന ലൗകികപ്രശ്നങ്ങളുടെമേലുംമറിയത്തിന്റെ രാജാധികാരം വ്യാപിച്ചിട്ടുണ്ടെങ്കിലും അവിടുത്തെ രാജ്ഞിത്വം ലൗകികവും സ്വാഭാവികവുമെന്നതിനെക്കാൾ കൂടുതലായി അതിസ്വാഭാവികവും ആദ്ധ്യാത്മികവുമാണ്"

"ഭൂമിയിൽ മറിയം എങ്ങനെയാണു തന്റെ രാജ്ഞിത്വം വഹിക്കുന്നതെന്നു നാം കണ്ടുകഴിഞ്ഞതാണ്. ഭാഗ്യപ്പെട്ട ആത്മാക്കൾക്കുള്ള മഹത്വത്തിന്റെ സാരാംശം ഈശോയുടേയും മറിയത്തിന്റേയും യോഗ്യതകളെ ആശ്രയിച്ചുനില്ക്കുന്നു. അവരുടേയും മാലാഖമാരുടേയും ആഗന്തുകമഹത്വത്തിനും മറിയം ഒരുവിധത്തിൽ കാരണക്കാരിയാണ്. അവിടുത്തെ സാന്നിദ്ധ്യത്തിലുള്ള ആനന്ദവും ആത്മാക്കൾക്കായി അവിടുന്നു ചെയ്തുകൊണ്ടിരിക്കുന്ന സംഗതികളും അവരെ ആനന്ദിപ്പിക്കുന്നു. ക്രിസ്തുവിന്റെ രാജ്യം പരത്തുവാൻ അവിടുത്തേക്കുള്ള ഉദ്ദേശങ്ങൾ മറിയം മാലാഖമാർക്കും പുണ്യവാന്മാർക്കും വെളിപ്പെടുത്തിക്കൊടുക്കുന്നു.

FOR FAVOURS RECEIVED



Teresa Varkey
Chalakudy

"മറിയത്തിന്റെ രാജ്ഞിപദം ശുദ്ധീകരസ്ഥലത്തിന്റെ മേലുമുണ്ട്. അവിടെ ബന്ധിച്ചിട്ടിരിക്കുന്ന ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും ദിവ്യബലി ചെയ്യിക്കുവാനും വിശ്വാസികളെ അവിടുന്നു പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. അവരോടുകൂടെ സ്വന്തപ്രാർത്ഥനയും കൂട്ടിച്ചേർത്തു അവയ്ക്കു മാറ്റുകൂട്ടി അവ സർവ്വേശ്വരനു മറിയം സമർപ്പിക്കുന്നു. ഈശോയുടെ നാമത്തിൽ തന്റേയും ഈശോയുടേയും യോഗ്യതാഫലങ്ങൾ ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടി കാഴ്ചവയ്ക്കുന്നു

"പിശാചുക്കളുടെമേലും മറിയത്തിന്റെ രാജ്ഞിപദം വ്യാപിച്ചിരിക്കുന്നു. അവരുടെ പരീക്ഷകൾ ഇല്ലാതാക്കുവാനും അവരുടെ വഞ്ചനകളെ പ്രതിരോധിക്കുവാനും ആക്രമണങ്ങളെ അമർത്തുവാനും മറിയത്തിനു കഴിയും; തന്നിമിത്തം പിശാചുക്കളും അവിടുത്തെ ശക്തി അംഗീകരിക്കുവാൻ നിർബന്ധിതരാണ്. ദൈവത്തിന്റെ സർവ്വശക്തികൊണ്ടെന്നതിനെക്കാൾ മറിയത്തിന്റെ എളിയസ്ഥിതികൊണ്ടു പിശാചുക്കളെ പരാജയപ്പെടുത്തുന്നുവെന്നതിൽ അവക്കു കൂടുതൽ വേദനയുണ്ടെന്നു വിശുദ്ധ ഗ്രീഞ്ഞോൺ ഡി മോൺഫർട്ട് പ്രസ്താവിച്ചിരിക്കുന്നു. ആകയാൽ മറിയത്തിന്റെ രാജ്ഞിപദം വ്യാപിക്കാത്ത ഒരു രംഗവുമില്ല. അതു സാർവ്വത്രികമാണ്."

ആകയാൽ മറിയം രാജ്ഞിയാണ്; എന്നാൽ ഏറ്റവും ദയയുള്ള രാജ്ഞിയാണ്. ലൗകികരാജാക്കന്മാർ നീതിയെ മുറുകെപ്പിടിച്ചു ശിക്ഷകൾ ഭാഗിച്ചുകൊടുക്കുമ്പോൾ രാജ്ഞിമാർ ശിക്ഷയുടെ കാർക്കശ്യത്തെ കാരുണ്യംകൊണ്ടു മയപ്പെടുത്തുന്നതു ലോകസാധാരണമാണ്. മാനുഷികമായ ഈ വാസന സ്വർഗ്ഗീയമായ തോതിൽ സ്വീകരിച്ചിരിക്കുന്ന കന്യകാമറിയത്തെ കാരുണ്യത്തിന്റെ രാജ്ഞിയെന്നു വിളിച്ചാലും അവിടുത്തെ കാരുണ്യം മുഴുവനും മനസ്സിലായിയെന്നു വരികയില്ല. ബെർണാർദ് പുണ്യവാൻ പറയുന്നു: "തിരുസ്സഭ മറിയത്തെ കാരുണ്യത്തിന്റെ രാജ്ഞിയെന്നു വിളിക്കുന്നു; എന്തുകൊണ്ടെന്നാൽ മറിയം ഇഷ്ടപ്പെടുന്നതുപോലെ, ഇഷ്ടപ്പെടുന്ന സമയത്ത്, ഇഷ്ടമുള്ളവർക്ക് കാരുണ്യത്തിന്റെ ഭണ്ഡാഗാരം തുറന്നിട്ടുകൊടുക്കുന്നു. മറിയം സംരക്ഷിച്ചാലും നശിക്കത്തക്കവിധം അത്ര വലിയ പാപിയില്ല."

ദൈവമാതാവിന്റെ ഒരു പ്രത്യേകഭക്തനായ അൽഫോൺസ് ലിഗോരി പുണ്യവാൻ ആ ചിന്ത ഇപ്രകാരം തുടരുന്നു: "ദൈവത്തിന്റെ പക്കൽ കന്യകാമറിയത്തിനുള്ള ശക്തി എന്തുമാത്രമെന്നു മനസ്സിലാക്കിയിട്ടുള്ള നമ്മൾക്കു ഈ രാജ്ഞിയിൽ എത്ര കണ്ടു ശരണം ഉണ്ടായിരിക്കണം? അവിടുത്തെ അനുഗ്രഹത്തിലും കാരുണ്യത്തിലും പങ്കുപറ്റാത്തവർ ലോകത്തിലില്ല ...... ആകയാൽ നമ്മുടെ രക്ഷയെ സുസ്ഥിരമാക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ ഏറ്റവും മാധുര്യമുള്ള ഈ രാജ്ഞിയുടെ പക്കൽ നമുക്ക് അഭയംതേടാം. നമ്മുടെ പാപഭാരത്താൽ നാം നഷ്ടധൈര്യരായി ഭയപ്പെട്ടുവെങ്കിൽ പരിത്യക്തരെന്നു കരുതപ്പെടാവുന്ന ഏറ്റവും വലിയ പാപികളെക്കൂടെ രക്ഷിക്കുന്നതിനാണു മറിയത്തെ കാരുണ്യരാജ്ഞിയാക്കിയിട്ടുള്ളതെന്നു നാം ധരിക്കണം."

ആകയാൽ മേരിരാജ്ഞിയുടെ തിരുനാൾ സ്ഥാപനം മേരിഭക്തർക്ക് ആനന്ദസന്ദായകവും ആശ്വാസകാരണവുംതന്നെ. ഈ തിരുനാൾ മേയ്മാസവണക്കത്തിന്റെ കടശിദിവസം വന്നിട്ടുള്ളതു മേയ്മാസവണക്കത്തിനു കീർത്തിപ്പെട്ട മലയാളനാട്ടുകാർക്ക് കൂടുതൽ ആമോദജനകമാണ്. തിരുനാൾ സ്ഥാപിച്ചുകൊണ്ടു പരിശുദ്ധ പിതാവ് എഴുതിയിട്ടുള്ള ചാക്രികലേഖനത്തിൽ പറയുന്നുണ്ട് ഈ തിരുനാൾ സ്ഥാപനംവഴി ക്രിസ്തീയസമാധാനത്താൽ പ്രശാന്തവും മതത്തിനു വിജയവുമുള്ള ഒരു കാലം സമാഗതമാകുമെന്ന ശരണം തിരുമേനിക്കുണ്ടെന്ന്. തിരുമേനിയുടെ ശരണം അസ്ഥാനത്താകയില്ല കന്യകാമാതാവ് നമ്മുടെ ഓരോരുത്തരുടേയും ഹൃദയത്തിലും കുടുംബത്തിലും രാജ്ഞിയായിരുന്നാൽ.

അമ്മേ, മേരി, ലോകറാണി, സ്വർഗ്ഗരാജ്ഞി, വിനീതമക്കളും ബലഹീനരായ പ്രജകളുമായ ഞങ്ങളുടെമേൽ കനിയണമേ. അമ്മറാണി, ക്രിസ്തുരാജന്റെ സവിധേ അങ്ങയോടൊത്ത്, ഒരിക്കലും വേർപിരിയാത്തവിധം ഈ ലേഖകനും അനുവാചകർക്കും ഒരു സ്ഥാനം അനുവദിക്കണമേ. സ്വർഗ്ഗരാജ്ഞി, സ്വസ്തി.

തിരുസഭാചരിത്രം: 52

# ആരിയൻപാഷണ്ഡതയുടെ പര്യവസാനം

(പ്രഫസർ പി. ററി. തോമസ് എം. എ.)

പാഷണ്ഡപക്ഷക്കാരനായ വാലൻസ് ചക്രവർത്തി എ. ഡി. 378-ൽ ഗോത് (Goths) വർഗ്ഗക്കാരുമായുള്ള യുദ്ധത്തിൽ മൃതിയടഞ്ഞു. അതിനുശേഷം തിരുസഭയിൽ സമാധാനത്തിനുള്ള മാർഗ്ഗം തെളിഞ്ഞുവന്നു. എ. ഡി. 376-ൽ ഗ്രാഷ്യൻ സാമ്രാജ്യത്തിന്റെ പശ്ചിമഭാഗത്തിൽ അധിപനായിത്തീർന്നു. വാലൻസിന്റെ മരണത്തോടുകൂടി സാമ്രാജ്യം മുഴുവൻ അദ്ദേഹത്തിന്റെ അധീനത്തിലായി. പൗരസ്ത്യദിക്കിൽ ഗ്രാഷ്യന്റെ സഹകാരിയായി ഭരണം നടത്തിയിരുന്നതു് തിയൊഡോഷ്യസാണ്. രണ്ടുപേരും കത്തോലിക്കരായിരുന്നു. ഇരുവരും ചേർന്ന് എ. ഡി. 380 ഫെബ്രുവരി 28-ാം തിയതി പുറപ്പെടുവിച്ച ശാസനം പാഷണ്ഡതമൂലമുണ്ടായ ഛിദ്രങ്ങൾക്ക് അവസാനം വരുത്തുകയും കിഴക്കും പടിഞ്ഞാറും സഭകൾ തമ്മിലുള്ള ഐക്യം ദൃഢമാക്കുകയും ചെയ്തു. വി. പത്രോസ് റോമയിൽ പ്രസംഗിച്ചതും റോമാമാർപ്പാപ്പായായ ഡമാസൂസ് അനുവർത്തിക്കുന്നതുമായ വിശ്വാസമാണ് കറയററ ക്രിസ്തീയവിശ്വാസമെന്നും അതിനെ അനുസരിക്കുന്നവർ കത്തോലിക്ക ക്രിസ്ത്യാനികൾ എന്നു സ്വയം വിളിച്ചുകൊള്ളണമെന്നും അതിന്റെ ഐക്യത്തിൽ പെടാത്തവർ ശപ്തരായ പാഷണ്ഡികളാകയാൽ അവർ ദൈവകോപത്തിനും രാജ്യനിയമമനുസരിച്ചുള്ള ശിക്ഷയ്ക്കും അർഹരാണെന്നുമായിരുന്നു പ്രസ്തുത ശാസനത്തിന്റെ സാരം. ഈ പ്രഖ്യാപനത്തോടുകൂടി ആരിയൻ പാഷണ്ഡതയ്ക്കു സാമ്രാജ്യത്തിനുള്ളിൽ സ്ഥാനമില്ലെന്നുവന്നു.

എ. ഡി. 380 നവമ്പർ മാസത്തിൽ തിയൊഡോഷ്യസ് കോൺസ്റ്റാന്റിനോപ്പിളിലെ എല്ലാ ദേവാലയങ്ങളും കത്തോലിക്കർക്ക് ഏല്പിച്ചുകൊടുത്തു. 381 മേയ് മാസത്തിൽ അദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിൽ മെത്രാന്മാരുടെ ഒരു സംഘം വിളിച്ചുകൂട്ടി. പൗരസ്ത്യരായ 150 മെത്രാന്മാർ അതിൽ സംബന്ധിച്ചിരുന്നു. അന്ത്യോക്യയിലെ മെത്രാനായ മെലെത്തിയൂസ് (Meletius) ആണ് ആദ്യം ആദ്ധ്യക്ഷം വഹിച്ചതു്. എന്നാൽ അദ്ദേഹം അല്പകാലത്തിനുശേഷം മരണമടയുകയാൽ അദ്ധ്യക്ഷപദം നസിയാൻസസ്സിലെ ഗ്രിഗരിക്കു നൽകപ്പെട്ടു. സംഘം ആരിയൻ പാഷണ്ഡതയെ പാടെ തിരസ്കരിച്ചുകൊണ്ട് സത്യവിശ്വാസത്തെ സ്ഥിരീകരിച്ചു. പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ചുള്ള ഒരു പുതിയ അബദ്ധസിദ്ധാന്തത്തെപ്പററിയും സംഘം തീരുമാനം കല്പിക്കുകയുണ്ടായി. പരിശുദ്ധാത്മാവിന്റെ പൂർണ്ണമായ ദൈവത്വത്തെ നിഷേധിക്കുന്ന ഈ പാഷണ്ഡത ആരിയൻ സിദ്ധാന്തങ്ങളിൽനിന്നു രൂപംപ്രാപിച്ചതായിരുന്നു. ത്രിത്വത്തിന്റെ രണ്ടാമാളായ പുത്രൻ ഒരു സൃഷ്ടിയാണെങ്കിൽ പരിശുദ്ധാത്മാവും അപ്രകാരമായിരിക്കണമെന്നുള്ളതു് അനുക്തസിദ്ധമാണെന്നു് ഒരു കൂട്ടർ വാദിച്ചു. എ. ഡി. 360 മുതൽ പാഷണ്ഡികളായ ചില മെത്രാന്മാർ പരിശുദ്ധാത്മാവിനെ ഒരു മാലാഖയോ സ്വർഗ്ഗത്തിൽനിന്നുള്ള ഒരു സന്ദേശവാഹകനോ ആയി മാത്രം ചിത്രീകരിച്ചിരുന്നു. കോൺസ്റ്റാന്റിനോപ്പിളിലെ ഒരു അർദ്ധആരിയൻ മെത്രാനായിരുന്ന മാസെഡോണിയൂസ് (Macedonius) ആണ് ഈ പാഷണ്ഡതയ്ക്കു നേതൃത്വം നൽകിയതു്. അചിരേണ ത്രേസിലും, ബിഥീനിയായിലും, ഹെല്ലസ് പോൻടിലും (Hellespont) ഇതിനു ശീഘ്രമായ പ്രചാരം ലഭിച്ചു. ഇക്കൂട്ടരെ മാസഡോണിയൻസ് എന്നാണ് വിളിക്കാറുള്ളതു്.

കോൺസ്റ്റാന്റിനോപ്പിളിലെ സൂനഹദോസിലും മാസഡോണിയൻ പാഷണ്ഡതയെ അനുകൂലിച്ചിരുന്ന ഒരു ന്യൂനപക്ഷം ഹാജരുണ്ടായിരുന്നു. പക്ഷെ പരാജയം നിശ്ചയമെന്നുകണ്ട് അവർ സംഘത്തിൽനിന്നും പിന്മാറിക്കളയുകയാണു ചെയ്തതു്. പിതാക്കന്മാർ ഈ പാഷണ്ഡതയെ ഉന്മൂലനം ചെയ്യുന്നതിനായി, പരിശുദ്ധാത്മാവിനെ സംബന്ധിച്ചുള്ള കത്തോലിക്കാവിശ്വാസത്തെ ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു ഭാഗംകൂടി നിഖ്യാവിശ്വാസപ്രമാണത്തിന്റെ അനുബന്ധമായി പ്രഖ്യാപിച്ചു. അതിപ്രകാരമാണ്. "കർത്താവും (Lord) ജീവദായകനും, പിതാവിൽനിന്നു പുറപ്പെടുന്നവനും, പിതാവിനോടും പുത്രനോടുംകൂടി ആരാധിക്കപ്പെടുന്നവനും മഹത്വീകരിക്കപ്പെടുന്നവനും, പ്രവാചകന്മാരിൽക്കൂടി സംസാരിച്ചിട്ടുള്ളവനുമായ പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു."

കോൺസ്റ്റാന്റിനോപ്പിളിലെ സൂനഹദോസ് ഒരു സാർവ്വത്രിക സൂനഹദോസ് എന്ന നിലയില്ല സമ്മേളിച്ചതു്. സാർവ്വത്രികസഭയിലെ മെത്രാന്മാരെ മുഴുവൻ അതിലേക്കു ക്ഷണിക്കുകയോ, മാർപ്പാപ്പായോ, തന്റെ പ്രതിപുരുഷന്മാരോ അവിടെ ആദ്ധ്യക്ഷം വഹിക്കുകയോ ഉണ്ടായില്ല. എങ്കിലും പ്രസ്തുത സൂനഹദോസ് വിശ്വാസസത്യങ്ങളെ സംബന്ധിച്ചു ചെയ്ത തീരുമാനങ്ങൾ കത്തോലിക്കാസഭ മുഴുവനിലും അംഗീകരിക്കപ്പെട്ടതിനാൽ ആറാം ശതാബ്ദത്തിനുശേഷം ഈ സൂനഹദോസ് ഒരു സാർവ്വത്രികസൂനഹദോസായി പരിഗണിക്കപ്പെട്ടുപോരുന്നു.

സഭാഭരണക്രമം സംബന്ധിച്ച് ഈ സൂനഹദോസ് ചെയ്ത ഒരു തീരുമാനം ഭാവിയിൽ അസുഖകരമായ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ പര്യാപ്തമായിരുന്നു. "കോൺസ്റ്റാന്റിനോപ്പിൾ നൂതനറോമായായിരുന്നതിനാൽ, തിരുസഭയിൽ റോമാമെത്രാൻ കഴിഞ്ഞാൽ ഏററം പ്രമുഖമായ സ്ഥാനം കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായിരിക്കണം" എന്നായിരുന്നു പ്രസ്തുത തീരുമാനം. അതുവരെയും പൗരസ്ത്യദിക്കിൽ പ്രഥമസ്ഥാനം അലങ്കരിച്ചിരുന്ന അലക്സാണ്ഡ്രിയായിലെ സഭയ്ക്കു മേലിൽ അവിടെ രണ്ടാംസ്ഥാനമേ ഉണ്ടായിരിക്കയുള്ളു എന്നതായിരുന്നു ഈ തീരുമാനത്തിന്റെ ഒരു ഫലം. ഇതു് അലക്സാണ്ഡ്രിയായുടെ അഭിമാനത്തെ വ്രണപ്പെടുത്തുകയും, കോൺസ്റ്റാന്റിനോപ്പിളും അലക്സാണ്ഡ്രിയായും തമ്മിൽ കലശലായ അസ്വസ്ഥതയ്ക്കു കാരണമായി ഭവിക്കയും ചെയ്തു.

എന്നാൽ ഇതിനേക്കാൾ പ്രാധാന്യമർഹിക്കുന്ന ഒരു സംഗതി പ്രസ്തുത തീരുമാനം സാർവ്വത്രികസഭയിൽ റോമയ്ക്കുണ്ടായിരുന്ന പരമാധികാരത്തെ ഭാവിയിൽ ഭീഷണിപ്പെടുത്തുവാൻ സഹായകമായ സാഹചര്യങ്ങൾ സൃഷ്ടിച്ചുവെന്നുള്ളതാണ്. കോൺസ്റ്റാന്റിനോപ്പിളിനെ അപേക്ഷിച്ച് റോമയ്ക്കുണ്ടായിരുന്ന പ്രാമാണ്യം വെറും മൂപ്പുമുറ (seniority) അനുസരിച്ചുള്ളതാണെന്നായിരുന്നു ഈ തീരുമാനത്തിലെ പരോക്ഷമായ വിവക്ഷ. ചക്രവർത്തിമാരുടെ പുരാതനസ്ഥാനം റോമായായിരുന്നതുകൊണ്ട് അതിനു് ഒന്നാംസ്ഥാനവും പുതിയആസ്ഥാനം കോൺസ്റ്റാന്റിനോപ്പിളായിരുന്നതുകൊണ്ട് അതിനു രണ്ടാംസ്ഥാനവും കല്പിക്കുകയാണ് സൂനഹദോസ് ചെയ്തതു്. യഥാർത്ഥത്തിൽ അപ്പസ്തോലപ്രമുഖനായ വി. പത്രോസിന്റെ സിംഹാസനം റോമയിൽ സ്ഥാപിക്കപ്പെട്ടുവെന്നുള്ളതാണ് ആ നഗരത്തെ ക്രൈസ്തവലോകത്തിൽ ഏററം പ്രമുഖമായ സ്ഥാനത്തേക്കുയർത്തിയതു്. എന്നാൽ മേൽപ്രസ്താവിച്ച തീരുമാനം റോമായുടെയും കോൺസ്റ്റാന്റിനോപ്പിളിന്റെയും മതപരമായ സ്ഥാനം അവയുടെ രാഷ്ട്രീയമായ പ്രാമാണ്യത്തെ ആശ്രയിച്ചിരിക്കുന്നുവെന്നുള്ള നിഗമനത്തിനു വഴിതെളിച്ചു. സൂനഹദോസ് റോമാമെത്രാന്റെ പരമാധികാരത്തെ ആദരിച്ചുവെങ്കിലും ഭാവിയിൽ കോൺസ്റ്റാന്റിനോപ്പിളിന്റെ അതിരുകടന്ന അവകാശവാദങ്ങൾക്കും അധികാരപ്രയോഗങ്ങൾക്കും ഈ തീരുമാനം പിൻബലം നൽകുകയുണ്ടായി. എ. ഡി 381 നുശേഷം കോൺസ്റ്റാന്റിനോപ്പിളിന്റെ പ്രാബല്യം അത്ഭുതകരമാംവണ്ണം വർദ്ധിക്കുകയുണ്ടായി. അതോടുകൂടി പൗരസ്ത്യവിഭാഗത്തെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ചക്രവർത്തിയുടെ പിടിയിലമർന്നു. കാലക്രമേണ കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാന്റെ ആദ്ധ്യക്ഷത്തിൻകീഴ് രൂപമെടുത്ത പൗരസ്ത്യമെത്രാന്മാരുടെ സംഘം സഭാസംബന്ധമായ എല്ലാ പ്രശ്നങ്ങളിലും സ്വയം തീരുമാനങ്ങളെടുക്കുകയും, ദൈവശാസ്ത്രസംബന്ധമായ എല്ലാ കാര്യങ്ങളിലും പരമാധികാരം പ്രയോഗിക്കുകയും സഭാനിയമങ്ങളെ സംബന്ധിച്ച് അപ്രമാദിത്വം അവകാശപ്പെടുകയും ചെയ്തു. ഒടുവിൽ കോൺസ്റ്റാന്റിനോപ്പിളിലെപാത്രിയർക്കീസ് അധികാരത്തിൽ മാർപ്പാപ്പായോട് സമനാണെന്നും രണ്ടു സ്ഥാനങ്ങളും ചക്രവർത്തിയുടെ അധികാരത്തിനു കീഴ്പ്പെട്ടതാണെന്നുമുള്ള നില ഈ സംഘം സ്വീകരിക്കുകയുണ്ടായി.

സഭാഭരണം സംബന്ധിച്ച് കോൺസ്റ്റാന്റിനോപ്പിളിലെ സൂനഹദോസ് ചെയ്ത തീരുമാനം കാലാന്തരത്തിൽ നിർഭാഗ്യകരമായ പരിണാമങ്ങൾക്കു കാരണമായി ഭവിച്ചുവെങ്കിലും പ്രസ്തുത സൂനഹദോസ് ചെയ്ത വിശ്വാസപ്രഖ്യാപനത്തോടുകൂടി സാമ്രാജ്യത്തിൽനിന്നും ആരിയൻപാഷണ്ഡത അന്തർദ്ധാനംചെയ്തു എന്നു പറയാം.

—o—

കവിത

## ഉജ്ജ്വലഗാനം

(ഉലകംതറ മാത്യു)

മംഗലവാർത്തകഴിഞ്ഞുഗമിച്ചാ-
ളംഗനമാർമണി ശ്രീമേരി
ഏലിശ്വായെ—തന്നിളയമ്മയെ
ശാലീനതയൊടു വന്ദിപ്പാൻ.
ചെന്തളിർതൊഴുമപ്പദയുഗളങ്ങൾ
മന്ദം പാതയിൽ വിഹരിക്കെ
ശോശന്നായും ലില്ലിയുമവയുടെ
പൂവുകൾ തൂവി നെടുനീളെ.
അത്തിത്തളിരുകൾ വഴിയരികുകളിൽ
നൃത്തംവച്ചു കുളിർകാററിൽ.
വിൺപെരുമാളുടെ തായയ്ക്കേങ്ങും
പൂന്തണലേകി മേഘങ്ങൾ.
മധുരിമചിന്നിക്കതിരുകൾ മിന്നി
മതിമുഖി ചുവടുകൾ വയ്ക്കുമ്പോൾ
അടിമുടി പുളകംപൂശി ഭൂമുഖ-
മഖിലമഹോന്നതഭാഗ്യത്താൽ!
മേരിയെ വീക്ഷിച്ചേലിശ്വാമ്മ-
ക്കേറിയമോദമണഞ്ഞല്ലോ.
ആനന്ദം തിരതല്ലും മനസ്സോ-
ടാനല്ലാർമണിയുരചെയ്തു:
"ഭാഗ്യപ്പെട്ടവൾ നാരികളിൽ നീ;
ഭാഗ്യകരം നിന്നുദരഫലം.
എന്നീശ്വരനുടെ തായെൻചാരെ
വന്നിടാനെന്തർഹത, മേ?"
അഭിവാദനമിതുകേട്ടിട്ടംബിക
യഭിമാനിനിയായ്, ശാലീനിയായ്
ദേവാനുഗ്രഹപൂരിതയായ്, ദേ-
വാവാസാലയത്തേജിതയായ്
വാഗ്നേർവീണ നമിക്കുംമട്ടിൽ
ഗാനമുതിർത്തു; മഹാഗാനം.
അത്യുന്നതനുടെ മഹിമകൾ വാഴ്ത്തും
നിത്യോജ്ജ്വലമാം സ്തുതിഗാനം.
ദുഷ്ടതഞെട്ടിവിറച്ചുടിപണിയും
വിപ്ലവഭീകര രണഗാനം!!

(പാന)

"മാമകാത്മാവു വാഴ്ത്തിസ്തുതിക്കുന്നു
പ്രേമരൂപനെ, ലോകാധിനാഥനെ
പ്രാണചൈതന്യംമാമകമങ്ങയി-
ലാനന്ദിച്ചുപുളയ്ക്കുന്നു സന്തതം
തന്നെളിയൊരി ദാസിതൻ താഴ്മയ-
ത്യുന്നതൻ തൃക്കൺപാർത്തുകരുണയാൽ.
ഇന്നുതൊട്ടു തലമുറയൊക്കെയും
ധന്യയെന്നു വിളിക്കുമിയേഴയെ.
എന്തുകൊണ്ടെന്നോ? ശക്തനായുള്ളവൻ
സംഭവിപ്പിച്ചു വൻകാര്യമെന്നുള്ളിൽ
സ്തുത്യമാണങ്ങേ നാമമെന്നെന്നുമേ
സ്തുത്യമാണതിരുച്ചിത്തവൃത്തിയും.
ഭീതിപൂർവ്വം വണങ്ങുന്നവരില-
ക്കാരുണ്യമെന്നുമെന്നും പൊഴിഞ്ഞിടും.
കാണിനേരത്തിനുള്ളിൽ ബലിഷ്ഠമാം-
പാണികൊണ്ടു ജയിച്ചിതെല്ലാമവൻ
ഹൃത്തടത്തിലഹങ്കാരമുള്ളോരെ
പാർത്തലത്തിൽച്ചിതറിച്ചു ശക്തിമാൻ.
ശക്തരെ—രാജസിംഹാസനസ്ഥരെ
തട്ടിത്താഴെയെറിഞ്ഞിതാ നീതിമാൻ.
താഴ്മയുള്ളോരെത്തൻ തന്നെ കൈകളാൽ
താങ്ങിയേററിപ്രതിഷ്ഠിച്ചിതുച്ചിയിൽ.
ക്ഷുത്തുകൊണ്ടു വലയും ദരിദ്രരെ
യത്യനർഘഗുണങ്ങളാൽപ്പൂരിച്ചാൻ.
സമ്പന്നന്മാരിൽ നിന്നൊക്കെ വാങ്ങി, പ്പാഴ്
കുമ്പിളുമായയച്ചു മഹാബലൻ!
അബ്രാഹത്തോടുമാത്മജന്മാരോടും
അബ്ദമേറെമുമ്പോതിയതോർക്കയാൽ
കാരുണ്യത്തോടു സ്വീകരിച്ചു നിജ
ധീരപുത്രനിസ്രേലിനെത്തമ്പുരാൻ!"

(മട്ടുമാററി)

ഗാനം ചെയ്തവൾ നിർത്തിയനേരം
വാനംപൂശി പുതുപുളകം
അബ്ധിയുമിതുകേട്ടത്ഭുതമോടെ
ശബ്ദമടക്കിച്ചെവിയോർത്തു.
അത്യാനന്ദമൊടവളെത്തന്നുടൽ
ചേർത്തുപുണർന്നാളേലിശ്വാ.
ദുഷ്ടതകെട്ടിയ കോട്ടകളെല്ലാം
ഞെട്ടിവിറച്ചു വീളത്തല്ലോ.
നന്മകൾവിളയും വയലുകളെല്ലാം
പൊന്മലർചൂടി നമിച്ചല്ലോ
യുഗമെല്ലാമച്ചെറുനിമിഷത്തിൽ
ഘനമൊടുചേർന്നു തെളിഞ്ഞല്ലോ.
ഉജ്ജ്വലഗാനമതിന്നും ഭൂമിയിൽ
മാറെറാലിചേർക്കുന്നുണ്ടല്ലോ!!!

C. K. PAUL & CO.
ERNAKULAM
Manufacturers of all kinds of GOLD JEWELLERY in latest Designs


All varieties of Medals in Pure Silver always in stock
* * *
Orders for Gold Jewellery are executed neatly & promptly

# ചെറുകഥ

## പ്രേമാർപ്പണം

(ജോണി വന്യംപറമ്പിൽ)

മനോഹരമായ സായാഹ്നം. മാത്യു തന്റെ എഴുത്തുമേശയ്ക്കു മുൻപിൽ ചിന്താമഗ്നനായി ഇരിക്കുകയാണ്. സുഗന്ധവാഹിയായ മാരുതൻ അയാളെ മന്ദമായി തലോടി. അഴകൊഴുന്ന ഒരു കൊച്ചു ഗ്രാമപ്രദേശം. അതിന്റെ ആനന്ദമാധുര്യം ആ കൊച്ചുമുറിയിൽ ഇരുന്നുകൊണ്ട് ആവോളം ആസ്വദിച്ചു മാത്യു. പ്രശാന്തമായി പ്രയാണംചെയ്യുന്ന കൊച്ചരുവി. അതിന്റെ ഇരുകരകളിലും ഫലസംപുഷ്ടമായ പച്ചക്കറിത്തോട്ടങ്ങൾ. അവയുടെ പിന്നിൽ കേരളത്തിന്റെ അഭിമാനസ്തംഭങ്ങളായി തലയുയർത്തി നിൽക്കുന്ന കേരവൃക്ഷങ്ങൾ. ചെറുതെങ്കിലും ആകർഷണീയങ്ങളായ കൊച്ചു കൊച്ചു വീടുകൾ. അവയ്ക്കും പിന്നിൽ നാടിന്റെ ഹൃദയമെന്നോണം വിശാലമായി കിടക്കുന്ന പച്ചപിടിച്ചുവയലുകൾ. ചേതോഹരങ്ങളായ ആ കാഴ്ചകൾ മാത്യുവിനെ അവാച്യമായ ആനന്ദാനുഭൂതിയിൽ ലയിപ്പിച്ചു. സൃഷ്ടിയിൽക്കൂടെ സ്രഷ്ടാവിന്റെ മഹിമയെപ്പറ്റി മാത്യു ചിന്തിച്ചു. സുന്ദരങ്ങളായ ചില ചിന്താശകലങ്ങൾ സഹൃദയനായ അദ്ദേഹത്തിന്റെ മുൻപിൽ നൃത്തം വച്ചു.

കത്തോലിക്കാപ്രവർത്തകൻ. മാത്യു അതിലഭിമാനംകൊണ്ടു. എത്രയെത്ര യുവാക്കന്മാർക്കാണ് ആ ആദർശസമ്പന്നൻ ഉശിരും ഉത്സാഹവും നൽകിയിട്ടുള്ളത്. യുവതീയുവാക്കന്മാർക്കായി ഒരു സാമൂഹിക സംഘടന ആ കൊച്ചു ഗ്രാമത്തിൽ ഉയിരെടുത്തതുതന്നെ അവന്റെ ശ്രമഫലമാണ്. തണുത്തുറഞ്ഞുകിടന്നിരുന്ന വിശ്വാസചൈതന്യം എത്രപേരിൽ അവൻ വർദ്ധമാനമാക്കി. പിതാവിന്റെ മരണശേഷം കുടുംബഭാരം അവന്റെ ചുമലിൽ ആയെങ്കിലും സാമൂഹ്യപ്രവർത്തനങ്ങളിൽ നിന്നു് മാത്യു പിൻവാങ്ങിയില്ല.

അടുത്തുനടന്ന വാർഷികദിനത്തെപ്പററി അവൻ സ്മരിച്ചു. അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗം. ജനങ്ങളുടെ ഇടയിൽ അദ്ദേഹത്തിന്റെ ഓരോ വാക്കും ആഴമായി പതിഞ്ഞു. ലീലയെപ്പോലുള്ള യുവതികളുടെ വസ്ത്രധാരണരീതിയെ അദ്ദേഹം എത്ര ശക്തിയായ രീതിയിൽ അപലപിച്ചു. ലീല! അന്നാട്ടിലെ ഏക പരിഷ്കൃതയുവതി. പട്ടണത്തിൽ വിദ്യാഭ്യാസം ലഭിച്ചു ഒരു കൊച്ചു സുന്ദരി. മാത്യുവിന്റെ കളിത്തോഴി. അവളുടെ വസ്ത്രധാരണത്തെപ്പററി മാത്യു പലപ്രാവശ്യവും ഉപദേശിച്ചിട്ടുണ്ടു്. ലീല ഒഴിച്ചു മററു യുവതികളെല്ലാം ഗ്രാമത്തിന്റേതായ അകൃത്രിമസൗന്ദര്യത്തെ പ്രതിനിധാനം ചെയ്യുന്നവരാണ്. ലീല അവർക്കിടയിൽ ഒരു അപ്സരസിനെപ്പോലെ വിലസി. നിഷ്കളങ്കമായ അവളുടെ മുഖകമലം മാത്യുവിനു വിസ്മരിക്കുവാൻ കഴിഞ്ഞില്ല. എപ്പോഴും ചലിക്കുന്ന ആ ദീർഘനയനങ്ങൾ അവന്റെമുന്നിൽ പ്രകാശിക്കുന്നതായി തോന്നി. മാത്യു വളരെ അധികം സ്നേഹിക്കുന്ന അവന്റെ മറെറാരു സഹോദരി! തന്റെ ജീവിതപഥം ഇന്നതെന്നു് നേരത്തെ മാത്യു നിശ്ചയിച്ചുകഴിഞ്ഞിട്ടുള്ളതാണ്. മററു യാതൊരു പ്രലോഭനങ്ങൾക്കും അവനെ പിൻതിരിപ്പിക്കുവാൻ സാദ്ധ്യമല്ല....

പെട്ടന്നാണ് ലീലയും മാത്യുവിന്റെ കൊച്ചുസഹോദരി അമ്മിണിയും അവിടെ കടന്നുവന്നതു്. ബാല്യംമുതൽ അമ്മിണിയുടെ ജ്യേഷ്ഠത്തിയാണ് ലീല. മാത്യുവിനെ കണ്ടക്ഷണത്തിൽ ലീല പുറകോട്ടുമാറിക്കളഞ്ഞു. "ഓ! ലീലചേച്ചി ഓടാനോ? പട്ടണത്തിൽപോയി പഠിച്ചു വലിയ പരിഷ്കാരിയാണ്!" ലീലയുടെ കൈയിൽ പിടിച്ചുവലിച്ചുകൊണ്ടു് നാട്ടിലെ സ്കൂളിൽ പഠിക്കുന്ന താനാണ് ലീലയെക്കാൾ പരിഷ്കാരി എന്ന മട്ടിൽ അമ്മിണി തട്ടിവിട്ടു. "എന്താ ലീലാമ്മ ഓടുന്നതു്? നമ്മുടെ വാർഷികയോഗത്തിൽ അദ്ധ്യക്ഷന്റെ പ്രസംഗം കേട്ടുകൊണ്ടായിരിക്കാം." പുഞ്ചിരിയോടെ സ്വാഗതംചെയ്തുകൊണ്ടു് മാത്യു പറഞ്ഞു.

"എല്ലാം കേട്ടു. അതേക്കുറിച്ചു പറയണമെന്നു വിചാരിച്ചാണ് ഞാനിങ്ങോട്ടു വന്നതുതന്നെ." ലീല മറുപടിപറഞ്ഞു.

"ഈ ലീലചേച്ചിയുടെ സൂത്രം കണ്ടില്ലേ?" അമ്മിണിയുടെ കുസൃതിത്വം അടങ്ങിയിരുന്നില്ല.

"എങ്കിൽ കടന്നിരിക്കരുതോ?" മാത്യു പറഞ്ഞു. ഇതിനിടയിൽ ലീലയെ അമ്മിണി പിടിച്ചു ഒരു കട്ടിലിൽ ഇരുത്തിക്കഴിഞ്ഞു.

"അന്നത്തെ പ്രസംഗത്തെക്കുറിച്ചു് എന്താണ് ലീലാമ്മയ്ക്കു് പറയുവാനുള്ളതു്?" മാത്യു സംഭാഷണമാരംഭിച്ചു.

"പ്രസംഗത്തെക്കുറിച്ചു പറയുവനല്ല. മാത്യു എനിക്കു നൽകിയിട്ടുള്ള ഉപദേശങ്ങൾക്കു നന്ദിപറയുവാനാണ്. വസ്ത്രധാരണരീതിയെക്കുറിച്ചുള്ള പ്രൗഢമായ ആ അദ്ധ്യക്ഷപ്രസംഗം കേട്ടപ്പോഴാണ് ആ ഉപദേശങ്ങളുടെ മാഹാത്മ്യം എനിക്കു ശരിക്കു മനസ്സിലായതു്" അവൾ പറഞ്ഞു. അകൃത്രിമമായ ഒരു പുഞ്ചിരി ആ മുഖകമലത്തിൽ കളിയാടുന്നുണ്ടായിരുന്നു.

"അതിനു കൃതജ്ഞത പറയുകയല്ല, തദനുസരണം പ്രവർത്തിക്കുകയാണ് വേണ്ടതു്. ഒന്നോർത്തുനോക്കൂ; ലീലയെപ്പോലുള്ള അഭ്യസ്തവിദ്യരായ ക്രൈസ്തവയുവതികൾ, അടക്കമായി വസ്ത്രധാരണം ചെയ്യാതെ നടന്നാലുള്ള ജുഗുപ്സാവഹമായ അവസ്ഥ! ലീലാമ്മയെപ്പോലുള്ളവർ മററുള്ളവർക്കു മാതൃകയായി പെരുമാറണ്ടേ? അതാണ് ഏററവും വലിയ കൃതജ്ഞത." അല്പം ഗൗരവമായി മാത്യു പറഞ്ഞു.

"ഇനിമേലിൽ വിനയമില്ലാതെ ഞാൻ വസ്ത്രധാരണം ചെയ്യുകയില്ലാ എന്നു് പ്രതിജ്ഞ ചെയ്തിട്ടാണ് ഞാനിങ്ങോട്ടു വന്നതുതന്നെ." കാരസമ്മതത്തോടുകൂടി ലീല പ്രതിവചിച്ചു.

"നല്ല കാര്യമാണ് ചെയ്തതു്. നാം പരിഷ്കാരികളായിരിക്കണം. പക്ഷെ, മാനസികപരിഷ്കാരം ഉണ്ടെങ്കിൽ മാത്രമേ ഏതൊരുവനും സംസ്കാരമുള്ളവനെന്നഭിമാനിക്കുവാൻ കഴിയൂ." ഒരു ചിന്തകന്റെ മട്ടിൽ മാത്യു പറഞ്ഞു.

"മാത്യുവിന്റെ ഉപദേശങ്ങളാണ് എന്നിൽ ഒരു പരിവർത്തനത്തിനു് പ്രേരണനൽകിയതു്." അവൾ ഏററുപറഞ്ഞു.

"അപ്പോൾ ലീലചേച്ചി പുണ്യവാളത്തിയാകുവാൻ പോകുകയാണോ?" അതുവരെ മൗനമായിരുന്ന അമ്മിണി കടന്നുചോദിച്ചു.

"നിനക്കും, ലീലാമ്മയ്ക്കും എല്ലാം വിശുദ്ധരാകുവാൻ സാധിക്കും." ആത്മാർത്ഥതയോടെ മാത്യു പറഞ്ഞു.

ലീല മാത്യുവിനോടു യാത്രയും പറഞ്ഞിറങ്ങിയപ്പോൾ അവളുടെ മുഖത്തു് ഒരു പുഞ്ചിരി പ്രതിഫലിച്ചു.

അവൾ പോയതിനുശേഷവും ലീലയുടെ സുന്ദരരൂപം തന്റെ മുൻപിൽ നില്ക്കുന്നതായി മാത്യുവിനുതോന്നി ഏതൊരു യുവഹൃദയത്തേയും ആനന്ദപരവശമാക്കുവാൻ പര്യാപ്തമായ ലീലയുടെ പുഞ്ചിരി! സ്നേഹാർദ്രമായ കടാക്ഷം. അവയെല്ലാം ക്രിസ്തുവിനുവേണ്ടി... ...അതിനുത്തരം കണ്ടുപിടിക്കുവാൻ അവനു വളരെ ശ്രമം ചെയ്യേണ്ടിവന്നു.

ധനികരായ മാതാപിതാക്കന്മാരുടെ ഏകസന്താനമാണ് ലീല. അവരുടെ ലാളനയിൽ ആനന്ദം മാത്രം അറിഞ്ഞിരുന്ന അവളുടെ ഏകലക്ഷ്യമാണ് മാത്യു. അവന്റെ വാക്സാമർത്ഥ്യം, ആശയവൈശിഷ്ട്യം, മററു യുവാക്കന്മാരിലുള്ള സ്വാധീനശക്തി ഇവയെല്ലാം കൂടുതൽ കൂടുതലായി തന്റെ ബാല്യകാലസഖാവിനെ സ്നേഹിക്കുവാൻ അവളെ പ്രേരിപ്പിച്ചു. അവളുടെ വിചാരവീഥിയിൽ തങ്ങിനില്ക്കുന്നതു മുഴുവനും മാത്യുവാണ്. ആ ആദർശപുരുഷന്റെ സാന്നിദ്ധ്യത്തിൽ മററുള്ളവയെല്ലാം നിഷ്പ്രഭങ്ങളാണ്. മാത്യുവും ഒത്തുള്ള പ്രേമപൂർണ്ണമായ ഒരു ദാമ്പത്യജീവിതത്തെ കിനാവുകാണുകയാണ് ഇന്നു് ലീല.

* * *

## നിയമിതനായി



എറണാകുളം സ്വദേശിയും റിട്ടയേർഡ് ചീഫ്ജസ്റ്റിസ് പരേതനായ ശ്രീ വി ഡി. ഔസേപ്പു അവർകളുടെ പുത്രനുമായ ഡോക്ടർ സെബാസ്റ്റ്യൻ വെള്ളനേരിക്കാരൻ അവർകളെ ഡേറാഡ്യൂണിൽ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിററ്യൂട്ടിന്റെ ഫുഡ് പ്രിസർവേഷൻ ബ്രാഞ്ചിൽ ഉയർന്ന ഉദ്യോഗത്തിൽ നിയമിച്ചിരിക്കുന്നു.

---

മാത്യു അന്നും തന്റെ മുറിയിൽ ഏകനായിരിക്കുമ്പോഴാണ് അവൾ അവിടെ കയറിവന്നതു്. അവൻ സഹർഷം ലീലയെ സ്വാഗതം ചെയ്തു. "അമ്മിണിയെ അന്വേഷിച്ചുവന്നതാണ്" വന്നു കയറിയ ഉടൻ അവൾ പറഞ്ഞു.

"കണ്ടില്ലേ?"

"ഇല്ല."

"അപ്പുറത്തുണ്ടായിരുന്നല്ലോ."

"അമ്മിണിയെ കാണുന്നതിനു മുമ്പു് ഇങ്ങോട്ടു വരണമെന്നും തോന്നി." അല്പം ഉദാസീനത്തിൽ ലീല പറഞ്ഞു.

"ഉം, അതെന്താ?" നിർവ്വികാരമായിരുന്നു ആ അന്വേഷണം.

"എന്നെ പരീക്ഷിക്കുകയാണോ?" അവളുടെ കണ്ണുകൾ ദയനീയമായി മാത്യുവിന്റെ മുഖത്തു പതിച്ചു.

"ലീലേ"

"ഉം"

രണ്ടുപേരും അല്പസമയത്തേക്കു ഒന്നും മിണ്ടിയില്ല. അവരുടെ ഹൃദയങ്ങളിൽ വികാരങ്ങളുടെ വേലിയേററംതന്നെ നടന്നിരിക്കണം. ഒരു തെക്കൻകാററ് ആ ഘനമുള്ള അന്തരീക്ഷത്തെ അടിച്ചുമാററി.

"ഞാൻ പലപ്പോഴും ലീലയെപ്പററി ചിന്തിച്ചിട്ടുണ്ടു്." മാത്യു പറഞ്ഞു.

"ഞാനെപ്പോഴും എന്റെ മാത്യുവിനെക്കുറിച്ചാണ് ചിന്തിക്കുന്നതു്."

"ലീലേ!" വികാരഭരിതമായിരുന്നു ആ ശബ്ദം.

"ഉം."

"എന്റെ ജീവിതം ചില ഉദ്ദേശങ്ങളുടെ പൂർത്തീകരണത്തിനാണെന്നാണ് എന്റെ വിശ്വാസം." ഒരു നീണ്ട നിശബ്ദതയ്ക്കു ശേഷം മാത്യു പറഞ്ഞു. മാത്യുവിന്റെ തിളങ്ങുന്ന കണ്ണുകളിലേക്കു ലീല ഉററുനോക്കി.

"എന്റെ ജീവിതലക്ഷ്യം ഞാൻ മാത്യുവിലാണു കണ്ടെത്തിയതു്." വികാരവിവശയായിരുന്നു ലീല.

അവൻ ലീലയെ സൂക്ഷിച്ചു നോക്കി. എന്നത്തേതിലും വളരെയേറെ സൗന്ദര്യവതിയായിരിക്കുന്നു അവൾ. അവന്റെ മനസ്സിൽ ഒരു വടംവലിതന്നെ നടന്നു. ബാല്യംമുതൽ താൻ ആഗ്രഹിച്ചുപരിചരിച്ചിരുന്ന ഒരു ജീവിതത്തെ ത്യജിക്കുക! അതവനു സാദ്ധ്യമല്ല. എന്നാൽ മനോമോഹനമായ ഹൃദയാർപ്പണവുമായി ലീല അവനെ മാടിവിളിക്കുമ്പോൾ.......? ആസ്വദിക്കുവാനുള്ള ലോകത്തെ ഒരു തത്വത്തിനുവേണ്ടി ബലികഴിച്ചു് ക്ലേശഭൂയിഷ്ഠമായ ജീവിതത്തെ സ്വീകരിക്കുകയോ? മാത്യുവിന്റെ ജീവിതത്തിൽ ഉണ്ടായിട്ടുള്ളതിൽ ഏററവും വലിയ പരീക്ഷണഘട്ടമായിരുന്നു അതു്.

നിശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു് ലീല പറഞ്ഞു: "എന്താ, ഇങ്ങനെ മൗനമായിരിക്കുന്നതു്. എന്നോടു സ്നേഹമില്ലേ? ഉണ്ടെന്നെനിക്കറിയാമല്ലോ."

"ലീലേ, തീർച്ചയായും ഞാൻ നിന്നെ സ്നേഹിക്കുന്നു. പക്ഷെ...."

"എന്താണ്, പക്ഷേ?" ലീല അക്ഷമയായി ചോദിച്ചു.

"എന്റെ ജീവിതത്തെ മറെറാരാളുടെ ആഗ്രഹത്തിനനുയോജ്യമാക്കുവാൻ ഞാൻ തീരുമാനിച്ചു കഴിഞ്ഞു." മാത്യു പറഞ്ഞതിന്റെ അന്തരാർത്ഥം അവൾക്കു മനസ്സിലായില്ല. "ലീല തെററിദ്ധരിക്കരുതു്. നാം നമ്മുടെ ക്രിസ്തുനാഥന്റെ ആഗ്രഹം അനുസരിച്ചു ജീവിക്കേണ്ടവരല്ലയോ?"

"അപ്പോൾ അങ്ങു്?" ഉദ്വേഗപൂർവ്വം ലീല ചോദിച്ചു.

"അതേ സഹോദരി, ഒരു മിഷനറിവൈദികനാകുവാൻ ഞാൻ നിശ്ചയിച്ചുകഴിഞ്ഞു. അജ്ഞതയിൽ കഴിയുന്ന അനേകായിരങ്ങളെ ക്രിസ്തുവിലേക്കാനയിക്കുവാൻ. നമ്മെപ്പോലെ കഴിവും ആരോഗ്യവുമുള്ള യുവതീയുവാക്കന്മാരല്ലേ അവിടുത്തെ ദിവ്യദർശങ്ങളെ ഈ ഭാരതത്തിന്റെ ഇരുളടഞ്ഞ ഓരോ കോണിലും പരത്തേണ്ടതു്?"

അവളുടെ കണ്ണുകളിൽ രണ്ടു മുത്തുമണികൾ പ്രത്യക്ഷപ്പെട്ടു.

* * *

വസന്തകാലത്തിലെ തളിരണിഞ്ഞ ഒരു പ്രഭാതം. പക്ഷികളുടെ കളഗാനങ്ങളുടേയും കുയിലുകളുടെ കൂജനങ്ങളുടേയും എതിരേല്പോടുകൂടി പകലവൻ പൂർവ്വദേശത്തു പർവ്വതങ്ങൾക്കു മീതെ പൊങ്ങി. പഞ്ഞിക്കെട്ടുകൾപോലുയർന്ന മേഘശകലങ്ങളുടെ വിടവിൽക്കൂടി പൊൻകതിരുകൾ ഉഴന്നിറങ്ങി. അവ അംബരചുംബിയായി ഉയർന്നുനില്ക്കുന്ന ദേവാലയത്തിന്റെ താഴികക്കുടത്തിൽ പതിച്ചു അവിടമെല്ലാം ശോഭായമാനമാക്കി. ദേവാലയത്തിൽനിന്നും മണിനാദം തുടരെത്തുടരെ കേൾക്കപ്പെട്ടു. ഗായകസംഘങ്ങൾ കർണ്ണമധുരമായ ഗാനങ്ങൾ ആലപിച്ചു. ചേതോഹരമാംവിധം സജ്ജീകരിച്ചിരുന്ന പ്രധാന ബലിപീഠത്തിൽ ഒരു നവവൈദികൻ നവപൂജാർപ്പണം നടത്തി. ആ സമയം അവിടെ സന്നിഹിതരായിരുന്ന സന്യാസിനീസമൂഹത്തിൽനിന്നും രണ്ടു കണ്ണുകൾ ആനന്ദാശ്രുക്കൾ പൊഴിച്ചു അതു നവസന്യാസിനിയായ ലീലയുടേതായിരുന്നു!



(17-പേജ് തുടർച്ച)

ഡിലെ ലേഖനം. "മി. ലിയു ആവശ്യപ്പെടുന്നതു് ഏഷ്യയിലെ സകല കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തേയും ആളും പണവും നൽകി ചൈന ഊർജ്ജസ്വലമായി സഹായിക്കണമെന്നാണു്;" "ആ പ്രസ്ഥാനത്തിനു് പററിയ സമയം ഇപ്പോഴാണു്" എന്നു് അദ്ദേഹത്തിനു തോന്നുകയും ചെയ്യുന്നു. എന്നാൽ ചൈന "ആഭ്യന്തരമായി ശക്തിപ്രാപിച്ചു കഴിയുന്നതുവരെ മയമായ നയം" സ്വീകരിക്കണമെന്നാണു് മി. ചൗ ആവശ്യപ്പെടുന്നതു്. പ്രസ്തുത ലേഖനത്തിൽ ഒരിടത്തും യാതൊരു സൂചനയും കാണുന്നില്ല, ചൈനയുടെ വിപുലീകരണത്തിന്റെ തത്വത്തിനു ലിയു ആകട്ടെ ചൗ ആകട്ടെ എതിരാണെന്നു്. അവർ തമ്മിലുള്ള ഏകവ്യത്യാസം വിപുലീകരണം നടത്തേണ്ടതു് "എപ്പോഴാണു്" എന്നുള്ളതാണു്, അല്ലാതെ വിപുലീകരണം "നടത്തണമോവേണ്ടയോ" എന്നതല്ല. മാവോയുടെ നയരൂപീകരണം നടത്തുന്ന ഏററവും ഉന്നതന്മാരായ ത്രിപുരുഷന്മാരിൽ മൂന്നാമത്തെയാൾ ഗവമ്മെൻറിന്റെ വൈസ്ചെയർമാനായ മി ചു ടെഹ് ആണു്. ഇദ്ദേഹം ഒരു നേതാവെന്ന നിലയേക്കാൾ ഒരു മദ്ധ്യസ്ഥൻ എന്ന നിലയിലാണു് ഒരു പരിഗണിക്കപ്പെടുന്നതു്. പ്രസ്തുത ലേഖനത്തിലെ ഈ പ്രസ്താവങ്ങളിൽനിന്നും തെളിയുന്നില്ലയോ കമ്മ്യൂണിസ്റ്റു ചൈനയുടെ നയം കമ്മ്യൂണിസ്റ്റു റഷ്യ നടത്തിയപോലെ അയൽരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റു പാർട്ടികളായ അഞ്ചാംപത്തികളെ സഹായിച്ചും ഉപയോഗിച്ചും ആ രാജ്യങ്ങളെ പിടിച്ചടക്കുകയെന്നതാണെന്നു്?

---

വി. അന്തോനീസിന്റേയും വി കൊച്ചുത്രേസ്യായുടെയും മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും എന്റെ കുട്ടികളുടെ സുഖക്കേടു മാറിയതിനു നന്ദി. താമസിച്ചതിനു ക്ഷമാപണം.

Francis Vadaken
C/o The South Indian
Bank Ltd., ALLEPPEY

---


# സ്ഥലം മാററിട്ടില്ല

തെററിദ്ധരിച്ചു പോകരുതു്, കാളൻ'സ് സെയിൽസ് ഡിപ്പോ സ്ഥിതിചെയ്യുന്നതു് ഇപ്പോഴും ആലപ്പുഴ ബോട്ടുജെട്ടിക്കു സമീപം തന്നെയാണു്. ദുഷ്പ്രചരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ വളരെ സൂക്ഷിക്കണം.

കാളൻ സ്ഥാപനത്തിന്റെ ചങ്ങനാശ്ശേരിയിലുള്ള ഏജൻസി അരമനക്കുസമീപമുള്ള മദ്ധ്യസ്ഥൻ ബുക്കുഡിപ്പോ മാത്രമാണെന്നും, കാളൻസ്ഥാപനത്തിന്റെ പ്രൊപ്രൈററായ കെ. പി. ഔസേപ്പു് വൈദ്യൻ രോഗികളെ പരിശോധിക്കുന്നതിനുവേണ്ടി ആലപ്പുഴ, ചങ്ങനാശ്ശേരി മുതലായ യാതൊരു സ്ഥലത്തും ക്യാമ്പു് ചെയ്യാറില്ലെന്നും പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു.

സ്ഥാപനത്തിന്റെ പേരു്

"കാളൻ"

സ്ഥലപ്പേരു്

നെല്ലായി

"രോഗവിവരക്കുറി"കളും മററും അയക്കേണ്ടും വിലാസം:–കാളൻ, നെല്ലായി.

## കാളൻ സ്ഥാപനംവക 3 സിദ്ധൗഷധങ്ങൾ

## കാളൻ'സ് നിംബാസവം,
## കാളൻ'സ് ദ്രാക്ഷാഘൃതം,
## കാളൻ'സ് ശാരിബാതൈലം.

കാളൻ'സ് ഔഷധങ്ങളുടെ കഴിഞ്ഞ ഒരു വർഷത്തെ വില്പന 1,46,438ക. 8ണ. 4സ.

കാളൻ'സ് ഔഷധങ്ങളുടെ അനുഭവസിദ്ധിയെപ്പററി അനുഭവസ്ഥന്മാർ തന്നിട്ടുള്ളതും പത്രങ്ങളിലും, മാസികകളിലും മററും പ്രസിദ്ധപ്പെടുത്തി കഴിഞ്ഞിട്ടുള്ളതുമായ അനുഭവസാക്ഷ്യങ്ങളുടെ എണ്ണം 118.

കാളൻ'സ് സെയിൽസ് ഡിപ്പോകളുള്ള സ്ഥലങ്ങൾ

കോഴിക്കോട്ട്, കോയമ്പത്തൂർ, തൃശ്ശൂർ, എറണാകുളം,
ഭരണങ്ങാനം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം.

കാളൻ'സ് ഏജൻസികളുടെ എണ്ണം 115.

കാളൻ'സ് ബുള്ളററിൻ മാസത്തിൽ ഒരു തവണവീതം പ്രസിദ്ധപ്പെടുത്തിവരുന്നു.

കാളൻ'സ് ഔഷധങ്ങളേയും, നാനാവിധരോഗങ്ങളുടെ ഉത്ഭവകാരണങ്ങളേയും, പ്രതിവിധികളേയുംപററി സവിസ്തരം പ്രതിപാദിക്കുന്ന

"അറിയേണ്ടും കാര്യങ്ങൾ"

രണ്ടാംപതിപ്പു് അച്ചടിയിൽ.

N. B. അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ വളരെ സൂക്ഷിക്കണം.

വിശദവിവരങ്ങളടങ്ങിയ "കാളൻ'സ് ലഘുലേഖ"ക്കു് താഴെ കാണുന്ന വിലാസത്തിൽ എഴുതുക:

കാളൻ, നെല്ലായി.


## സംഭവകഥകൾ

### കുമ്പസാരക്കൂടും സക്രാരിയും തകർന്നില്ല

19-ാംശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ മാർക്വിസ് റിപ്പൺ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു പണ്ഡിതവരേണ്യൻ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്നു. അദ്ദേഹം മീണ്ടാരവേലക്കാരുടെ (Freemasons) അനിഷേധ്യനേതാവും കത്തോലിക്കാസഭയുടെ ബദ്ധശത്രുവുമായിരുന്നു. അക്കാലത്തു് അകത്തോലിക്കരിൽ പലരും കത്തോലിക്കാസഭയിലേക്കു് മനസാന്തരപ്പെട്ടുവന്നുണ്ടായിരുന്നു. ഈ മാനസാന്തരപ്രവാഹത്തെ തടയുന്നതിനു് കത്തോലിക്കാസഭയെ നഖശിഖാന്തം അധിക്ഷേപിക്കുന്ന ഒരു ഗ്രന്ഥം രചിക്കണമെന്നു് ഫ്രീമേസൺസ് നിശ്ചയിച്ചു. അതിനു് സർവ്വഥാ യോഗ്യനായി അവർ കണ്ടെത്തിയതു് മാർക്വിസ് റിപ്പണെത്തന്നെയാണു്. അദ്ദേഹം സസന്തോഷം ആ ചുമതല ഏറെറടുത്തു. കത്തോലിക്കാസഭയ്ക്കെതിരായി എന്തെങ്കിലും എഴുതണമെങ്കിൽ, ആദ്യമായി അതിനെപ്പററി പഠിക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചു. പത്തുമാസത്തേക്കു് കത്തോലിക്കാസഭയെപ്പററി പ്രതിപാദിക്കുന്ന വിവിധഗ്രന്ഥങ്ങൾ അദ്ദേഹം പാരായണം ചെയ്തു. ഒടുവിൽ അദ്ദേഹം ലണ്ടനിലുള്ള ഓറട്ടോറിയൻ വൈദികരെ സമീപിച്ചു് തന്നെ കത്തോലിക്കാസഭയിലേക്കു് സ്വീകരിക്കണമെന്നാവശ്യപ്പെടുകയാണുണ്ടായതു്! "ഇതെന്താണു്!" അവർ ആശ്ചര്യപ്പെട്ടു, "താങ്കൾക്കെന്തുപററി?" മാർക്വിസ് പറഞ്ഞു: "കത്തോലിക്കാസഭയാണു്— കത്തോലിക്കാസഭമാത്രമാണു്— ഈശോക്രിസ്തുവിന്റെ സഭയെന്നു് നിഷ്പക്ഷമതിയായ ഏതൊരുത്തനേയും ബോദ്ധ്യപ്പെടുത്തുന്ന മൂന്നു ലക്ഷണങ്ങൾ ഈ സഭയിൽ ഞാൻ കണ്ടെത്തി. അവയാണു് പാറയും, പാപസങ്കീർത്തനവും, സക്രാരിയും."

* * *

### "വ്യതിയാനങ്ങൾക്കതീതമായ സഭ"

കത്തോലിക്കാസഭയെക്കുറിച്ചു് ആംഗ്ലേയ സാഹിത്യകാരനായ മെക്കാളെ പ്രഭുവിന്റെ പ്രശംസാവചസ്സുകൾ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"ഇന്നു് ലോകത്തിൽ നിലവിലുള്ള എല്ലാ ഗവമ്മെൻറുകളുടേയും സഭാവിഭാഗങ്ങളുടേയും ആരംഭം കത്തോലിക്കാസഭ കണ്ടതാണു്. അവയുടെയെല്ലാം അവസാനവും സഭ കാണാതിരിക്കയില്ലെന്നു് വിചാരിക്കാൻ ന്യായമുണ്ടു്. സാക്സൺകാർ ബ്രിട്ടനിൽ കാലുകുത്തുന്നതിനു് മുൻപു തന്നെ, ഫ്രാങ്കുകാർ റൈൻനദി തരണം ചെയ്യുന്നതിനു മുമ്പുതന്നെ—അന്ത്യോക്യായിൽ ഗ്രീക്കു് വാഗ്മിത്വം അലതല്ലിക്കൊണ്ടിരുന്ന കാലത്തുതന്നെ—മെക്കായിലെ ക്ഷേത്രത്തിൽ വിഗ്രഹാരാധന നടന്നുകൊണ്ടിരുന്ന കാലത്തുതന്നെ സഭ പ്രഗത്ഭയായിരുന്നു, സർവ്വജനസംപൂജ്യയായിരുന്നു. ന്യൂസിലണ്ടിൽനിന്നു വരുന്ന ഒരു പഥികൻ ഏകാന്തമൂകമായ അന്തരീക്ഷത്തിൽ ലണ്ടൻ പാലത്തിന്റെ നഷ്ടശിഷ്ടങ്ങളുടെ മദ്ധ്യേ നിന്നുകൊണ്ടു് സെൻറ് പോൾ ദേവാലയത്തിന്റെ ജീർണ്ണാവശിഷ്ടങ്ങളുടെ പ്ലാൻ എടുക്കുന്ന കാലത്തും സഭ അതുല്യശോഭയോടെ വിരാജിക്കുക തന്നെ ചെയ്യും."

* * *

### "ഒരു നല്ലകത്തോലിക്കൻ ഒരു നല്ല പൗരൻ"

വാസ്പ് എന്ന വിമാനവാഹിനിക്കപ്പൽ സമുദ്രാന്തർഭാഗത്തിലേക്കു് താഴുന്ന വേളയിൽ അതിന്റെ കമാണ്ടർ അഞ്ചു വയസ്സുമാത്രം പ്രായമുള്ള സ്വപുത്രനെഴുതിയ കത്തിൽ അന്ത്യശാസനമായി ഇപ്രകാരം രേഖപ്പെടുത്തി:

"ജാക്കു്, നീ ഒരു നല്ലകത്തോലിക്കനായി വളർന്നു വരിക. എന്നാൽ നീ ഒരു നല്ല അമേരിക്കനുമായിരിക്കും നിശ്ചയം."

(റവ. ഫാദർ ജേക്കബ്ബ് കല്ലറയ്ക്കൽ)

—ം—

വിമർശനവീഥി

# സഹവർത്തിത്വം സാദ്ധ്യമല്ലെന്നു കമ്മ്യൂണിസ്റ്റാക്രമണം തെളിയിക്കുന്നു

കഴിഞ്ഞ ലോകമഹായുദ്ധത്തിന്റെ ആരംഭകാലം മുതൽ സോവ്യററു റഷ്യ പത്തു സ്വതന്ത്രരാജ്യങ്ങളെ ആക്രമിച്ച് അതിന്റെ സാമ്രാജ്യത്തോടു കൂട്ടിച്ചേർത്തു—സ്വതന്ത്രങ്ങളായിരുന്ന വേറെ പത്തു രാജ്യങ്ങളെ സോവ്യററുറഷ്യ തന്റെ ഉപഗ്രഹങ്ങളാക്കിത്തീർത്തു. അങ്ങനെ 260,193 ച. മൈൽ ഭൂമിയേയും അവയിലെ 24,406,000 ജനങ്ങളേയും റഷ്യയിലേക്കു കൂട്ടിച്ചേർക്കുകയും, 4,740,452 ച. മൈൽ ഭൂമിയേയും അവയിലെ 550 477,000 ജനങ്ങളേയും തന്റെ അധീനത്തിൽ പെടുത്തുകയും ചെയ്തിരിക്കുന്നു.

കമ്മ്യൂണിസ്റ്റു ചൈനയും ആ രാജ്യത്തെ പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള ആക്രമണത്താൽ വിപുലീകരിക്കുവാൻ ശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ടിബററ് അധീനതയിലാക്കിയതും, കൊറിയൻ യുദ്ധത്തിൽ കമ്മ്യൂണിസ്റ്റു ഭാഗത്തു പങ്കെടുത്തതും, വിയററ്നാമിന്റെ വടക്കുഭാഗം കമ്മ്യൂണിസ്റ്റ് ഗവർമ്മെന്റിനു വിധേയമാക്കിക്കൊടുത്തതും ഇതിനുദാഹരണങ്ങളാണ്.

കമ്മ്യൂണിസം ഒരു ലോകവ്യാപകപ്രസ്ഥാനമാണ്. അതിന്റെ തത്വശാസ്ത്രത്തെയോ കർമ്മപദ്ധതികളെയോ ശാശ്വതമായി മാററുവാൻ ഒരു സ്റ്റാലിനെക്കൊണ്ടോ മെലങ്കോവിനെക്കൊണ്ടോ മാവോസെതുങ്ങിനെക്കൊണ്ടോ ചൗ എൻലായിയെക്കൊണ്ടോ സാദ്ധ്യമല്ല. കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതി ലോകമാകെ പരത്തണമെന്നും, കൊല്ലും കൊലയും കൊണ്ടാണ് അതു കൈവരുത്തേണ്ടതെന്നും, എന്നാലേ അതു നിലനില്ക്കുകയുള്ളു എന്നും മററും അടിസ്ഥാനതത്വങ്ങളായി സ്വീകരിച്ചിട്ടുള്ള പ്രസ്ഥാനമാണ് കമ്മ്യൂണിസമെന്നു കഴിഞ്ഞകാലത്തിൽ ജീവിച്ചിരുന്ന[?] കമ്മ്യൂണിസ്റ്റ് ആചാര്യന്മാരുടെ സാക്ഷ്യങ്ങൾ വ്യക്തമാക്കുന്നുണ്ടല്ലോ. കമ്മ്യൂണിസത്തിന്റെ പ്രായോഗികമായ നടപടികളും അതനുസരിച്ചുള്ളതാണെന്നു, കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷം തങ്ങൾക്കു കൈവന്ന സ്വാധീനശക്തിയുപയോഗിച്ച് കമ്മ്യൂണിസ്റ്റ് റഷ്യ നടത്തിയ ആക്രമണങ്ങൾ പ്രസ്പഷ്ടമാക്കുന്നുണ്ട്.

## റഷ്യ ആക്രമിച്ചു പിടിച്ചടക്കിയ രാജ്യങ്ങൾ

തെക്കുകിഴക്കൻ യൂറോപ്പിൽ പല ചെറിയരാജ്യങ്ങളും കമ്മ്യൂണിസത്തിന്റെ വലയത്തിൻവെളിയിൽ സ്വതന്ത്രങ്ങളായി കഴിഞ്ഞ യുദ്ധത്തിനുമുൻപു ജീവിച്ചിരുന്നു. യുദ്ധത്തിന്റെ അവസാനത്തിൽ സഖ്യകക്ഷികൾ ഹിററ്ലറുടെ കീഴിലമർന്ന രാജ്യങ്ങൾ പിടിച്ചടക്കുവാൻ യൂറോപ്പിലെത്തിയപ്പോൾ തെക്കുകിഴക്കേ ഭാഗങ്ങളിൽ പ്രവേശിക്കുവാനും സൈന്യസന്നാഹങ്ങൾ കൂട്ടുവാനും സോവ്യററ് റഷ്യക്കാണ് സൗകര്യങ്ങൾ നൽകിയതു്. ആതരം കമ്മ്യൂണിസത്തെ ആ രാജ്യങ്ങളിൽ അടിയുറപ്പിക്കുവാനും അവിടങ്ങളിൽ കമ്മ്യൂണിസ്റ്റ് ഭരണം ഏർപ്പെടുത്തുവാനും ആ രാജ്യങ്ങളെ പിടിച്ചടക്കി ഉപഗ്രഹങ്ങളാക്കുവാനും സാമർത്ഥ്യത്തോടും വഞ്ചനയോടുംകൂടി വിനിയോഗിച്ചു. അങ്ങനെ പിടിച്ചടക്കിയ രാജ്യങ്ങളുടെ പേരും വിസ്തീർണ്ണവും അവിടങ്ങളിലെ ജനസംഖ്യയും താഴെ കാണുന്ന പട്ടികയിൽ നിന്നു ഒരു നോട്ടത്തിൽ മനസ്സിലാക്കാൻ സാധിക്കും.

## കമ്മ്യൂണിസ്റ്റ് ചേരിയെ വിശ്വസിച്ചുകൂടാ

കമ്മ്യൂണിസ്റ്റ് ചേരിയുടെ നേതൃത്വം വഹിക്കുന്ന റഷ്യയും ഉപനേതൃത്വം വഹിക്കുന്ന ചൈനയും അവരുടെ രാജ്യങ്ങളിലും ജനതകളിലും ഒതുങ്ങിക്കഴിയുമോ, അതോ അയൽരാജ്യങ്ങളിലുംഅന്യരാജ്യങ്ങളിലും പ്രവേശിച്ച് കമ്മ്യൂണിസ്റ്റ് ആധിപത്യം അവിടങ്ങളിൽ സ്ഥാപിക്കുമോ എന്നതാണ് ഇന്നത്തെ ഏററവും വലിയ ലോകപ്രശ്നമായിത്തീർന്നിരിക്കുന്നതു്. ചില രാഷ്ട്രങ്ങൾ, ഉദാഹരണമായി നമ്മുടെ ഇൻഡ്യ പറയുന്നു, റഷ്യയും ചൈനയും അവരവരുടെ രാജ്യങ്ങളിൽ ഒതുങ്ങിനിന്നുകൊള്ളും, അന്യരാജ്യങ്ങൾക്കു അവർ ശല്യകാരണമായിത്തീരുകയില്ല, എന്നു്. പക്ഷെ കഴിഞ്ഞമാസത്തിൽ ഡൽഹിയിലെത്തിയിരുന്ന സിലോൺ ഡലഗേഷനിലെ ഒരംഗവും സിലോൺ പാർലമെന്റിലെ പ്രതിപക്ഷനേതാവുമായ മിസ്റ്റർ ഭണ്ഡാരനായക് കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളുമായുള്ള സഹവർത്തിത്വത്തെപ്പററി ഡൽഹിയിൽവച്ചു ചെയ്ത പ്രസംഗത്തിൽ ഉന്നയിച്ച അഭിപ്രായം, സഹവർത്തിത്വമുണ്ടായാൽനന്നെന്നു താൻ വിചാരിക്കുന്നുണ്ടെങ്കിലും "കമ്മ്യൂണിസ്റ്റ്കാർ ശാന്തമായിരിക്കുമെന്നോ അവർ ആക്രമണത്തിനു ഒരുമ്പെടുകയില്ലെന്നോ ഉള്ളതിനെ അടിസ്ഥാനപ്പെടുത്തി സഹവർത്തിത്വത്തിനുള്ള സാദ്ധ്യതയിൽ അതിരുകവിഞ്ഞു വിശ്വസിക്കണമെന്നു" താൻ പറകയില്ലാ എന്നായിരുന്നു. ചൈനീസ് പ്രധാനമന്ത്രി മി. ചൗ എൻലായി ജനീവാ കോൺഫറൻസ് കഴിഞ്ഞു മടങ്ങുന്ന വഴി ഇൻഡ്യയും ബർമ്മയും സന്ദർശിച്ച അവസരത്തിൽ, അയൽരാജ്യങ്ങളേയോ അന്യരാജ്യങ്ങളേയോ തങ്ങൾ ആക്രമിക്കുകയില്ലെന്നു അദ്ദേഹം നെഹ്റുവിനോടും ബർമ്മാ പ്രധാനമന്ത്രിയോടും കരാർചെയ്തു എന്നതു വാസ്തവം തന്നെ. അതിനു പുറമെ ടിബററിനെ സംബന്ധിച്ച് ചൈനയും ഇൻഡ്യയും തമ്മിൽ നടന്ന ഉടമ്പടിയിൽ ഇപ്രകാരമുള്ള വ്യവസ്ഥകളും ചേർത്തിട്ടുണ്ട്. ചൗ എൻ ലായിയുടെ ഈ മനോഭാവത്തിലും കരാറിലും നമ്മുടെ പ്രധാനമന്ത്രിക്കു പരമാർത്ഥമായ വിശ്വാസമാണുള്ളതു്. പക്ഷെ അത്രയും വിശ്വസിക്കാത്ത പലരും ഇൻഡ്യയിൽതന്നെ ഉണ്ടു്. സിലോൺ നേതാവായ മി. ഭണ്ഡാരനായകിന്റെ അഭിപ്രായം മുകളിൽ ഉദ്ധരിച്ചല്ലോ.

---

### കൃതജ്ഞത

വി ഫിലോമിനയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

P. P. K.

---

## നെഹ്റുതന്നെയും ഉറപ്പുപറയുന്നില്ല

നെഹ്റു ഈയിടെ ചൈനയും മററും സന്ദർശിച്ചുമടങ്ങുകയുണ്ടായല്ലോ. തന്റെ ഈ സന്ദർശനങ്ങൾ ലോകസമാധാനത്തിനു, പ്രത്യേകിച്ചും തെക്കുകിഴക്കൻ ഏഷ്യയിലെ സമാധാനത്തിനു സഹായകമായിരിക്കണമെന്ന ഉദ്ദേശം അദ്ദേഹത്തിനുണ്ടായിരുന്നു. സമാധാനകാംക്ഷയുള്ള ലോകക്കു മുഴുവനും അതേ പ്രതീക്ഷയും ആഗ്രഹവുമുണ്ടായിരുന്നു. ദേശീയചൈനാക്കെതിരായി ആക്രമണപ്രസ്ഥാനങ്ങൾ നടത്തുന്നതിൽനിന്നും, തെയ്ലൻറു മുതലായ തെക്കുകിഴക്കൻ ഏഷ്യൻരാജ്യങ്ങളെ തങ്ങളുടെ ആധിപത്യത്തിന്റേയോ സ്വാധീനത്തിന്റേയോ വലയത്തിൽ വരുത്തണമെന്നുള്ള ഉന്നംവച്ചു ആ രാജ്യങ്ങളുടെ കാര്യങ്ങളിൽ ഇടപെടുന്നതിൽനിന്നും കമ്മ്യൂണിസ്റ്റ് ചൈനയെ പിന്തിരിപ്പിക്കുവാൻ നെഹ്റുവിന്റെ സന്ദർശനം പ്രയോജനപ്പെടുമെന്നുള്ള പ്രതീക്ഷകളും ആഗ്രഹങ്ങളും സഫലമായോ? "ഇല്ല" എന്നാണു നിർഭാഗ്യവശാൽ ഉത്തരം നൽകേണ്ടതായിരിക്കുന്നതു്.

കമ്മ്യൂണിസ്റ്റ് ചൈനായിലെ നേതാക്കന്മാരുമായുള്ള സംഭാഷണങ്ങൾ ഉപസംഹരിച്ചുശേഷം പെക്കിങ്ങിൽ നെഹ്റു നടത്തിയ പ്രസ്കോൺഫറൻസിൽ ഒരു പത്രലേഖകൻ ചോദിച്ചു, ഫോർമോസായുടെ കാര്യത്തിൽ എന്തെങ്കിലും ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചോ എന്നു്. നെഹ്റുവിന്റെ മറുപടി, ഫോർമോസായുടെ കാര്യത്തിൽ ഇപ്പോഴെന്തെങ്കിലും ചെയ്യാൻ ഇൻഡ്യക്കു സന്ദർഭമൊന്നും ഇല്ലെന്നായിരുന്നു. ഇതിന്റെ അർത്ഥം, നെഹ്റുവിന്റെ ചൈനാ സന്ദർശനത്തെപ്പററിയുള്ള സമാധാനകാംക്ഷികളായ ലോകരുടെ പ്രതീക്ഷയും ആഗ്രഹവും ഫോർമോസായെ സംബന്ധിച്ചിടത്തോളം വിജയകരമായില്ല എന്നാണല്ലോ. സെയ്ഗോണിൽവച്ചു മി. നെഹ്റു പറഞ്ഞു, തെയ്ലൻറു ഗവർമ്മെൻറുകളുടെ കാര്യത്തിലും മററും കമ്മ്യൂണിസ്റ്റ്കാർ ഇടപെടുന്നതിനു തങ്ങൾ വളരെ എതിരാണെന്നു ചൈനാക്കാർ തന്നോടുറപ്പുപറഞ്ഞിട്ടുണ്ടെന്നു്. എന്നുവരികിലും അദ്ദേഹം തുടർന്നു പറഞ്ഞതു് "എന്നാൽ ഭാവിയെപ്പററി ആർക്കും ഉറപ്പുപറയുവാൻ സാദ്ധ്യമല്ല—അതുസ്പഷ്ടമാണല്ലോ" എന്നാണു്. ഈ പ്രസ്താവം തീർച്ചയായും ചൈനയുടെ ഉറപ്പുപറയലിൽ നെഹ്റുവിനുള്ള ആശങ്കകളുടെ അളവാണു[?]. കമ്മ്യൂണിസ്റ്റ് ചൈന ഒരു തീപിടുത്തത്തിലേക്കു ആനയിക്കുന്ന യാതൊന്നും ചെയ്യുകയില്ലെന്നു ഖണ്ഡിതവും അഭേദ്യവുമായ ഉറപ്പു് അവരിൽനിന്നു വാങ്ങുവാൻ നെഹ്റുവിനു സാധിക്കാഞ്ഞതിനാൽ സമാധാനകാംക്ഷികളായ ലോകർ പ്രതീക്ഷിച്ചതും ആഗ്രഹിച്ചതുമായ ഫലങ്ങൾ നെഹ്റുവിന്റെ ചൈനാ സന്ദർശനത്തിനു ഉണ്ടായില്ലതന്നെ.

## കമ്മ്യൂണിസ്റ്റു ചൈനയുടെ ആക്രമണനടപടി

മുതലാളിത്ത രാജ്യങ്ങളെ നശിപ്പിക്കണമെന്നുദ്ഘോഷിച്ചുകൊണ്ടു[?] കമ്മ്യൂണിസത്തിനു വിധേയമാകാത്ത പ്രജായത്തപരങ്ങളായ സ്വതന്ത്രരാഷ്ട്രങ്ങളെ ബലംപ്രയോഗിച്ചു പിടിച്ചടക്കണമെന്നുള്ള സിദ്ധാന്തം കമ്മ്യൂണിസത്തിന്റെ അഭേദ്യഘടകമായതുകൊണ്ടു കമ്മ്യൂണിസ്റ്റു വ്യവസ്ഥിതി സ്വീകരിച്ചിരിക്കുന്ന ചൈനയും ആ സിദ്ധാന്തത്തിൽ വിശ്വസിക്കുന്നുണ്ടെന്നു് ന്യായമായി വിചാരിക്കണം. പ്രസ്തുത സിദ്ധാന്തമനുസരിച്ചു് കമ്മ്യൂണിസ്റ്റു റഷ്യ നടത്തിയ ആക്രമണങ്ങളെപ്പോലെതന്നെ കമ്മ്യൂണിസ്റ്റു ചൈനയും നടത്തിയിട്ടുണ്ടോ എന്നു ചോദിച്ചാൽ ഉണ്ടു് എന്നുതന്നെ ഉത്തരം പറയേണ്ടിയിരിക്കുന്നു. ഒരു സ്വതന്ത്രരാഷ്ട്രമായി കഴിഞ്ഞുകൂടിയിരുന്ന ടിബററിൽ തങ്ങളുടെ മേൽക്കോയ്മയുടെ പേരുംപറഞ്ഞു കമ്മ്യൂണിസ്റ്റു ചൈന സൈന്യങ്ങളെ അയക്കുകയും വലിയ ഒച്ചപ്പാടുകൂടാതെ ആ രാജ്യം തങ്ങളുടെ അധീനതയിൽ വരുത്തുകയും ചെയ്തു. ദക്ഷിണകൊറിയായെ റഷ്യയുടെ പിടിയിലുള്ള ഉത്തരകൊറിയായിലെ കമ്മ്യൂണിസ്റ്റുകാർ ആക്രമിച്ചതിനെ സർവ്വരാജ്യസംഘടന അമേരിക്കയുടെ നേതൃത്വത്തിൽ ചെറുത്തു് ഉത്തരകൊറിയായെ തോല്പിക്കുമെന്ന ഘട്ടം വന്നപ്പോൾ കമ്മ്യൂണിസ്റ്റു ചൈന തങ്ങളുടെ പട്ടാളങ്ങളെ വോളൻറിയർമാരാണെന്നുള്ള മൂടുപടം ധരിപ്പിച്ചു യുദ്ധരംഗത്തേക്കയക്കുകയും അങ്ങനെ ദക്ഷിണകൊറിയായുടെ അവകാശസംരക്ഷണത്തിനെതിരായി ഇടപെടുകയും ചെയ്തില്ലേ? ഇൻഡോചൈനായിലെ വിയററ്മിൻ സംസ്ഥാനത്തു് കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകൾ നടത്തിക്കൊണ്ടിരുന്ന ശല്യങ്ങൾക്കും സമരങ്ങൾക്കും പ്രേരണയും ഉത്തേജനവും സഹായവും കമ്മ്യൂണിസ്റ്റു ചൈന നൽകിക്കൊണ്ടിരിക്കുകയും, ഒടുവിൽ ഗത്യന്തരമില്ലാതെ കമ്മ്യൂണിസ്റ്റു ചൈനയുടെ ഹിതമനുസരിച്ചു് ആ സംസ്ഥാനം വിഭജിച്ചു വടക്കേഭാഗം കമ്മ്യൂണിസ്റ്റു ഭരണത്തിനു വിട്ടുകൊടുക്കാൻ ഇടവരികയും ചെയ്തില്ലേ? ഇതെല്ലാം കമ്മ്യൂണിസ്റ്റു ചൈന നാലഞ്ചുകൊല്ലങ്ങൾക്കുള്ളിൽ നടത്തിയ വിദേശാക്രമണങ്ങൾതന്നെയാണെന്നുള്ളതിനു വല്ല സംശയവുമുണ്ടോ? തക്കസമയം ആഗതമായെന്നു ബോദ്ധ്യംവരുമ്പോൾ അയൽരാജ്യങ്ങളെ പ്രത്യക്ഷമോ പരോക്ഷമോ ആയ ആക്രമണങ്ങളാൽ പിടിച്ചടക്കി തങ്ങളുടെ സാമ്രാജ്യം ക്രമേണ വിപുലമാക്കുവാനാണു് കമ്മ്യൂണിസ്റ്റു ചൈനായിലെ നേതാക്കന്മാരുടെ ഉദ്ദേശമെന്നു് അവരെ അടുത്തറിഞ്ഞിട്ടുള്ളവർ പറയുന്നതു് വിശ്വസിക്കുവാനാണു ന്യായം കാണുന്നതു്. "ഹോംകോങ്ങ് സ്റ്റാൻഡേർഡ്" എന്ന പത്രത്തിൽ ഈ നവമ്പർ 18-ാംനു പ്രസിദ്ധീകരിക്കപ്പെട്ട ഒരു ലേഖനത്തിലെ ഉള്ളടക്കം ഈ പ്രകൃതത്തിൽ ശ്രദ്ധേയമാണു്.

## കമ്മ്യൂണിസ്റ്റു ചൈനയുടെ സാമ്രാജ്യവിപുലീകരണ മോഹം

ചൈനയിലെ പ്രധാനമന്ത്രിയാണല്ലോ ചൗ എൻ ലായി. ലിയുഷാവോചി അവിടത്തെ കമ്മ്യൂണിസ്റ്റു പാർട്ടി സെൻട്രൽ കമ്മിററിയുടെ സെക്രട്ടറിയാണു്. ഇവർ രണ്ടുപേരും ചൈനാരാഷ്ട്രത്തിന്റെ തലവനായ മാവോസേതുങ്ങിന്റെ നയരൂപീകരണം നടത്തുന്ന ഏററവും ഉന്നതന്മാരായ ത്രിപുരുഷന്മാരിൽ രണ്ടുപേരാണു്. ഇവർ തമ്മിൽ ചൈനയുടെ വിപുലീകരണപരിപാടിയെ സംബന്ധിച്ചു് എന്തിലാണു യോജിപ്പു്, എന്തിലാണു് വിയോജിപ്പു് എന്ന സംഗതി സംബന്ധിച്ചാണു് ഹോംകോങ്ങ് സ്റ്റാൻഡേർ

(ശേഷം 16-ാംപേജിൽ)

| റഷ്യയോടു കൂട്ടിച്ചേർക്കപ്പെട്ട സ്വതന്ത്രരാജ്യങ്ങൾ | വിസ്തീർണ്ണം ച.മൈൽ | കൂട്ടിച്ചേർത്തകാലത്തെ ജനസംഖ്യ |
|---|---|---|
| 1.രുമേനിയൻസംസ്ഥാനങ്ങൾ | 19,087 | 3,700,000 |
| 2.എസ്റേറാനിയ | 18,029 | 1,122,000 |
| 3.ലററ്വ്യാ | 25,019 | 1,951,000 |
| 4.ലിത്വേനിയാ | 21,178 | 2,957,000 |
| 5.വടക്കുകിഴക്കൻപ്രഷ്യാ | 5,323 | 1,187,000 |
| 6.കിഴക്കേചെക്കോസ്ലോവാക്യാ | 4,829 | 731,000 |
| 7.കിഴക്കെപോളൻറു് | 68,821 | 11,800,000 |
| 8.ഫിന്നിഷ്സംസ്ഥാനങ്ങൾ | 17,338 | 450,000 |
| 9.ടാൺട്യുവാ | 63,041 | 65,000 |
| 10.ജപ്പാന്റെകൈവശപ്രദേശങ്ങൾ | 17,528 | 443,000 |
| ആകെ | 260,193 | 24,406,000 |

റഷ്യയുടെ ആധീനത്തിൽപെട്ട ഉപഗ്രഹങ്ങളായി വർത്തിക്കുന്നവ

| രാജ്യങ്ങൾ | വിസ്തീർണ്ണം ച മൈൽ | അധീനത്തിൽ വന്നകാലത്തെ ജനസംഖ്യ |
|---|---|---|
| 1. അൽബേനിയ | 10,909 | 1,186,000 |
| 2. ബൾഗേറിയ | 42,167 | 7,160,000 |
| 3. ചെക്കോസ്ലോവക്യാ(കൂട്ടിച്ചേർത്തതിനുംപുറമേകിടക്കുന്നതു്) | 48,555 | 12,493,000 |
| 4. കിഴക്കെജർമ്മനി | 42,243 | 18,807,000 |
| 5. ഹംഗറി | 35,361 | 9,224,000 |
| 6. പോളൻറു് (കൂട്ടിച്ചേർത്തതിനും പുറമെ കിടക്കുന്നതു്) | 118,555 | 24,500,000 |
| 7. രുമേനിയ(കൂട്ടിച്ചേർത്തതിനും പുറമെകിടക്കുന്നതു്) | 90,190 | 16,007,000 |
| 8. ചൈനാ | 3,688,327 | 450,000,000 |
| 9. ഔട്ടർമംഗോളിയ | 616,388 | 2,000,000 |
| 10 ഉത്തരകൊറിയ | 47,757 | 9,100,000 |
| ആകെ | 4,740,452 | 550,477,000 |


തൈക്കാട്ടു് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം

എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്

Reg. M. No. 2293

# Sathya Deepam

Vol. 28 | Ernakulam, December 8, 1954 | No. 16

"ഇന്നത്തെ ബാലൻ
നാളത്തെ പൗരൻ"



# ബാലരംഗം

## ബാലരംഗത്തെക്കുറിച്ച് ഒരു വാക്ക്

നമ്മുടെ അമ്മയായ മറിയത്തിൻെറ ജൂബിലിആഘോഷങ്ങളെ അവസരമാക്കി പുറപ്പെടുത്തുന്ന ഈ വിശേഷാൽപതിപ്പിൽ, ആ സ്വർഗ്ഗരാജ്ഞിയുടെ കുഞ്ഞുമക്കൾക്കും ഒരു പ്രത്യേക സ്ഥാനം നൽകുന്നതിനാണ് സത്യദീപം ഈ ശുഭാവസരത്തിൽ ഒരു "ബാലരംഗം" ഉറക്കുന്നത്. മരിയഭക്തരായ കുഞ്ഞുമക്കളെല്ലാം ഈ പ്രസ്ഥാനത്തെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുമെന്നു ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു.

കുട്ടികൾക്കു രസകരമായ ചെറുകഥകൾ, അവർക്ക് അറിവു നൽകുന്ന ചെറുലേഖനങ്ങൾ, അവരുടെ ജിജ്ഞാസയെ തട്ടി ഉണർത്തുന്ന പ്രശ്നങ്ങൾ, അവരെ "കുടുകുടെ" ചിരിപ്പിക്കുന്ന ഫലിതങ്ങൾ, അവർക്ക് മാതൃകയും ഉത്തേജനവും നൽകുന്ന ജീവചരിത്രങ്ങൾ നല്ലപാഠങ്ങൾ, തമാശയായിട്ടുള്ള വിനോദചിത്രങ്ങൾ ഇവയെല്ലാം ബാലരംഗത്തിൽ സൗകര്യംപോലെ ഉൾക്കൊള്ളിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതിനുവേണ്ട എല്ലാ സഹായസഹകരണങ്ങളും കുട്ടികളുടെ മനഃശാസ്ത്രം മനസ്സിലാക്കിയിട്ടുള്ള കലാകാരന്മാരായ എഴുത്തുകാരും ചിത്രകാരന്മാരും ഞങ്ങൾക്കു ചെയ്തുതരണമെന്നു സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തികളേ, നിങ്ങൾക്കെല്ലാവർക്കും സ്വർഗ്ഗീയ അമ്മയുടെ അമലോത്ഭവത്തിരുനാളായ ഈ ശുഭദിനത്തിൻെറ മംഗളങ്ങൾ.

ബാലരംഗം പത്രാധിപർ.




പ്രശ്നം നമ്പർ 1.

### ആർക്കു പറയാം?

"8 എന്നുള്ള അക്കം 8 പ്രാവശ്യം എഴുതണം. ആകെത്തുക 1000 കിട്ടണം. (ശരിയായ ഉത്തരം 12-ാം തീയതിക്കകം ആപ്പീസിൽ കിട്ടത്തക്കവണ്ണം അയച്ചുതരുന്ന കുട്ടികളുടെ പേരും, ശരിയായ ഉത്തരവും അടുത്ത പത്രത്തിൽ പരസ്യപ്പെടുത്തും. ഉത്തരത്തോടുകൂടി പേരും വീട്ടുപേരും സ്ഥലവും വയസ്സും കാണിച്ചിരിക്കണം. പത്രാധിപർ)



മാർപ്പാപ്പാ കുട്ടികളോടു വാത്സല്യപൂർവ്വം സംഭാഷണം നടത്തുന്നു



മരിയഭക്തനായ ഒരു ബാലൻ മാതൃസന്നിധിയിൽ പ്രാർത്ഥിക്കുന്നു
(കര്യാക്കോസ് പുത്തരിക്കൽ എറണാകുളം)

"മറിയം വഴി ഈശോയിലേക്കു"
മരിയ സഖ്യത്തിൻെറ മുദ്രാവാക്യം

## വിനോദവീഥി



"അപ്പച്ചാ, ബേബിയുടെ തലവെച്ചുകെട്ടുന്നതിനു തരാൻ പറഞ്ഞു!"

"അപ്പച്ചാ, ഇതെൻെറ വണ്ടിയുടെ വട്ടാണ്. ഇതു ഞാൻ കൊടുക്കില്ല."



"നീയെന്തും പബ്ലിക്ക് റോഡിലിറങ്ങിനിന്നു പല്ലുതേക്കുന്നതെന്തിനാണ്? വീട്ടിൽ വേറെ സ്ഥലമില്ലേ?"

"ഞാനെന്നും പല്ലുതേക്കുന്ന കുട്ടിയാണെന്നു ഞങ്ങളുടെ മാഷ്ക്കു അറിയാനാണമ്മെ അദ്ദേഹം പള്ളിപോകുന്നതിവഴിക്കാ."